32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്

KERALA EXPRESS

NOT OUR MERIT BUT HIS GRACE · KERALA EXPRESS


Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com


December 20, 2024 | Vol. XXXII No. 51 | Periodicals Postage Paid





## തബല മാന്ത്രികൻ ഉസ്താദ് സാക്കിർ ഹുസൈൻ അന്തരിച്ചു



ന്യൂഡൽഹി: തബല മാന്ത്രികൻ ഉസ്താദ് സാക്കിർ ഹുസൈൻ (73) അന്തരിച്ചു. ഹൃദയസംബന്ധമായ അസുഖങ്ങളെത്തുടർന്ന് അമേരിക്കയിലെ സാൻഫ്രാൻസിസ്കോയിൽ ആശുപത്രിയിലായിരുന്നു അന്ത്യം. തലബയിലൂടെ ആഗോളതലത്തിൽ ആരാധകരെ സൃഷ്ടിച്ച സാക്കിർ ഹുസൈൻ ഏറെ നാളായി സാൻഫ്രാൻസിസ്കോയിലാണു കഴിഞ്ഞിരുന്നത്. തബലയിൽ വിസ്മയം തീർത്ത വിഖ്യാത സംഗീതജ്ഞനും പിതാവുമായ ഉസ്താദ് അല്ലാ രഖായായിരുന്നു സാക്കിർ ഹുസൈനെ സംഗീതലോകത്തേക്കു കൈപിടിച്ചുയർത്തിയത്. അനുപമമായ ശൈലിയിലൂടെ ലോകമെമ്പാടും ആരാധകരെ നേടിയെടുത്ത സാക്കിർ ഹുസൈൻ പന്ത്രണ്ടാം വയസിൽ കച്ചേരികൾ അവതരിപ്പിച്ചുതുടങ്ങി. ആറു ദശകം പിന്നിട്ട സംഗീതജീവിതത്തിൽ ആറ് ഗ്രാമി പുരസ്കാരങ്ങൾ ഉൾപ്പെടെ ഒട്ടേറെ നേട്ടങ്ങൾ സാക്കിർ ഹുസൈൻ സ്വന്തമാക്കിയിട്ടുണ്ട്. പദ്മശ്രീ, പദ്മഭൂഷൺ, പദ്മവിഭൂഷൺ ബഹുമതികൾ നല്കി ഇന്ത്യ ഇദ്ദേഹത്തെ ആദരിച്ചു. ഇന്ത്യയിലെയും വിദേശത്തെയും ഒട്ടേറെ സംഗീതജ്ഞർക്കൊപ്പം സാക്കിർ ഹുസൈൻ സഹകരിച്ചിട്ടുണ്ട്. 1951 മാർച്ച് ഒമ്പതിന് മുംബൈയിലാണു സാക്കിർ ഹുസൈൻ ജനിച്ചത്. ഷാജി എൻ. കരുൺ സംവിധാനം ചെയ്ത മോഹൻലാൽ ചിത്രം വാനപ്രസ്ഥത്തിനു സംഗീതം നല്കി. 1996-ലെ അറ്റ്ലാന്റ ഒളിംപിക്സിന്റെ ഉദ്ഘാടനച്ചടങ്ങിനു സംഗീതം ചിട്ടപ്പെടുത്തി. കഥക് നർത്തകിയും അധ്യാപികയുമായ അന്റോണിയ മിന്നെകോലയാണു ഭാര്യ. അനീസ ഖുറേഷി, ഇസബെല്ല ഖുറേഷി എന്നിവർ മക്കളാണ്.


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


ARACKAL
VACATION HOME
UZHAVOOR, KOTTAYAM, KERALA
5 BEDROOMS (3 BR A/C), 6 BATHROOMS
LIVING, DINING & KITCHEN
READY TO OCCUPY FOR WEEKLY OR MONTHLY RENT
UZHAVOOR CHURCH & PARTY HALL NEARBY
FOR BOOKING:
USA: RAJU ARACKAL
@ 404 567 9189
INDIA: JOBIN MATHEW
@ 9961605244
EMAIL: JOBIONMATHEW@YAHOO.COM


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com

32nd Year of Service 2024

Price $1.00

കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 പാർലമെന്റിൽ മോദിയും രാഹുലും നേർക്കുനേർ

8 താക്കീതുമായി സുപ്രീംകോടതി

11 ഗുകേഷ് പ്രായം കുറഞ്ഞ ചെസ് ചാമ്പ്യൻ

15 ആർപ്കോയുടെ ഫാമിലി നൈറ്റ് വിജയകരമായി

19 ഫൊക്കാന ടെക്സാസ് റീജിയൻ ഉദ്ഘാടനം

## വിദ്യാർഥി രാഷ്ട്രീയം നിരോധിക്കേണ്ടെന്ന് ഹൈക്കോടതി

കൊച്ചി: കോളജുകളിലെ വിദ്യാർത്ഥിരാഷ്ട്രീയം നിരോധിക്കേണ്ടതില്ലെന്നും അതുമായി ബന്ധപ്പെട്ട മോശം പ്രവണതകൾക്കാണു തടയിടേണ്ടതെന്നും ഹൈക്കോടതി. കോളജുകളിലെ വിദ്യാർഥി രാഷ്ട്രീയം നിരോധിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജികൾ പരിഗണിക്കവെയാണ് ജസ്റ്റിസുമാരായ എ. മുഹമ്മദ് മുഷ്താഖ്, പി. കൃഷ്ണകുമാർ എന്നിവരുടെ ബെഞ്ച് ഇക്കാര്യം വാക്കാൽ അഭിപ്രായപ്പെട്ടത്.




“വിദ്യാർഥിരാഷ്ട്രീയം നിരോധിക്കേണ്ടതില്ല. അതിന്റെ പേരിലുള്ള രാഷ്ട്രീയക്കളികളാണ് നിരോധിക്കേണ്ടത്. രാഷ്ട്രീയത്തിന്റെ പേരിൽ അധ്യാപകരും വിദ്യാർത്ഥികളും പരസ്പരം മുറിവേൽപ്പിക്കുന്നതും സമരങ്ങളിലൂടെ ക്ലാസുകൾ തടസ്സപ്പെടുത്തുന്നതുമാണ് നിരോധിക്കേണ്ടത്”– കോടതി അഭിപ്രായപ്പെട്ടു.

വിദ്യാർഥികൾ രാഷ്ട്രീയത്തെക്കുറിച്ചു നന്നായി അറിഞ്ഞിരിക്കേണ്ടതുണ്ടെന്നും അതിൽ അർഥവത്തായി ഇടപെടേണ്ടതുണ്ടെന്നും കോടതി പറഞ്ഞു. രാഷ്ട്രീയ അവകാശത്തെക്കുറിച്ചും ജനങ്ങൾക്കുള്ള അവകാശത്തെക്കുറിച്ചുമൊക്കെ അവബോധമുണ്ടാവണം. സംവാദങ്ങളിൽ ഏർപ്പെടണം. ഇന്ന് ക്യാംപസുകളിൽ സംഭവിക്കുന്നത് വ്യത്യസ്തമായ കാര്യങ്ങളാണ്. രാഷ്ട്രീയത്തെക്കുറിച്ച് എല്ലാവരും മനസ്സിലാക്കുകയും അത് മോശമാണെന്ന ചീത്തപ്പേര് മാറുകയും വേണം. രാഷ്ട്രീയത്തിന് പൂർണ നിരോധനം വേണമെന്നത് അംഗീകരിക്കാൻ പറ്റില്ല. മതത്തിന്റെ പേരിൽ എന്തെല്ലാം നടക്കുന്നു, എന്നാൽ അതിന്റെ പേരിൽ മതം നിരോധിക്കാറില്ലല്ലോ എന്നും കോടതി പറഞ്ഞു.

### വയനാടിന് പ്രത്യേക പാക്കേജ്:

## പാർലമെന്റിനു മുന്നിൽ പ്രതിഷേധം

ന്യൂഡൽഹി: മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടൽ ദുരന്തം അതിതീവ്ര ദുരന്തമായി പ്രഖ്യാപിച്ച് പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കേരള എംപിമാർ പാർലമെന്റിനു മുന്നിൽ പ്രതിഷേധിച്ചു. കേരളം ഇന്ത്യയിലാണെന്നും വയനാടിന് നീതി ലഭിക്കണമെന്നുമുള്ള മുദ്രാവാക്യമുയർത്തിയാണ് പ്രിയങ്ക ഗാന്ധിയുടെ നേതൃത്വത്തിൽ കേരള എംപിമാർ പ്രതിഷേധിച്ചത്. വയനാടിന് നീതി നല്കൂ, വയനാടിന് ദുരിതാശ്വാസ പാക്കേജ് നല്കൂ എന്നെഴുതിയ ബാനറും എംപിമാർ ഉയർത്തിയിരുന്നു.




വയനാടിന് പ്രത്യേക പാക്കേജ് അനുവദിക്കണമെന്നാവശ്യപ്പെട്ട് പ്രിയങ്ക ഗാന്ധിയുടെ നേതൃത്വത്തിൽ പാർലമെന്റിനു മുന്നിൽ പ്രതിഷേധിക്കുന്ന കേരള എംപിമാർ.

രക്ഷാദൗത്യത്തിനു പണം ചോദിക്കുന്നത് ശരിയല്ലെന്നും കേന്ദ്രസർക്കാർ രാഷ്ട്രീയ സമീപനം അവസാനിപ്പിക്കണമെന്നും പ്രിയങ്ക പറഞ്ഞു. ദുരിതമനുഭവിക്കുന്നവർക്ക് കേന്ദ്രസഹായം നിഷേധിക്കുന്നത് രാഷ്ട്രീയ കാരണങ്ങളാലാണെന്നും പ്രകൃതി ദുരിതങ്ങളിൽ വിവേചനം പാടില്ലെന്നും പ്രിയങ്ക പറഞ്ഞു.

കോൺഗ്രസ് അധികാരത്തിലുള്ള ഹിമാചൽപ്രദേശിലും പ്രകൃതിദുരിതത്തിൽ നാശനഷ്ടങ്ങൾ നടന്നിട്ടും സമാനനിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. (ശേഷം 28–ാം പേജിൽ)

## കാർ ബസിലിടിച്ച് നവദമ്പതികൾ ഉൾപ്പെടെ നാല് മരണം

കോന്നി: മുറിഞ്ഞകല്ലിൽ ശബരിമല തീർഥാടകർ സഞ്ചരിച്ച ബസിലേക്ക് കാർ ഇടിച്ചുകയറി നവദമ്പതികളും ഇവരുടെ അച്ഛന്മാരും മരിച്ചു. പുനലൂർ–മൂവാറ്റുപുഴ സംസ്ഥാന



അനു, നിഖിൽ ഈപ്പൻ മത്തായി

പാതയിൽ ഡിസംബർ 15–ന് പുലർച്ചെയുണ്ടായ അപകടത്തിൽ കോന്നി മല്ലശേരി വട്ടക്കുളഞ്ഞി പുത്തേതുണ്ടിയിൽ മത്തായി ഈപ്പൻ (61), മകൻ നിഖിൽ ഈപ്പൻ മത്തായി (30), മരുമകൾ അനു (26), അനുവിന്റെ പിതാവ് മല്ലശേരി തെങ്ങുംകാവ് പുത്തൻവിള കിഴക്കേതിൽ ബിജു പി. ജോർജ് (56) എന്നിവരാണ് മരിച്ചത്.

നവംബർ 30–നാണ് നിഖിലും അനുവും വിവാഹിതരായത്. മധുവിധു ആഘോഷങ്ങൾക്കായി മലേഷ്യയിൽ പോയിരുന്ന ഇരുവരെയും തിരുവനന്തപുരം വിമാനത്താവളത്തിൽനിന്നും കൂട്ടിക്കൊണ്ടു വരുന്നതിനിടെയാണ് അപകടം.

മക്കളെ കൂട്ടിക്കൊണ്ടുവരുന്നതിനായി മത്തായി ഈപ്പനും ബിജുവും 14–ന് രാത്രിയാണ് തിരുവനന്തപുരത്തേക്കു തിരിച്ചത്. മടക്കയാത്രയിൽ ബിജുവാണ് സ്വിഫ്റ്റ് ഡിസയർ കാർ ഓടിച്ചിരുന്നത്. ശബരിമല ദർശനം കഴിഞ്ഞു മടങ്ങുകയായിരുന്ന തെലങ്കാനയിൽനിന്നുള്ള തീർഥാടകർ സഞ്ചരിച്ച ബസുമായി കൂടലിനും കോന്നിക്കും മധ്യേ മുറിഞ്ഞകൽ ഗുരുമന്ദിരത്തിനു മുമ്പിലാണ് കാർ ഇടിച്ചത്. പുലർച്ചെ നാലോടെയായിരുന്നു അപകടം. മുൻ സീറ്റിലുണ്ടായിരുന്ന ബിജുവും മത്തായിയും ഡ്രൈവർ സീറ്റിനു പിന്നിലിരുന്ന നിഖിലും തൽക്ഷണം മരിച്ചു. ഗുരുതരമായി പരുക്കേറ്റ അനുവിനെ പത്തനംതിട്ടയിലെ സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

അപകടസമയത്ത് നിഖിലും അനുവും കാറിന്റെ പിൻസീറ്റിലായിരുന്നു. യാത്രാക്ഷീണം കാരണം ഇവർ ഉറക്കത്തിലായിരുന്നുവെന്ന് കരുതുന്നു. നിയന്ത്രണം വിട്ട കാർ ബസിലേക്ക് ഇടിച്ചുകയറുകയായിരുന്നുവെന്ന് പറയുന്നു. അപകടം നടന്ന ഉടനെ ഓടിക്കൂടിയ നാട്ടുകാർ വാഹനത്തിൽ കുടുങ്ങിക്കിടന്നവരെ പുറത്തെത്തിക്കാൻ ശ്രമിച്ചെങ്കിലും നടന്നില്ല. (28–ാം പേജിൽനിന്നും)

## നെഹ്റുവിന്റെ കത്തുകളുടെ ശേഖരം തിരികെവേണമെന്ന് കേന്ദ്രസർക്കാർ



ന്യൂഡൽഹി: ആൽബർട്ട് ഐൻസ്റ്റീനും എഡ്വിന മൗണ്ട് ബാറ്റനുമുൾപ്പെടെ ജവഹർലാൽ നെഹ്റു എഴുതിയ കത്തുകളുടെ ശേഖരം തിരികെ നൽകണമെന്ന് രാഹുൽ ഗാന്ധിയോട് കേന്ദ്ര സർക്കാർ. നെഹ്റുവിന്റെ കത്തുകൾ തിരികെ നൽകണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിയുടെ മ്യൂസിയം ആൻഡ് ലൈബ്രറിയാണ് (പിഎംഎംഎൽ) രാഹുലിനോട് ആവശ്യപ്പെട്ടത്. സോണിയ ഗാന്ധിയുടെ ആവശ്യപ്രകാരം 2008–ൽ പൊതുജനങ്ങൾക്ക് ലഭിക്കുന്നതിന് വിലക്കേർപ്പെടുത്തുകയും അന്നുമുതൽ സ്വകാര്യമായി സൂക്ഷിക്കുകയും ചെയ്യുന്ന കത്തുകളാണു തിരികെ ആവശ്യപ്പെട്ടത്.

1971–ലാണു നെഹ്റു മെമ്മോറിയൽ ഫണ്ട് നെഹ്റുവിന്റെ കത്തുകൾ ഉൾപ്പെടെയുള്ള സ്വകാര്യ വസ്തുക്കൾ മുൻപ് നെഹ്റു മെമ്മോറിയൽ മ്യൂസിയം എന്നറിയപ്പെട്ടിരുന്ന പിഎംഎംഎലിന് കൈമാറിയത്. ഐൻസ്റ്റീൻ, ജയപ്രകാശ് നാരായൺ, എഡ്വിന മൗണ്ട്ബാറ്റൻ, പദ്മജ നായിഡു, വിജയലക്ഷ്മി പണ്ഡിറ്റ്, അരുണ അസഫ് അലി, ബാബു ജഗ്ജീവൻ റാം തുടങ്ങിയവർക്കെഴുതിയ കത്തുകളും ഇതിൽ ഉൾപ്പെടുന്നു. നെഹ്റു കുടുംബത്തിനു വ്യക്തിപരമായ പ്രാധാന്യമുള്ളതാണ് ഈ രേഖകളെന്നു തിരിച്ചറിയുന്നുണ്ടെങ്കിലും ചരിത്രപ്രാധാന്യമുള്ള ഇവ ഗവേഷകർക്കും ചരിത്രകാരന്മാർക്കും വലിയ ഗുണം ചെയ്യുമെന്നതിനാൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ടതുണ്ടെന്ന് പിഎംഎംഎൽ കത്തിൽ പറയുന്നു. രേഖകൾ കൈമാറുകയോ അവ പകർത്തി സൂക്ഷിക്കാൻ അനുവാദം നൽകുകയോ ചെയ്യണമെന്നാണ് ആവശ്യം.

# പാർലമെന്റിൽ മോദിയും രാഹുലും നേർക്കുനേർ





ന്യൂഡൽഹി: ഭരണഘടനയുടെ 75–ാം വാർഷികം പ്രമാണിച്ച് ലോക്സഭയിൽ നടന്ന പ്രത്യേക ചർച്ചയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും തമ്മിൽ നേർക്കുനേർ ഏറ്റുമുട്ടി. ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ കോൺഗ്രസിനെയും നെഹ്റു കുടുംബത്തെയും പ്രധാനമന്ത്രി കടന്നാക്രമിച്ചു. മഹാഭാരത കഥയും ഭരണഘടനയെക്കുറിച്ചുള്ള സവർക്കറുടെ വാക്കുകളും ഉദ്ധരിച്ച് ബിജെപിയെ വിമർശിച്ച് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും ചർച്ചയിൽ പങ്കെടുത്തു.

ദ്രോണാചാര്യർ ഏകലവ്യന്റെ പെരുവിരൽ ദക്ഷിണയായി ചോദിച്ചതിന് സമാനമായി ബിജെപി യുവാക്കളുടെയും ബിസിനസുകാരുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും പെരുവിരൽ മുറിച്ചെടുക്കുകയാണെന്ന് രാഹുൽ ആരോപിച്ചു. അദാനിക്കും അംബാനിക്കും ആനുകൂല്യങ്ങൾ വാരിക്കോരി നല്കി ചെറുകിട വ്യവസായികളുടെ പെരുവിരൽ മുറിക്കുകയാണ്. തങ്ങൾ ഭരണഘടനയെയാണ് അടിസ്ഥാനമാക്കുന്നതെന്നും ബിജെപിയുടെ നിയമസംഹിത മനുസ്മൃതിയാണെന്നും ഭരണഘടനാ ചർച്ചയിൽ രാഹുൽ പറഞ്ഞു.

ഭരണഘടനയുടെ കോപ്പി ഉയർത്തിപ്പിടിച്ച്, ഭരണഘടനയെക്കുറിച്ച് വി.ഡി. സവർക്കർ എഴുതിയ കുറിപ്പ് വായിച്ചാണ് രാഹുൽ പ്രസംഗം ആരംഭിച്ചത്. മനുസ്മൃതിയുടെ പതിപ്പും ഉയർത്തിക്കാട്ടി. രാജ്യത്തിന്റെ ആദ്ധ്യാത്മികവും ദൈവികവുമായ യാത്ര സമാഹരിച്ച മനുസ്മൃതിയാണ് നിയമമെന്ന് സവർക്കർ ലേഖനത്തിൽ പറയുന്നുണ്ട്. ഭരണഘടനയിൽ 'ഇന്ത്യൻ' ആയി ഒന്നുമില്ലെന്നതാണ് ഏറ്റവും മോശപ്പെട്ട കാര്യമെന്നും പറയുന്നു. ഇന്ത്യൻ ഭരണഘടനയെ മനുസ്മൃതി മറികടന്നിരിക്കുന്നുവെന്നാണ് സവർക്കർ എഴുതിയത്. നിങ്ങളുടെ നേതാവിനൊപ്പം ഉറച്ചുനില്ക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ഭരണഘടനയെക്കുറിച്ചു പറയുമ്പോഴെല്ലാം നിങ്ങൾ സവർക്കറെയാണ് അപകീർത്തിപ്പെടുത്തുന്നതെന്ന് രാഹുൽ ചൂണ്ടിക്കാട്ടി.

സ്വേച്ഛാധിപത്യ മനോഭാവവും സ്വാർത്ഥതയുമാണ് കോൺഗ്രസിനെ നയിക്കുന്നതെന്നും ഒരു കുടുംബത്തിന്റെ താല്പര്യത്തിനു മാത്രമായി ഭരണഘടനയെ ആ പാർട്ടി മാറ്റിമറിച്ചെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി കുറ്റപ്പെടുത്തി. ഭരണഘടനയുടെ ആത്മാവിനെ കോൺഗ്രസ് കൊലപ്പെടുത്തിയെന്നും നെഹ്റു മുതൽ രാജീവ് ഗാന്ധി വരെയുള്ളവർ ഇതിനു നേതൃത്വം നല്കിയെന്നും രണ്ടു മണിക്കൂർ നീണ്ട പ്രസംഗത്തിൽ മോദി കുറ്റപ്പെടുത്തി. ആറു പതിറ്റാണ്ടിനിടയിൽ 75 തവണ കോൺഗ്രസ് ഭരണഘടന പൊളിച്ചെഴുതി. അടിയന്തരാവസ്ഥയിലൂടെ ജനാധിപത്യത്തെ കൊലപ്പെടുത്തി. സ്വാർത്ഥലാഭത്തിനായി നെഹ്റു ഭരണഘടനയെ മാറ്റിമറിച്ചത് രാഷ്ട്രപതിയായിരുന്ന ഡോ. രാജേന്ദ്രപ്രസാദിന്റെ എതിർപ്പിനെ അവഗണിച്ചായിരുന്നു. ഭരണഘടനയെ ദുരുപയോഗം ചെയ്ത് ദുർഭരണത്തിനു നേതൃത്വം നല്കിയത് നെഹ്റു കുടുംബമാണ്: മോദി ആരോപിച്ചു. പ്രധാനമന്ത്രി സ്ഥാനത്തുനിന്ന് അയോഗ്യയാക്കപ്പെട്ടപ്പോഴാണ് ഇന്ദിരാ ഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്. തനിക്കെതിരെ വിധിപ്രസ്താവം നടത്തിയ ജസ്റ്റിസ് ഖന്നയ്ക്ക് സീനിയോറിറ്റിയിൽ മുൻഗണന ഉണ്ടായിട്ടും സുപ്രീംകോടതി ചീഫ്ജസ്റ്റിസ് സ്ഥാനം നിഷേധിച്ചുവെന്നും മോദി കുറ്റപ്പെടുത്തി.

## ആലപ്പുഴയിൽ 74 ശതമാനം പ്രളയ സാധ്യതയെന്ന്

ന്യൂഡൽഹി: രാജ്യത്ത് ഏറ്റവുമധികം പ്രളയഭീഷണിയും വരൾച്ച ഭീഷണിയും നേരിടുന്ന ജില്ലകളിൽ ആലപ്പുഴയും. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിനു കീഴിൽ ഐഐടി ഗുവാഹത്തി, ഐഐടി മണ്ഡി, സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി പോളിസി എന്നീ സ്ഥാപനങ്ങൾ ചേർന്നു തയ്യാറാക്കിയ റിപ്പോർട്ടിലാണ് കണ്ടെത്തൽ. ആലപ്പുഴ ജില്ലയിൽ പ്രതിവർഷം 74 ശതമാനം പ്രളയത്തിനും 75 ശതമാനം വരൾച്ചയ്ക്കും സാധ്യതയുണ്ടെന്നാണ് റിപ്പോർട്ട്. കോട്ടയം ജില്ലയിൽ 73 ശതമാനം വരൾച്ചാ ഭീഷണിയുണ്ട്. രാജ്യത്ത് ഏറ്റവുമധികം വരൾച്ചാ ഭീഷണിയുള്ള 50 ജില്ലകളിൽ കേരളത്തിൽ നിന്ന് ഉൾപ്പെട്ടിരിക്കുന്ന രണ്ട് ജില്ലകളാണിവ.

## വിഴിഞ്ഞം: വി.ജി.എഫ് നിബന്ധനയിൽ മാറ്റമില്ലെന്ന് കേന്ദ്രം

ന്യൂഡൽഹി: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് കേന്ദ്രം നല്കുന്ന 817.80 കോടിയുടെ വയബിലിറ്റി ഗ്യാപ് ഫണ്ട് (വി.ജി.എഫ്) ലാഭവിഹിതമായി തിരികെ നല്കണമെന്ന വ്യവസ്ഥയിൽ ഇളവനുവദിക്കാനാവില്ലെന്ന് കേന്ദ്ര ഷിപ്പിങ് മന്ത്രി സർബാനന്ദ് സോനോവാൾ. പദ്ധതിക്ക് അന്തിമ അംഗീകാരം നല്കുമ്പോൾ ഇക്കാര്യം വ്യക്തമാക്കിയിരുന്നു. 2034 മുതൽ വരുമാന വിഹിതത്തിന്റെ 20 ശതമാനം പങ്കുവെക്കണമെന്നും മന്ത്രി രാജ്യസഭയിൽ വ്യക്തമാക്കി. ഹാരിസ് ബീരാന് നല്കിയ മറുപടിയിലാണ് ഇക്കാര്യം അറിയിച്ചത്. ഇളവ് തേടി കേരളം നല്കിയ കത്തുകൾ ഉന്നതാധികാര സമിതി യോഗങ്ങൾ പരിശോധിച്ചതാണ്. ഇളവ് അനുവദിക്കേണ്ടതില്ലെന്നാണ് യോഗം തീരുമാനിച്ചതെന്നും മന്ത്രി വ്യക്തമാക്കി. വി.ജി.എഫ് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്രത്തിന് കത്ത് കൈമാറിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. നേരത്തെ കേന്ദ്രസർക്കാർ വിജിഎഫ് ഗ്രാന്റിന്റെ കാര്യത്തിൽ പുലർത്തുന്ന പൊതുനയത്തിൽനിന്നുള്ള വ്യതിയാനമാണ് വിഴിഞ്ഞം തുറമുഖത്തിന്റെ കാര്യത്തിൽ മാത്രം കേന്ദ്ര ധനമന്ത്രാലയം സ്വീകരിക്കുന്ന നിലപാട്. വിജിഎഫ് ഗ്രാന്റായി തന്നെ അനുവദിക്കുന്നതിന് പ്രധാനമന്ത്രി ഇടപെടണമെന്നും മുഖ്യമന്ത്രി അഭ്യർഥിച്ചു. കേന്ദ്ര സാമ്പത്തികകാര്യ വകുപ്പ് രൂപീകരിച്ച എംപവേർഡ് കമ്മിറ്റി 817.80 കോടി രൂപയാണ് വിജിഎഫ് ആയി വിഴിഞ്ഞത്തിനു നൽകാൻ ശിപാർശ ചെയ്തത്. ഈ തുക ലഭിക്കണമെങ്കിൽ വിജിഎഫ് കേരള സർക്കാർ നെറ്റ് പ്രസന്റ് മൂല്യം അടിസ്ഥാനമാക്കി തിരിച്ചടയ്ക്കണമെന്ന നിബന്ധനയാണ് കേന്ദ്രം മുന്നോട്ടുവെച്ചത്. വിജിഎഫ് ആയി കേന്ദ്രം നൽകുന്നത് 817.80 കോടി രൂപയാണെങ്കിലും തിരിച്ചടവിന്റെ കാലയളവിൽ പലിശനിരക്കിൽ വരുന്ന മാറ്റങ്ങളും തുറമുഖത്തിൽനിന്നുള്ള വരുമാനവും പരിഗണിച്ചാൽ ഏതാണ്ട് 10,000 കോടി രൂപ തിരിച്ചടയ്ക്കേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. മാനദണ്ഡമനുസരിച്ച് ഒറ്റത്തവണ ഗ്രാന്റായി നൽകണം. അതു വായ്പയായി പരിഗണിക്കേണ്ടതല്ല. എന്നാൽ, കേന്ദ്രം വിഴിഞ്ഞം തുറമുഖ പദ്ധതിക്കു നൽകിയ തുക സംസ്ഥാന സർക്കാരിനു നൽകിയ വായ്പയായി വ്യാഖ്യാനിക്കുകയും അതിന്റെ പലിശയടക്കമുള്ള തിരിച്ചടവ് സംസ്ഥാന സർക്കാരിന്റെ ബാധ്യതയാക്കി മാറ്റുകയുമാണു ചെയ്യുന്നതെന്നും പ്രധാനമന്ത്രിക്കുള്ള കത്തിൽ വിശദീകരിച്ചു.

## ശ്രീലങ്കൻ പ്രസിഡണ്ട് ന്യൂഡൽഹിയിൽ

ന്യൂഡൽഹി: മൂന്നു ദിവസത്തെ സന്ദർശനത്തിനായി ശ്രീലങ്കൻ പ്രസിഡണ്ട് അനുര കുമാര ദിസനായകെ ഇന്ത്യയിലെത്തി. കേന്ദ്രമന്ത്രി എൽ. മുരുഗനും നയതന്ത്ര ഉദ്യോഗസ്ഥരും ചേർന്ന് ദിസനായകയെയും സംഘത്തെയും സ്വീകരിച്ചു. സെപ്റ്റംബറിൽ പ്രസിഡണ്ടായ ശേഷം നടത്തുന്ന ആദ്യ വിദേശ സന്ദർശനമാണ് ദിസനായകയുടേത്. ശ്രീലങ്ക സന്ദർശിച്ച വിദേശകാര്യമന്ത്രി എസ്. ജയശങ്കർ നല്കിയ ഔദ്യോഗിക ക്ഷണം സ്വീകരിച്ചാണ് ദിസനായകെയുടെ ഈ സന്ദർശനം.



ന്യൂഡൽഹിയിലെത്തിയ ശ്രീലങ്കൻ പ്രസിഡണ്ട് അനുര കുമാര ദിസനായകയെ കേന്ദ്രമന്ത്രി എൻ. മുരുഗൻ സ്വീകരിക്കുന്നു.

രാഷ്ട്രപതി ദ്രൗപതി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവരുമായി കൂടിക്കാഴ്ച നടത്തുന്ന ദിസനായകെയ്ക്കൊപ്പം ശ്രീലങ്കൻ വിദേശകാര്യ മന്ത്രി വിജിത ഹെറാത്ത്, ധനകാര്യ ഉപമന്ത്രി അനിൽ ജയന്തി ഫെർണാണ്ടോ എന്നിവരും സംഘത്തിൽ ഉണ്ട്.

ശ്രീലങ്കയിൽ നിക്ഷേപസാധ്യതകളും വാണിജ്യ ബന്ധവും മെച്ചപ്പെടുത്താൻ ഉദ്ദേശിച്ച് ഡൽഹിയിൽ നടക്കുന്ന ബിസിനസ് മീറ്റിൽ ദിസനായകെ പങ്കെടുത്തു. ബോധ് ഗയ സന്ദർശിക്കുമെന്നും ശ്രീലങ്കൻ വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

## അഭിപ്രായ സ്വാതന്ത്ര്യം എന്തും പറയാനുള്ള ലൈസൻസല്ല

ചെന്നൈ: അഭിപ്രായ സ്വാതന്ത്ര്യത്തിനുള്ള അവകാശത്തിന്റെ പേരിൽ മര്യാദകൾ അതിരുകടക്കരുതെന്ന് മദ്രാസ് ഹൈക്കോടതി പറഞ്ഞു. മുഖ്യമന്ത്രി എം.കെ. സ്റ്റാലിനും കുടുംബാംഗങ്ങൾക്കും ചില മന്ത്രിമാർക്കുമെതിരെ അപകീർത്തികരമായ പരാമർശങ്ങൾ നടത്തിയതിനു ക്രിമിനൽനടപടി നേരിടുന്ന അണ്ണാഡിഎംകെ നേതാവിന്റെ മുൻകൂർ ജാമ്യഹർജി തള്ളിയാണ് കോടതിയുടെ നിരീക്ഷണം. ഹർജിക്കാരി ഉപയോഗിച്ച വാക്കുകൾ വിധിയിൽ പരാമർശിക്കാൻ പോലും താല്പര്യമില്ലെന്നും അത്ര മോശമാണെന്നും ഹർജി തള്ളിയ ജസ്റ്റിസ് എ.ഡി. ജഗദീഷ് പനീർ പറഞ്ഞു. മുൻകൂർ ജാമ്യം ലഭിക്കുന്നതിനായി ഹർജിക്കാരി സമർപ്പിച്ച ജാമ്യാപേക്ഷ ആത്മാർത്ഥയോടെയല്ലെന്ന സർക്കാർ അഭിഭാഷകന്റെ വാദം കോടതി അംഗീകരിച്ചു. തന്റെ പ്രസംഗത്തെ ന്യായീകരിക്കാനാണ് ഹർജിക്കാരി ശ്രമിക്കുന്നതെന്നും കോടതി കുറ്റപ്പെടുത്തി.


കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 51
December 20, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid
Chicago, Illinois and additional
mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.



DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.


### മഹദ്‌വചനം

പരാജയത്തെക്കുറിച്ചുള്ള ഭയമാണ് വിജയത്തിനുള്ള ഏറ്റവും വലിയ തടസം.
**എഡ്വിൻ എറിക്സൺ**

പരിഹാരം കാണാൻ കഴിയാത്തതല്ല; പ്രശ്നം കാണാൻ കഴിയാത്തതാണ് പ്രശ്നം.
**ജി.കെ. ചെസ്റ്റർട്ടൻ**

# MEDICARE PLANS

## QUESTIONS ANSWERED

- ZERO PREMIUM PPO PLANS
- PRESCRIPTION DRUG BENEFIT
- DENTAL, VISION & HEARING
- WORLD WIDE COVERAGE
- FREE GYM MEMBERSHIP
- SUPPLEMENT BENEFITS

CONTACT

**Raj Surendran, MBA**

Senior Medicare Specialist

708-945-3985



www.questwealthgroup.com
rsurendran007@gmail.com

# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com



Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation
## Achieves Aggressive Financial Results

- ★ Over $ 50M Recovered and Collected For Our Clients
- ★ Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★ Free Confidential Consultation On All Matters Home Visits Available
- ★ Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

Fee Discounts Available To Malayalee Clients On Specific Cases

BBB A+ Rating Better Business Bureau

AV PREEMINENT® Peer Rated for Highest Level of Professional Excellence 2018

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# കേരളത്തിന് അർഹമായ വിഹിതം നൽകണം

പതിനാറാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിന് അഭിപ്രായ സ്വരൂപീകരണത്തിന് വേണ്ടി കേരളത്തിലെത്തി മടങ്ങി. വരുന്ന സാമ്പത്തിക വർഷാരംഭം മുതൽ സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട വിഹിതം സംബന്ധിച്ച നിർദേശങ്ങളാണ് 16-ാം ധനകാര്യ കമ്മീഷൻ സമർപ്പിക്കേണ്ടത്. ഫെഡറൽ സംവിധാനത്തിൽ മുന്നോട്ടുപോകുന്ന രാജ്യത്ത് നിലവിലുള്ള വിഹിത, വിഭവ വിഭജനത്തിൽ സമഗ്രമായ മാറ്റം വേണമെന്ന ആവശ്യം, കേരളം പോലുള്ള സംസ്ഥാനങ്ങളെ സംബന്ധിച്ച് നിലനിൽക്കെയാണ് കമ്മീഷൻ അഭിപ്രായങ്ങൾ സ്വരൂപിച്ചത്. ജനസംഖ്യ, ഭൂവിസ്തൃതി പോലുള്ള രീതികളെ പരിഗണിച്ചാണ് ധന കമ്മീഷനുകൾ വിഹിത, വിഭവ വിഭജനം നിർദേശിക്കാറുള്ളത്. ഉല്പാദനം, നികുതി സമാഹരണം, ജനസാന്ദ്രത, ആവശ്യകത എന്നിങ്ങനെ അടിസ്ഥാന ഘടകങ്ങൾ പരിഗണിക്കപ്പെടുന്നില്ല. സർക്കാരിന് പുറമേ രാഷ്ട്രീയ കക്ഷി പ്രതിനിധികളും കമ്മീഷൻ മുമ്പാകെ നിർദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. യാഥാർത്ഥ്യബോധവും വസ്തുനിഷ്ഠയുമില്ലാത്ത നിലവിലെ രീതി പരിഷ്കരിക്കണമെന്നാണ് എല്ലാവരുംതന്നെ ആവശ്യപ്പെട്ടത്. ജനസംഖ്യയും ഭൂവിസ്തൃതിയും അടിസ്ഥാനമാക്കിയുള്ള നിലവിലെ വിഹിത നിർണയ രീതി വലിയ സാമ്പത്തിക പ്രതിസന്ധിക്കിടയാക്കിയ സംസ്ഥാനങ്ങളിൽ ഒന്ന് കേരളമാണ്. ഈ സാഹചര്യത്തിലാണ് സംസ്ഥാനങ്ങളുമായി കേന്ദ്രം പങ്കുവെക്കുന്ന നികുതി വിഹിതം 50 ശതമാനമായി ഉയർത്തണമെന്ന് കേരളം ആവശ്യപ്പെട്ടിരിക്കുന്നത്. വാർത്താസമ്മേളനത്തിൽ ഇത് സൂചിപ്പിച്ച കമ്മീഷൻ ചെയർമാൻ പ്രൊഫ. അരവിന്ദ് പനഗാരിയ സമാന ശിപാർശ പല സംസ്ഥാനങ്ങളിൽനിന്നും ഉണ്ടായിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. ഭൂരിപക്ഷം സംസ്ഥാനങ്ങളും വിഹിതം 50 ശതമാനമാക്കണമെന്നാവശ്യപ്പെട്ട സാഹചര്യത്തിൽ അനുകൂല തീരുമാനമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കേണ്ടത്.

ജനസംഖ്യയ്ക്ക് പകരം ജനസാന്ദ്രത കണക്കിലെടുക്കണമെന്നാണ് മറ്റൊരു ആവശ്യം. കേരളത്തെ സംബന്ധിച്ച് ജനസാന്ദ്രത പല കാരണങ്ങളാൽ സുപ്രധാന അളവുകോലാകേണ്ടതാണ്. കുറഞ്ഞ ഭൂവിസ്തൃതിയിലും കൂടിയ ജനസാന്ദ്രതയിലും മിക്ക സാമൂഹ്യ സേവന, ജീവിത നിലവാര സൂചികകളിലും കേരളം മുന്നിലാണ്. നികുതി വരുമാനം നൽകുന്നതിന്റെ തോത് പരിശോധിച്ചാലും കേരളം മറ്റ് സംസ്ഥാനങ്ങൾക്കൊപ്പമോ മുകളിലോ ആണെന്നും വ്യക്തമാണ്. മറ്റെല്ലാം മാറ്റിവെച്ച് പ്രവാസികൾ നൽകുന്ന നിക്ഷേപം മാത്രം പരിശോധിച്ചാൽ മതിയാകും. ഇന്ത്യക്ക് ലഭിക്കുന്ന പ്രവാസി നിക്ഷേപത്തിന്റെ 10.2 ശതമാനവും കേരളത്തിൽ നിന്നാണ്. 35.2 ശതമാനവുമായി മഹാരാഷ്ട്രയാണ് മുന്നിൽ. അതേസമയം ജനസംഖ്യയുടെ അനുപാതമായി വലിയ കേന്ദ്ര വിഹിതം ലഭിക്കുന്ന സംസ്ഥാനങ്ങൾ ഈ കണക്കിൽ എത്രയോ പിറകിലാണെന്ന് കാണാവുന്നതാണ്. തമിഴ്നാട്-9.7, ഡൽഹി-9.3, കർണാടക-5.2, ആന്ധ്രാപ്രദേശ്-4.4, ഉത്തർപ്രദേശ്-3.7, ഗുജറാത്ത്-3.2, പഞ്ചാബ്-3, ഝാർഖണ്ഡ്-1.9 ശതമാനം വീതമാണ് ആദ്യ പത്ത് സ്ഥാനങ്ങളിലുള്ള സംസ്ഥാനങ്ങളുടെ പ്രവാസി നിക്ഷേപത്തിന്റെ കണക്ക്. അതുകൊണ്ടുതന്നെ വിഹിതവർധനയിൽ അക്കാര്യവും പരിഗണിക്കേണ്ടതാണ്. ജനസാന്ദ്രതാടിസ്ഥാനത്തിൽ വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം ഉൾപ്പെടുത്തുന്ന പക്ഷം 15-ാം ധനകാര്യ കമ്മീഷൻ നിശ്ചയിച്ച 1.925 ശതമാനമെന്ന സംസ്ഥാന വിഹിതം രണ്ട് ശതമാനമെങ്കിലുമായി വർധിക്കും. പത്താം ധനകാര്യ കമ്മീഷൻ കാലം മുതലുണ്ടായിരുന്ന 3.87 ശതമാനമെന്നതാണ് കഴിഞ്ഞ ധനകാര്യ കമ്മീഷൻ 1.925 ശതമാനമായി കുറച്ചത്. ഈ ഇനത്തിൽ 18,000 കോടി രൂപയുടെ കുറവാണ് കേരളത്തിനുണ്ടായത്.

ഇപ്പോഴത്തെ സാഹചര്യത്തിൽ ഏറ്റവും പ്രസക്തമായതാണ് ദുരന്ത നിവാരണത്തിനുള്ള വിഹിത നിർണയം. ജനസംഖ്യയും ഭൂവിസ്തൃതിയുമുൾപ്പെടെ വസ്തുതകൾ പരിഗണിക്കുമ്പോൾ കേരളം പോലെ പാരിസ്ഥിതിക അപകട സാധ്യതാ സംസ്ഥാനങ്ങൾ വിഹിത ലഭ്യതയിൽ പിറകിലാകുന്നു. അതോടൊപ്പം കേന്ദ്രത്തിന്റെ രാഷ്ട്രീയ വിവേചനംകൂടി ചേരുമ്പോൾ ലഭിക്കാവുന്ന തുക വളരെ പരിമിതമായി തീരുകയും ചെയ്യുന്നു. ഇവിടെയാണ് ദുരന്ത നിവാരണ, പ്രതികരണത്തിനുള്ള വിഹിത നിർണയത്തിൽ ഫലപ്രദമായ മാറ്റം വേണമെന്ന ആവശ്യത്തിന് പ്രസക്തിയേറുന്നത്. വിഹിത നിർണയം ദുരന്ത സാധ്യതകളും സംഭവിച്ചവയുടെ വ്യാപ്തിയും പരിഗണിച്ചായിരിക്കണമെന്നാണ് മറ്റൊരു നിർദേശം. സമീപകാലത്തു നടന്ന ചില ഉദാഹരണങ്ങൾ പരിശോധിച്ചാൽ ഇത് ബോധ്യമാകുന്നതാണ്. ഏറ്റവും കൂടുതൽ ആളുകൾ മരിക്കുകയും വസ്തുവകകൾ നശിക്കുകയും ചെയ്ത വൻ ദുരന്തമുണ്ടായ കേരളത്തിന് ധനകാര്യ കമ്മീഷൻ മാനദണ്ഡപ്രകാരം സ്വാഭാവികമായി ലഭിക്കേണ്ട തുക തുച്ഛമാണ്. അധിക ധനസഹായം അനുവദിക്കുന്നതിന് കേന്ദ്രം സന്നദ്ധമാകുന്നുമില്ല. അതുകൊണ്ടുതന്നെ മാനദണ്ഡങ്ങളിലും വിഹിതനിർണയത്തിലും സമഗ്രമായ പരിഷ്കരണം ആവശ്യമായി തീരുന്നു. പ്രായമായവരുടെ ജനസംഖ്യ ദേശീയ ശരാശരിയെക്കാൾ വളരെ കൂടുതലാണെന്നതിനാലുള്ള അധിക സഹായത്തിനും കേരളത്തിന് അർഹതയുണ്ട്. ഈ വിധത്തിൽ വിഹിത, വിഭവ വിഭജനത്തിൽ സമഗ്രമായ പരിഷ്കരണനിർദേശം 16-ാം ധനകാര്യ കമ്മീഷനിൽ നിന്നുണ്ടാകുമെന്നാണ് കേരളം പ്രതീക്ഷിക്കുന്നത്.

# കേരളത്തിൽ റോഡ്സുരക്ഷാ വാഹനനിരീക്ഷണ പദ്ധതി പാളി

തിരുവനന്തപുരം: കേരളത്തിൽ റോഡ് സുരക്ഷ ഉറപ്പാക്കാനായി പൊതുഗതാഗത വാഹനങ്ങളുടെ ലൊക്കേഷൻ, വേഗം എന്നിവ നിരീക്ഷിച്ചു തത്സമയം നടപടിയെടുക്കുന്ന സുരക്ഷാമിത്രം പദ്ധതി സംസ്ഥാനത്ത് പാളി. കേന്ദ്രവും സംസ്ഥാനവും ചേർന്ന് 2019-ൽ തുടങ്ങിയ മാതൃകാപദ്ധതി ആസൂത്രണത്തിലെ പിടിപ്പുകേടും സംസ്ഥാനത്തിന്റെ സാമ്പത്തിക പരാധീനതയും മൂലമാണ് പാതിവഴിയിൽ പൊലിഞ്ഞത്.

ബസും ലോറിയും ഓട്ടോറിക്ഷകളും ടാക്സികളും ഉൾപ്പെടെ സംസ്ഥാനത്തെ എട്ട് ലക്ഷത്തോളം പൊതുഗതാഗത വാഹനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരുന്നത്.

സ്കൂൾ ബസുകളും പദ്ധതിയിലുണ്ട്. ഇതുവരെ നാല് ലക്ഷത്തോളം വാഹനങ്ങളിൽ ജിപിഎസ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിങ് ഡിവൈസ് (വിഎൽടിഡി) സ്ഥാപിച്ചെങ്കിലും ഇതിന്റെ ഏകോപനത്തിനായുള്ള കൺട്രോൾ റൂമുകൾ സജ്ജമാക്കാനായില്ല. സംസ്ഥാനതലത്തിൽ ഒരു കൺട്രോൾ റൂമും 14 ജില്ലാതല കൺട്രോൾ റൂമുകളുമാണ് വിഭാവനം ചെയ്തത്.

സംസ്ഥാനതല കൺട്രോൾ റൂം തുടങ്ങിയെങ്കിലും നിലവിൽ പ്രവർത്തിക്കുന്നില്ല. 24 മണിക്കൂറും പ്രവർത്തിക്കുമെന്നായിരുന്നു പ്രഖ്യാപനമെങ്കിലും വേണ്ടത്ര ജീവനക്കാരില്ലെന്ന കാരണം പറഞ്ഞ് ആദ്യംതന്നെ എട്ട് മണിക്കൂറായി ചുരുക്കി ചുമതലയുള്ള ഏക മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറെയും മറ്റു ജോലിക്കു നിയോഗിച്ചതോടെ പിന്നീട് കൺട്രോൾ റൂം പ്രവർത്തനം പൂർണമായി നിലച്ചു.

പൊതുഗതാഗത വാഹനങ്ങളെ തത്സമയം നിരീക്ഷിച്ചു വാഹനത്തിന്റെ വേഗം അമിതമായാലോ നിശ്ചിത റൂട്ടിൽ നിന്നു മാറിയാലോ ഉടൻ കൺട്രോൾ റൂമിൽ ജാഗ്രതാ നിർദേശം ലഭിക്കുകയും ഇതു വാഹന ഉടമയെ അപ്പോൾത്തന്നെ അറിയിക്കുകയും ചെയ്യുന്ന എമർജെൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം (ഇആർഎസ്എസ്) നടപ്പാക്കുകയായിരുന്നു ഉദ്ദേശ്യം.

60 ശതമാനം കേന്ദ്രവും 40 ശതമാനം സംസ്ഥാനവും വഹിക്കുമെന്ന ധാരണയിൽ 66 കോടി രൂപയാണ് പദ്ധതിച്ചെലവിനായി നിശ്ചയിച്ചത്. 12 കോടിയോളം രൂപ കേന്ദ്രം കൈമാറി.

നിലവിലെ ഘട്ടം പൂർത്തീകരിക്കാൻ രണ്ട് കോടിയോളം രൂപ ഇനിയും ലഭിക്കേണ്ടതുണ്ട്. എന്നാൽ, കേന്ദ്ര നിർദേശങ്ങൾ നടപ്പാക്കുന്നത് മുടങ്ങിയതോടെ തുടർഘട്ടങ്ങളിലെ ഫണ്ടും നിലച്ചു.

മോട്ടോർ വാഹന വകുപ്പിന് സാങ്കേതികസഹായം ചെയ്യുന്ന സിഡാക്കിന് (സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കംപ്യൂട്ടിങ്) പണം കൈമാറാത്തതാണ് പദ്ധതി മുന്നോട്ടു പോകാൻ മറ്റൊരു തടസ്സം. മോട്ടോർ വാഹനവകുപ്പും സിഡാക്കും തമ്മിലുള്ള തർക്കവും പദ്ധതിക്ക് തിരിച്ചടിയായി.

# കേരളം ചോദിച്ചത് 18,910 കോടി; കിട്ടിയത് 3,146 കോടി

തിരുവനന്തപുരം: കഴിഞ്ഞ 12 വർഷത്തിനിടെ പന്ത്രണ്ട് ദുരന്തങ്ങൾ ഏറ്റുവാങ്ങേണ്ടി വന്ന കേരളം, കേന്ദ്രത്തോട് സഹായമായി ആവശ്യപ്പെട്ടത് 18,910 കോടി രൂപ. എന്നാൽ കേന്ദ്രം അനുവദിച്ചത് വെറും 3,146 കോടി.

പ്രകൃതിദുരന്തങ്ങൾ പതിവായി ഏറ്റുവാങ്ങേണ്ടി വരുന്ന സംസ്ഥാനത്തോട് കാട്ടുന്ന അവഗണന തിരിച്ചറിഞ്ഞ് 13,900 കോടി രൂപ പ്രത്യേക ഗ്രാന്റായി അനുവദിക്കണമെന്നു സംസ്ഥാന സർക്കാർ 16-ാം ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടു.

കടലാക്രമണം, ഉരുൾപൊട്ടൽ, പേമാരി തുടങ്ങിയവ സൃഷ്ടിക്കുന്ന ദുരന്തങ്ങൾ കേരളത്തിന്റെ മുന്നേറ്റത്തിന് എല്ലാത്തരത്തിലും തടസ്സമാവുകയാണ്. സംസ്ഥാന ഖജനാവിൽ നിന്ന് പണമെടുത്ത് ഇത്തരം ദുരന്തങ്ങൾക്ക് പരിഹാരം കാണേണ്ട അവസ്ഥയിലാണ് കേരളം. ഇതു കേരളത്തിന്റെ ധനസ്ഥിതിയെ ഗുരുതരമായി ബാധിക്കുന്നതിനാലാണ് കേന്ദ്രസഹായം അനിവാര്യമായത്.

സംസ്ഥാനത്തിന്റെ ജനസംഖ്യയുടെ 30 ശതമാനത്തോളം തീരമേഖലയാണ്. ഒരു ചതുരശ്ര കിലോമീറ്ററിനുള്ളിൽ 2,000 പേരെന്നതാണ് ഈ മേഖലയിലെ ജനബാഹുല്യം. 586 കിലോമീറ്റർ നീണ്ട തീരമേഖലയിൽ 360 കിലോമീറ്ററും രൂക്ഷമായ കടലാക്രമണം നേരിടുകയാണ്. ഈ പ്രതിസന്ധിക്ക് അടിക്കടി പരിഹാരം കാണാൻ സംസ്ഥാന സർക്കാർ ശ്രമിക്കുന്നുണ്ട്. 2018-നും 2023-നും ഇടയിൽ 4,273 കോടി രൂപ പ്രകൃതിദുരന്തങ്ങൾ നേരിടാൻ അധികമായി ചെലവിട്ടു. 2010 മുതൽ 2015 വരെ ചെലവിട്ടതിന്റെ 25 ഇരട്ടിയാണിത്. അധിക ഗ്രാന്റ് ലഭ്യമാക്കുന്നതിനു പുറമെ ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് ഫണ്ടിലേക്കുള്ള വിഹിതം ഗണ്യമായി ഉയർത്താൻ ധനകാര്യ കമ്മീഷൻ നടപടിയെടുക്കണമെന്നും കേരളം ആവശ്യപ്പെട്ടു.

അഞ്ച് വർഷത്തേക്കാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിക്കുന്നത്. വർഷം 2780 കോടി രൂപ വീതം ലഭിക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് കേരളം അഞ്ചു വർഷത്തെക്ക് 13,900 കോടി രൂപ ആവശ്യപ്പെട്ടത്.

പ്രായംചെന്നവരുടെ ജനസംഖ്യ കുതിച്ചുയരുന്നതു കണക്കിലെടുത്തും കേരളത്തിന് അധികസഹായം ആവശ്യമാണ്. 60 വയസ്സിനു മുകളിൽ പ്രായമുള്ളവരുടെ എണ്ണം 42 ലക്ഷത്തിൽ നിന്ന് 2036-ൽ 84 ലക്ഷത്തിലേക്ക് ഉയരും.

തദ്ദേശ സ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ ഒരു പങ്ക് ഇപ്പോൾ വയോജനങ്ങളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമത്തിനായാണ് ഉപയോഗിക്കുന്നത്. ക്രമേണ ഈയിനത്തിൽ ചെലവ് കുതിച്ചുയരും. തിരിച്ചെത്തുന്ന പ്രവാസികൾക്കായി പുനരധിവാസ പദ്ധതികൾ നടപ്പാക്കുന്നതിനൊപ്പം ഇതര സംസ്ഥാനതൊഴിലാളികൾക്കായി ഒട്ടേറെ ക്ഷേമപദ്ധതികൾ നടപ്പാക്കേണ്ടതുണ്ടെന്നും ധനകാര്യ കമ്മീഷനെ കേരളം അറിയിച്ചു.

# ഉത്സവാഘോഷത്തിൽ പങ്കെടുത്ത 300–ഓളം പേർക്കു ഭക്ഷ്യവിഷബാധ

പയ്യന്നൂർ: ഉത്സവാഘോഷത്തിനിടയിൽ നിരവധിയാളുകൾക്ക് ഭക്ഷ്യവിഷബാധ. പയ്യന്നൂർ താലൂക്ക് ആശുപത്രിയിലെ സ്വകാര്യ ആശുപത്രികളിലുമായി മുന്നൂറോളംപേർ ചികിത്സതേടി. ചെറുതാഴം കോക്കാട് മുച്ചിലോട്ട് പെരുങ്കളിയാട്ടത്തിനെത്തിയവർക്കാണ് ഭക്ഷ്യവിഷബാധയുണ്ടായത്. ഭക്ഷ്യവിഷബാധയേറ്റവരിൽ ഹെൽത്ത് ഇൻസ്പെക്ടറുമുൾപ്പെടും. ഇരുന്നൂറിലധികം പേർ പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ മാത്രം ചികിത്സ തേടി. മറ്റ് ആശുപത്രികളിലടക്കം ചികിത്സ തേടിയ മുന്നൂറോളം പേരിൽ ഏതാനുംപേർ മാത്രമാണ് കിടത്തി ചികിത്സയിലുള്ളത്. മറ്റുള്ളവർക്ക് ഇഞ്ചക്ഷനും മരുന്നും നൽകി വിട്ടു. ആരുടെയും നില ഗുരുതരമല്ല.

ഛർദ്ദിയും വയറിളക്കവുമായി ഡിസംബർ 14-ന് രാത്രി മുതലാണ് ആശുപത്രികളിലേക്കുള്ള ഒഴുക്ക് തുടങ്ങിയത്. അസ്വസ്ഥതകളുണ്ടായിട്ടും ചികിത്സ തേടാതെ വീടുകളിൽത്തന്നെ കഴിയുന്നവരും നിരവധിയാണ്.

ഉത്സവപ്പറമ്പിൽനിന്നും ഐസ്ക്രീം, വത്തക്ക, മുളകുബജി, ഓംലറ്റ് എന്നിവ കഴിച്ചവർക്കാണ് ഭക്ഷ്യവിഷബാധയേറ്റതെന്നാണ് പ്രാഥമിക നിഗമനം. എന്നാൽ ഉത്സവത്തിന്റെ ഭാഗമായി വിതരണം ചെയ്ത അന്നപ്രസാദം മാത്രം കഴിച്ചവരും ചികിത്സ തേടിയവരിലുണ്ട്.

ക്ഷേത്രത്തിലെ ഭക്ഷണമൊരുക്കുന്നതിന് മുമ്പായി ആവശ്യമായ പരിശോധനകളും ജാഗ്രതയോടെയുള്ള മുന്നൊരുക്കങ്ങളും നടത്തിയിരുന്നതായി ആരോഗ്യവകുപ്പധികൃതർ പറയുന്നു. സംഭവമറിഞ്ഞയുടൻ ഫുഡ് സേഫ്റ്റി ഇൻസ്പെക്ടർ സ്ഥലത്തെത്തി ഭക്ഷണത്തിന്റെ സാമ്പിളുകൾ ശേഖരിച്ചിട്ടുണ്ട്.

ഇതിന്റെ പരിശോധനാഫലം വന്നാൽ മാത്രമേ കാരണം കണ്ടെത്താനാകൂ എന്നാണ് ആരോഗ്യ വകുപ്പധികൃതർ നൽകുന്ന വിശദീകരണം. അതേസമയം പരിശോധനക്കായി സംഭവ ദിവസത്തെ ഭക്ഷണ സാമ്പിളുകൾ എടുക്കാൻ പറ്റിയിട്ടില്ല എന്നതിനാൽ എടുത്ത ഭക്ഷണസാമ്പിളുകളിൽനിന്ന് കാരണം കണ്ടെത്താനാകുമോയെന്ന ആശങ്കയും ഉയരുന്നുണ്ട്.


Law Office of Sovmya George
IMMMIGRATION LAW FIRM
SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.
"We Handle Cases All Across the USA!"
-Sovmya George, Esq.
Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews


Need Health Insurance Coverage?
You may qualify for $0 monthly premium health insurance
ACA/ OBAMACARE/ MARKETPLACE HEALTH INSURANCE
CALL 530 298 8078
SEE IF YOU QUALIFY FOR TAX SUBSIDY
SCAN QR CODE TO GET YOUR QUOTE NOW
LICENSED IN MULTIPLE STATES
Tharun Mahesh
INSURANCE PRODUCER
NATIONAL PRODUCER NUMBER:18615871
LICENSED & CERTIFIED
tharun@tmcoverage.com
www.tmcoverage.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and EFFICIENT
Quality REPAIR
WE WORK WITH ALL INSURANCE COMPANIES, CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

# സ്ത്രീധന പീഡനക്കേസുകളിൽ താക്കീതുമായി സുപ്രീംകോടതി

ന്യൂഡൽഹി: സ്ത്രീധന നിരോധന നിയമം ദുരുപയോഗം ചെയ്യുന്നതിനെതിരെ കടുത്ത വിമർശനവുമായി സുപ്രീംകോടതി. ഭർത്താക്കന്മാർക്കും അവരുടെ കുടുംബങ്ങൾക്കുമെതിരെ വ്യക്തിവൈരാഗ്യം തീർക്കാൻ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 498 (എ) വകുപ്പ് ദുരുപയോഗം ചെയ്യാൻ അനുവദിക്കരുതെന്ന് കോടതി വ്യക്തമാക്കി. വിവാഹിതയായ സ്ത്രീക്കു ഭർത്താവിന്റെയും ഭർതൃബന്ധുക്കളുടെയും ശാരീരിക-മാനസിക പീഡനങ്ങളിൽനിന്നു സംരക്ഷണം നൽകുന്ന വകുപ്പാണിത്.

ഭാര്യാ-ഭർതൃ ബന്ധങ്ങളിലെ പ്രശ്നങ്ങൾ വർധിക്കുന്നതുമൂലം സ്വാഭാവികമായും വ്യക്തിവിരോധം തീർക്കുന്നതിന് ഈ വകുപ്പ് ദുരുപയോഗം ചെയ്യാനുള്ള സാധ്യത സമീപകാലത്തായി വർധിച്ചെന്ന് ജസ്റ്റിസുമാരായ ബി.വി. നാഗരത്ന, എൻ. കോടീശ്വർ സിംഗ് എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് കോടതി ചൂണ്ടിക്കാട്ടി.

നിയമ പരിരക്ഷ ദുരുപയോഗിച്ച് ഭാര്യയും ഭാര്യയുടെ കുടുംബവും നിരന്തരം ദ്രോഹിക്കുകയാണെന്നു ചൂണ്ടിക്കാട്ടി ബംഗളൂരുവിൽ ഐടി കമ്പനി ജീവനക്കാരനായ അതുൽ സുഭാഷ് (34) ജീവനൊടുക്കിയ സംഭവം പരിഗണിക്കവേയാണ് സുപ്രീംകോടതി നിരീക്ഷണം നടത്തിയത്. ഭർത്താവിനും കുടുംബത്തിനുമെതിരെ ഭാര്യയുടെ വ്യക്തിപരമായ പക അഴിച്ചുവിടാനുള്ള ഒരു ഉപകരണമായി 498 എ വകുപ്പ് ദുരുപയോഗം ചെയ്യുന്ന പ്രവണത വർധിച്ചുവരികയാണ്. ഇത്തരം കേസുകളിൽ സൂക്ഷ്മമായി പരിശോധന നടത്തിയില്ലെങ്കിൽ നിയമത്തെ ദുരുപയോഗം ചെയ്യുന്ന സാഹചര്യമുണ്ടാകും. അതേസമയം, ക്രൂരതയ്ക്കിരയായ സ്ത്രീകൾ മൗനം പാലിക്കണമെന്ന് പറയുന്നില്ലെന്നും കോടതി പറഞ്ഞു. 498 എ വകുപ്പ് സ്ത്രീയുടെ സംരക്ഷണത്തിനു വേണ്ടിയുള്ളതാണെന്നും കോടതി ഓർമിപ്പിച്ചു. സ്ത്രീധനപീഡന കേസുകളിൽ കുടുംബാംഗങ്ങൾക്ക് നേരിട്ടു ബന്ധമില്ലെങ്കിൽപ്പോലും അവരുടെ പേരിലും കേസെടുക്കുന്ന രീതി അവസാനിപ്പിക്കണം. വിവാഹബന്ധത്തിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ ഭർത്താവിന്റെ കുടുംബത്തിലെ എല്ലാ അംഗങ്ങളെയും പ്രതികളാക്കുന്ന പ്രവണത പലപ്പോഴും കാണാറുണ്ട്. വ്യക്തമായ തെളിവുകളില്ലാതെ, ആരോപണങ്ങളുടെ പേരിൽ മാത്രം കേസെടുക്കരുത്. നിഷ്കളങ്കരായ കുടുംബാംഗങ്ങളെ ഉപദ്രവിക്കാൻ നിയമം ദുരുപയോഗം ചെയ്യുന്നതിനെതിരെ കോടതികൾ ജാഗ്രത പാലിക്കണം- സുപ്രീംകോടതി വ്യക്തമാക്കി.

# ആശ്രിതനിയമനത്തിൽ കൂടുതൽ വ്യക്തത വരുത്തി കേരളസർക്കാർ

തിരുവനന്തപുരം: സർവീസിലിരിക്കെ മരണമടയുന്ന കേരളസർക്കാർ ജീവനക്കാരുടെ സമാശ്വാസ പദ്ധതിയായ ആശ്രിത നിയമനത്തിൽ കൂടുതൽ വ്യക്തത വരുത്തി സർക്കാർ.

ആശ്രിത നിയമനത്തിനായി ജീവനക്കാരൻ മരിച്ച് ഒരു വർഷത്തിനകം വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കണം. കുടുംബത്തിന്റെ വാർഷിക വരുമാനം കണക്കാക്കുമ്പോൾ മരണമടഞ്ഞ ജീവനക്കാരന്റെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കണക്കാക്കേണ്ടതില്ലെന്നും റവന്യൂ വകുപ്പ് ഇറക്കിയ സർക്കുലറിൽ വ്യക്തമാക്കുന്നു. ജീവനക്കാരൻ മരിക്കുന്നതിനു പിന്നാലെ ആശ്രിത നിയമനത്തിന് അപേക്ഷിക്കുന്നതിനായി വരുമാന സർട്ടിഫിക്കറ്റ് വാങ്ങുമ്പോൾ ചിലയിടങ്ങളിലെങ്കിലും മരിച്ച ജീവനക്കാരന്റെ ശമ്പളവും കണക്കാക്കിയാണു നൽകിയിരുന്നത്. എന്നാൽ, ജീവനക്കാരന്റെ കുടുംബ പെൻഷൻ വരുമാനത്തിൽ കണക്കാക്കാം.

വാർഷിക കുടുംബ വരുമാനം എട്ടു ലക്ഷമോ അതിൽ താഴെയോ ഉള്ള വർക്കാണ് ആശ്രിത നിയമനത്തിന് അർഹതയുള്ളത്. വാർഷിക കുടുംബ വരുമാനം എട്ടു ലക്ഷം രൂപയിൽ കൂടുതലുള്ളവർക്ക് ആശ്രിത നിയമനത്തിന് അർഹതയുണ്ടാകില്ല. ഉത്തരവിന്റെ പകർപ്പ് ലാൻഡ് റവന്യൂ കമ്മീഷണർക്കും എല്ലാ ജില്ലാ കളക്ടർമാർക്കും നൽകി.

# മുല്ലപ്പെരിയാർ അറ്റകുറ്റപ്പണിക്ക് അനുമതി

കോട്ടയം: മുല്ലപ്പെരിയാർ ഡാമിൽ അറ്റകുറ്റപ്പണിക്ക് തമിഴ്നാടിന് കേരളത്തിന്റെ അനുമതി. ഡിസംബർ 11-നാണ് ഇക്കാര്യത്തിൽ തീരുമാനമായത്. വൈക്കം സത്യാഗ്രഹ സമര ശതാബ്ദിയുമായി ബന്ധപ്പെട്ട ചടങ്ങിൽ 12-ന് ഇരുമുഖ്യമന്ത്രിമാരും പങ്കെടുക്കാനിരിക്കെയായിരുന്നു നടപടി.

അറ്റകുറ്റപ്പണി കേരളം തടഞ്ഞത് വൈക്കം സന്ദർശനവേളയിൽ തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ ഉന്നയിക്കുമെന്ന് തമിഴ്നാട് ജലവിഭവ മന്ത്രി ദുരൈ മുരുകൻ 10-ന് തമിഴ്നാട് നിയമസഭയെ അറിയിച്ചിരുന്നു.

സ്റ്റാലിൻ വിഷയം ഉന്നയിക്കും മുൻപുതന്നെ അനുമതിനൽകിയാണ് കേരളസർക്കാരിന്റെ സഹകരണം. സുരക്ഷാപരിശോധന നടത്തിയിട്ടുമതി അറ്റകുറ്റപ്പണിയെന്നായിരുന്നു കേരളം സ്വീകരിച്ചുവന്ന നിലപാട്. ഇതിലാണ് മാറ്റംവന്നത്.

തമിഴ്നാട് ഔദ്യോഗികമായി അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഏഴു പ്രവൃത്തികൾക്കാണ് നിബന്ധനകളോടെ ജലവിഭവവകുപ്പ് അനുമതി നൽകിയിരിക്കുന്നത്. പുതിയ നിർമാണപ്രവർത്തനങ്ങൾ നടത്തരുതെന്നും ജോലികൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരുടെയോ സാന്നിധ്യത്തിലാകണമെന്നും ഉത്തരവിൽ പറയുന്നു. നിർമാണസാമഗ്രികൾ കൊണ്ടുപോകുമ്പോൾ വനനിയമങ്ങൾ പാലിക്കണം.

നേരത്തേ കേരളത്തിന്റെ അനുമതി തേടാതെയായിരുന്നു അറ്റകുറ്റപ്പണിക്ക് തമിഴ്നാടിന്റെ നീക്കം. ഇത് കേരളം തടഞ്ഞിരുന്നു. ഡിസംബർ നാലിനാണ് രണ്ട് ലോറികളിലായി മണൽ കൊണ്ടുവന്നത്. ദിവസങ്ങളോളം വള്ളക്കടവ് ചെക്ക്പോസ്റ്റിൽ കാത്തുകിടന്ന രണ്ട് ലോറികളും കേരളം തടഞ്ഞതിനാൽ മണൽ മറ്റൊരിടത്ത് ഉപേക്ഷിച്ച് മടങ്ങുകയായിരുന്നു.

# കർണാടക മുൻമുഖ്യമന്ത്രി എസ്.എം. കൃഷ്ണ അന്തരിച്ചു



ബെംഗളൂരു: കർണാടക മുൻ മുഖ്യമന്ത്രിയും മുൻ കേന്ദ്ര വിദേശകാര്യമന്ത്രിയുമായ എസ്.എം. കൃഷ്ണ (സോമനഹള്ളി മല്ലയ്യ കൃഷ്ണ - 92) അന്തരിച്ചു. ആറ് പതിറ്റാണ്ടോളം കർണാടക രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന നേതാവാണ്. മഹാരാഷ്ട്ര ഗവർണർ, കർണാടക നിയമസഭാ സ്പീക്കർ, ഉപമുഖ്യമന്ത്രി എന്നീ പദവികളും വഹിച്ചിട്ടുണ്ട്.

കർണാടകത്തിലെ കോൺഗ്രസിന്റെ മുൻനിര നേതാവായിരുന്ന എസ്.എം. കൃഷ്ണ പാർട്ടി കേന്ദ്ര നേതൃത്വവുമായുള്ള ഭിന്നതയെത്തുടർന്ന് 2017 ജനുവരി 29-ന് രാജിവെച്ച് ബിജെപിയിൽ ചേർന്നു. പ്രായാധിക്യം കാരണം കഴിഞ്ഞ കുറച്ചുനാളായി രാഷ്ട്രീയത്തിൽ സജീവമല്ലായിരുന്നു. കഴിഞ്ഞവർഷം രാജ്യം പദ്മവിഭൂഷൺ നൽകി ആദരിച്ചിരുന്നു.

ഭാര്യ: പ്രേമ. കഫേ കോഫി ഡേ ഉടമ വി.ജി. സിദ്ധാർഥയുടെ ഭാര്യ മാളവിക കൃഷ്ണ മകളാണ്. സാമ്പത്തിക പരാധീനതയെത്തുടർന്ന് വി.ജി. സിദ്ധാർഥ ആത്മഹത്യചെയ്തിരുന്നു. ശാംഭവി കൃഷ്ണ മറ്റൊരു മകളാണ്.

# റെയിൽവേ ഭേദഗതി ബിൽ ലോക്സഭ പാസാക്കി

ന്യൂഡൽഹി: സ്വകാര്യവത്കരണത്തിന് വഴിയൊരുക്കില്ലെന്ന് ഉറപ്പുനൽകി റെയിൽവേ ഭേദഗതി ബിൽ ലോക്സഭ പാസാക്കി. ചർച്ചയ്ക്കുശേഷം ശബ്ദവോട്ടോടെയാണു ബില്ല് പാസാക്കിയത്. റെയിൽവേ സ്വകാര്യവത്കരണം സർക്കാരിന്റെ അജൻഡയിലില്ലെന്നു കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ബില്ല് അവതരിപ്പിക്കവെ വ്യക്തമാക്കി. കേന്ദ്രത്തിന്റെ പുതിയ നീക്കം റെയിൽവേയെ സ്വകാര്യവത്കരിക്കുന്നതിലേക്കു നയിക്കുമെന്ന് ചർച്ചയ്ക്കിടെ പ്രതിപക്ഷം ആരോപിച്ചു. എന്നാൽ ആരോപണം തെറ്റാണെന്നും ഭേദഗതി റെയിൽവേയുടെ നടത്തിപ്പ് കൂടുതൽ സുഗമമാക്കുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി. പാർലമെന്റിൽ നിരന്തരമായി നടക്കുന്ന പ്രതിഷേധങ്ങൾക്കിടയിലാണ് ബില്ല് ഡിസംബർ 11-ന് ലോക്സഭ പാസാക്കിയത്.

1905-ലെ ഇന്ത്യൻ റെയിൽവേ ബോർഡ് നിയമത്തിലെ എല്ലാ വ്യവസ്ഥകളും 1989-ലെ റെയിൽവേ നിയമത്തിന്റെ കീഴിലാക്കാൻ ഭേദഗതി നിർദേശിക്കുന്നു. ഇതു നിലവിൽ വരുന്നതോടെ റെയിൽവേ സംബന്ധമായ കാര്യങ്ങൾക്ക് രണ്ടു നിയമങ്ങൾ പരിശോധിക്കേണ്ട കാര്യമില്ലെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കി. ഭേദഗതി ചെയ്ത ബില്ലിലെ വ്യവസ്ഥകൾ പ്രകാരം റെയിൽവേ ബോർഡിന്റെ ഘടന തീരുമാനിക്കാൻ കേന്ദ്രസർക്കാരിന് അധികാരം നൽകുന്നുണ്ട്. ഇതിൽ അംഗങ്ങളുടെ എണ്ണം, അവരുടെ സേവനനിബന്ധനകൾ, യോഗ്യതകൾ, പരിചയം തുടങ്ങിയവ ഉൾപ്പെടുന്നു. കൂടാതെ റെയിൽവേ സോണുകൾക്ക് സ്വയംഭരണാവകാശം നൽകിക്കൊണ്ടു പ്രവർത്തനക്ഷമത വർധിപ്പിക്കാനും അധികാരവികേന്ദ്രീകരണത്തിനും ബില്ല് നിർദേശിക്കുന്നു. റെയിൽവേയുടെ അടിസ്ഥാന വികസനത്തിനും ഭേദഗതി ഗുണം ചെയ്യുമെന്ന് കേന്ദ്രസർക്കാർ ചൂണ്ടിക്കാട്ടി.

HEATING & AIR CONDITIONING
Honest Reliable Professional
Lifetime Comfort, Inc
HEATING, AIR CONDITIONING AND ENERGY MANAGEMENT
Services at Reasonable Rates
847-924-4277
LIFETIME COMFORT. INC
Repairs • Maintenance • Installation
Air Conditioners • Furnaces • Boilers
Water Heaters • Humidifiers

24 Hour Emergency Service
• Honest • Reliable
• Licensed • Insured • Bonded
Contact: Eby Elakkatt
16 years of experience
Forlifetimecomfort@gmail.com
We Offer FREE Second Opinion

PINNACLE MORTGAGE
MAKING YOUR DREAMS COME TRUE
George Kurian
Mortgage Specialist
NMLS ID 220917

1325 Wiley Rd Suite 160
Schaumburg, IL 60173
NMLS ID 2278494 Lic # MB.6761681
8473408708
avicote2@gmail.com
http://pinnacle.mortgage
"Licensed to originate Mortgage both in Illinois and Georgia"

# പിസിനാക്ക് ദേശീയ ഭാരവാഹികൾ കേരള എക്സ്പ്രസ് സന്ദർശിച്ചു

കുര്യൻ ഫിലിപ്പ്

ചിക്കാഗോ: നാല്പതാമത് പിസിനാക്കിന്റെ ദേശീയ ഭാരവാഹികൾ കേരള എക്സ്പ്രസ് ഓഫീസ് സന്ദർശിച്ച് പത്രസമ്മേളനം നടത്തി. നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ, സെക്രട്ടറി സാം മാത്യു, ട്രഷറർ പ്രസാദ് ജോർജ്, നാഷണൽ കമ്മിറ്റി അംഗങ്ങളായ പാസ്റ്റർ തോമസ് കിടങ്ങാലിൽ, ഷിബു വർഗീസ്, കുര്യൻ ഫിലിപ്പ് എന്നിവരോടൊപ്പം ലോക്കൽ കമ്മിറ്റി ഭാരവാഹികളായ ഡോ. ടൈറ്റസ് ഈപ്പൻ, ഡോ. ബിജു ചെറിയാൻ, കെ.ഒ. ജോസ് സിപിഎ, വർഗീസ് സാമുവൽ, സിസ്റ്റർ ജോയിസ് സ്റ്റീഫൻസൺ, ജോൺ മത്തായി, സജി ഫിലിപ്പ് എന്നിവർ പ്രസ് മീറ്റിൽ പങ്കെടുത്തു.


മാനേജിങ് എഡിറ്റർ ഡോ. ടൈറ്റസ് ഈപ്പന്റെ പ്രാർത്ഥനയോടെ ആരംഭിച്ച പത്രസമ്മേളനം നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ ഉദ്ഘാടനം ചെയ്തു. കേരള എക്സ്പ്രസ് ചീഫ് എഡിറ്റർ കെ.എം. ഈപ്പൻ സ്വാഗതം പറഞ്ഞു. നാഷണൽ മീഡിയ കൺവീനറും മാധ്യമ പ്രവർത്തകനുമായ കുര്യൻ ഫിലിപ്പ് അദ്ധ്യക്ഷനായിരുന്നു. 2026-ൽ നടക്കുന്ന നാല്പതാമത് പിസിനാക്ക് കോൺഫറൻസിന് പ്രാദേശികതലത്തിൽ ശക്തമായ സഹകരണമാണ് ലഭിക്കുന്നതെന്ന് നാഷണൽ ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

ഡിസംബർ 7-ന് ശനിയാഴ്ച നടന്ന പ്രഥമ നാഷണൽ കമ്മിറ്റി യോഗത്തിൽ അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. ഇതുവരെയുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്തു.

ലോക്കൽ കമ്മിറ്റിയുമായി ചേർന്ന് 2026-ൽ സമ്മേളനം നടക്കുന്ന ഷാംബർഗ് കൺവൻഷൻ സെന്ററും മറ്റ് താമസ സൗകര്യങ്ങളും ദേശീയ ഭാരവാഹികൾ സന്ദർശിച്ചു വിലയിരുത്തി.

അടുത്ത ജനുവരി മാസത്തിൽ ഒന്നരവർഷം നീണ്ടുനില്ക്കുന്ന ആഗോളവ്യാപകമായ ഓൺലൈൻ പ്രാർത്ഥനയ്ക്ക് തുടക്കം കുറിക്കും.

കേരള എക്സ്പ്രസ് മാനേജിംങ് എഡിറ്റർ കെ.ഒ. ജോസ് കൃതജ്ഞത രേഖപ്പെടുത്തി.



പിസിനാക്ക് നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ, സെക്രട്ടറി സാം മാത്യു, ട്രഷറർ പ്രസാദ് ജോർജ് എന്നിവരെ കേരള എക്സ്പ്രസ് ചീഫ് എഡിറ്റർ കെ.എം. ഈപ്പൻ സ്വീകരിക്കുന്നു. കുര്യൻ ഫിലിപ്പ് സമീപം.









# കൂട്ടായ്മയുടെ മധുരം നുകർന്ന് കോട്ടയം ക്ലബിന്റെ ഫാമിലി നൈറ്റ്

ജീമോൻ റാന്നി

ഹൂസ്റ്റൺ: ഒരുമയുടെ സന്തോഷം പങ്കിട്ട് ഹൂസ്റ്റൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന കോട്ടയം ക്ലബ് ഫാമിലി നൈറ്റ് ആഘോഷിച്ചു. സ്റ്റാഫോർഡിലെ മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റന്റെ (മാഗ്) ആസ്ഥാനത്ത് നവംബർ 17-ന് വൈകുന്നേരം നടന്ന പരിപാടികൾ സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തു. തെരേസ ജെയിംസിന്റെ ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച ഫാമിലി നൈറ്റിൽ കോട്ടയം ക്ലബ് പ്രസിഡണ്ട് സുഗു ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡണ്ട് ജോമോൻ ഇടയാടി സ്വാഗതമാശംസിച്ചു. അമേരിക്കയിൽ ജീവിക്കുമ്പോഴും ജന്മനാടിനെയും കേരള സംസ്കാരത്തെയും നെഞ്ചോട് ചേർത്ത് വെക്കുകയും നമ്മുടെ പൈതൃകം പുതുതലമുറയ്ക്ക് പകർന്നു നല്കുകയും ചെയ്യുന്നതിന്റെ ഉത്തമ ഉദാഹരണമാണ് കോട്ടയം ക്ലബിന്റെ ഈ കൂട്ടായ്മയെന്ന് മേയർ കെൻ മാത്യു പറഞ്ഞു. മാത്രമല്ല, കോട്ടയം ക്ലബിന്റെ ത്വരിത വളർച്ചയാണ് ഈ വൻ ജനപങ്കാളിത്തം സൂചിപ്പിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.



കോട്ടയം ക്ലബിന്റെ പ്രഥമ പ്രസിഡണ്ട് തോമസ് കെ. വർഗീസ് ക്ലബിന്റെ ആരംഭവും അതിന്റെ പശ്ചാത്തലവും വിവരിച്ചു. പ്രമുഖ മാധ്യമപ്രവർത്തകനും കോളമിസ്റ്റുമായ ബ്ലസൻ ഹൂസ്റ്റൺ, ക്ലബിന്റെ മുൻ പ്രസിഡണ്ട് റാണി വർഗീസ് എന്നിവർ ആശംസകൾ നേർന്നു. തുടർന്ന് വിവിധ കലാപരിപാടികൾ സ്റ്റേജിൽ അരങ്ങേറി. തെരേസ ജെയിംസ്, വേണുനാഥ് മനോജ്, ജെയ്സി ജേക്കബ് എന്നിവരുടെ ഗാനമേളയും ജോഹന അജിയുടെ നൃത്തവും ഹർഷ ഷിബു, ആൻ ഫിലിപ്പ്, അബ്സ സാം, ആഞ്ജലീന ജോസഫ്, ആഷ്‌ലി ഏബ്രഹാം, ഡാനിയ ഷിബു, ഫെബ ഹെനി, ജോഫിന ജോയി, ജ്യോത്സാന ജോയി ടീമിന്റെ ഗ്രൂപ്പ് ഡാൻസും ആകർഷകമായി.

ബിജു ശിവൻ, ലതീഷ് കൃഷ്ണൻ, ബിജോയ് തോമസ്, ജെയിംസ് സേവ്യർ, ഷെൻസൺ ജോൺ, ഷൈനി സെബാസ്റ്റ്യൻ, ജെയേഷ് ജോസ് ടീമിന്റെ കോമഡി ഡാൻസും മോൻസി കുര്യൻ, സുഗു ടീമിന്റെ മിമിക്രിയും സ്പോട്ട് ഡബ്ബിങ്ങും ഫാമിലി നൈറ്റിന്റെ ഹൈലൈറ്റുകളായിരുന്നു. സെക്രട്ടറി ഷിബു കെ. മാണി നന്ദി പ്രകാശിപ്പിച്ചു. പ്രോഗ്രാം കോ-ഓർഡിനേറ്റർമാരായ ബിജു ശിവൻ, ആൻഡ്രൂസ് ജേക്കബ് എന്നിവർ ഫാമിലി നൈറ്റിന് നേതൃത്വം നല്കി. ഡോ. റെയ്ന സുനിൽ ആയിരുന്നു എംസി. വിഭവസമൃദ്ധമായ ഡിന്നറോടെ പരിപാടികൾക്ക് ശുഭപര്യവസാനമായി.

# ആരാധനാസ്ഥല തർക്കങ്ങളിൽ സുപ്രീംകോടതിയുടെ വിലക്ക്

ന്യൂഡൽഹി: ഇന്ത്യയിലെ ആരാധനാലയങ്ങളുടെ ഘടനയുമായി ബന്ധപ്പെട്ട് വിചാരണക്കോടതികളോട് ഏതെങ്കിലും തരത്തിലുള്ള ഉത്തരവുകളോ സർവേകളോ നിർദേശിക്കാൻ പാടില്ലെന്ന് സുപ്രീംകോടതി. ഇതുമായി ബന്ധപ്പെട്ട പുതിയ ഹർജികളുമായി സുപ്രീംകോടതിയെ സമീപിക്കാമെങ്കിലും അവ രജിസ്റ്റർ ചെയ്യരുതെന്ന് ചീഫ് ജസ്റ്റിസ് അധ്യക്ഷനായ പ്രത്യേക ബെഞ്ച് നിർദേശിച്ചു. 1991-ലെ ആരാധനാലയ നിയമത്തിന്റെ സാധുത നിലനിൽക്കുന്നിടത്തോളം ഇത്തരം ഹർജികൾ പാടില്ലെന്നും ബെഞ്ച് ചൂണ്ടിക്കാട്ടി. അയോധ്യാ വിധിയിൽ സുപ്രീംകോടതി ഭരണഘടനാബെഞ്ച് ഇതു സ്ഥിരീകരിച്ചതായും ബെഞ്ച് കൂട്ടിച്ചേർത്തു. നിയമത്തിന്റെ ഭരണഘടനാസാധുത കോടതി പരിശോധിക്കും. പുതിയ കേസുകൾ രജിസ്റ്റർ ചെയ്യാൻ പാടില്ലെന്നും കോടതി അഭിപ്രായപ്പെട്ടു. സംഭാലിലെ ഷാഹി ജുമാ മസ്ജിദ്, വാരണാസിയിലെ ഗ്യാൻവാപി മസ്ജിദ്, മഥുരയിലെ ഷാഹി ഈദ് ഗാഹ് മസ്ജിദ്, രാജസ്ഥാനിലെ അജ്മീർ ദർഗ തുടങ്ങിയവയുമായി ബന്ധപ്പെട്ട പരാതികളും ഉൾപ്പെടുന്നു.


1991-ലെ ആരാധനാലയ നിയമത്തിലെ ചില വ്യവസ്ഥകൾ ചോദ്യം ചെയ്യുന്ന ഒരുകൂട്ടം ഹർജികൾ പരിഗണിക്കവെയാണു കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചത്. നിയമത്തിന്റെ സാധുത ചോദ്യംചെയ്തുള്ള ഹർജികളിൽ എതിർ സത്യവാങ്മൂലം സമർപ്പിക്കാനും കോടതി കേന്ദ്ര സർക്കാരിനോടു നിർദേശിച്ചു.

നാലാഴ്ചയ്ക്കകം ഇതു ഫയൽ ചെയ്യണം. കേന്ദ്രസർക്കാരിന്റെ നിലപാട് എല്ലാവർക്കും ലഭിക്കുന്ന തരത്തിൽ വെബ്സൈറ്റിൽ ലഭ്യമാക്കണമെന്നും കോടതി പറഞ്ഞു.

നിയമം ഏകപക്ഷീയവും യുക്തിരഹിതവുമാണെന്നും ഭരണഘടനയുടെ ആർട്ടിക്കിൾ 14, 25 പ്രകാരമുള്ള മൗലികാവകാശങ്ങളുടെ ലംഘനത്തിലേക്ക് ഈ നിയമം നയിക്കുന്നുവെന്നും ഹർജിക്കാരിൽ പ്രധാനിയായ അശ്വിനി കുമാർ ഉപാധ്യായ ഹർജിയിൽ വ്യക്തമാക്കിയിരുന്നു.

ബിജെപി നേതാവും അഭിഭാഷകനുമായ അശ്വിനി കുമാർ ഉപാധ്യായയാണ് 2020-ൽ നിയമം സംബന്ധിച്ച് ആദ്യം കോടതിയെ സമീപിച്ചത്.

## ഐഎൻഎസ് തുശീലിന് മലയാളി കമാൻഡിംഗ് ഓഫീസർ



കൊച്ചി: റഷ്യയിൽ നിർമിച്ച ഇന്ത്യൻ യുദ്ധക്കപ്പൽ ഐഎൻഎസ് തുശീലിനെ നയിക്കാൻ മലയാളി നാവികസേനാ ഉദ്യോഗസ്ഥൻ. പത്തനംതിട്ട കുമ്പനാട് സ്വദേശി ക്യാപ്റ്റൻ പീറ്റർ വർഗീസാണ് കപ്പലിന്റെ കമാൻഡിംഗ് ഓഫീസറായി നിയമിതനായത്. കോയിപ്രം കരീലമുക്ക് കല്ലേലിൽ പുത്തൻമഠത്തിൽ റിട്ട. ബ്രിഗേഡിയർ വർഗീസ് ജേക്കബിന്റെയും ലിസി വർഗീസിന്റെയും (കോതമംഗലം ഓലിയപ്പുറം) ഇളയ മകനാണു പീറ്റർ വർഗീസ്. ഈയിടെ കേന്ദ്രമന്ത്രി രാജ്നാഥ് സിംഗിന്റെ നേതൃത്വത്തിൽ റഷ്യയിൽ കമ്മീഷൻ ചെയ്ത ഐഎൻഎസ് തുശീൽ, നിലവിൽ ഇന്ത്യൻ സേന ഉപയോഗിക്കുന്ന തൽവാർ, തേഗ് ശ്രേണിയിലെ കപ്പലുകളുടെ നവീകരിച്ച പതിപ്പാണ്.

# മലങ്കര ഓർത്തഡോക്സ് സഭാധ്യക്ഷന് ഉന്നത റഷ്യൻ ബഹുമതി

ന്യൂഡൽഹി: റഷ്യൻ പ്രസിഡണ്ടിന്റെ ഉന്നത ബഹുമതിയായ 'ഓർഡർ ഓഫ് ഫ്രണ്ട്ഷിപ്പ്' മലങ്കര ഓർത്തഡോക്സ് സഭാധ്യക്ഷൻ ബസേലിയോസ് മാർത്തോമാ മാത്യൂസ് ത്രിതീയൻ കാതോലിക്കാബാവയ്ക്ക് ഡിസംബർ 12-ന് ഡൽഹിയിൽ സമ്മാനിച്ചു.

റഷ്യൻ സ്ഥാനപതികാര്യാലയത്തിൽ നടന്ന ചടങ്ങിൽ പ്രസിഡണ്ട് വ്ളാഡിമിർ പുടിനെ പ്രതിനിധാനംചെയ്ത് ഇന്ത്യയിലെ സ്ഥാനപതി ഡെനിസ് അലിപോവാണ് ബഹുമതി സമ്മാനിച്ചത്.

വിവിധ രാജ്യങ്ങളുടെ സ്ഥാനപതിമാരും ഡൽഹി ഭദ്രാസനാധിപൻ യൂഹാനോൻ മാർ ദിമിത്രിയോസ്, നിരണം ഭദ്രാസനാധിപനും സിനഡ് സെക്രട്ടറിയുമായ യൂഹാനോൻ മാർ ക്രിസോസ്റ്റമസ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു. ബഹുമതി ലഭിച്ചതിൽ അതിയായ സന്തോഷമുണ്ടെന്ന് കാതോലിക്കാബാവ പറഞ്ഞു. റഷ്യയിലെ യുദ്ധമേഖലയിൽ കുടുങ്ങിക്കിടക്കുന്ന മലയാളികളെ രക്ഷിക്കണമെന്നഭ്യർത്ഥിച്ച് റഷ്യൻ സ്ഥാനപതിക്ക് അദ്ദേഹം കത്തുനൽകി.

ഇന്ത്യ-റഷ്യ സൗഹൃദവും സഹകരണവും ശക്തിപ്പെടുത്തുന്നതിനും ആത്മീയബന്ധങ്ങൾ വളർത്തുന്നതിനുമുള്ള കാതോലിക്കാ ബാവയുടെ സംഭാവനകൾക്കുള്ള അംഗീകാരമായാണ് പുരസ്കാരം. ഈ ബഹുമതി നേടുന്ന ഇന്ത്യയിൽനിന്നുള്ള ആദ്യ ആത്മീയനേതാവാണ് അദ്ദേഹം.



മലങ്കര ഓർത്തഡോക്സ് സഭ മേലധ്യക്ഷൻ ബസേലിയോസ് മാർത്തോമാ മാത്യൂസ് ത്രിതീയൻ കാതോലിക്കാബാവയ്ക്ക് 'ഓർഡർ ഓഫ് ഫ്രണ്ട്ഷിപ്പ്' ബഹുമതി റഷ്യൻ സ്ഥാനപതി ഡെനിസ് അലിപോവ് സമ്മാനിക്കുന്നു.

# സിറിയയിൽ ഇടക്കാല പ്രധാനമന്ത്രിയായി മുഹമ്മദ് അൽ ബഷീർ

ഡമാസ്കസ്: സിറിയയുടെ ഇടക്കാല പ്രധാനമന്ത്രിയായി മുഹമ്മദ് അൽ ബഷീറിനെ നിയമിച്ചു. എച്ച്ടിഎസ് നേതൃത്വത്തിലുള്ള ഇഡ്‌ലിബ് ആസ്ഥാനമായുള്ള സിറിയൻ സാൽവേഷൻ ഗവൺമെന്റിന്റെ തലവനായിരുന്നു ബഷീർ. അടുത്ത വർഷം മാർച്ച് ഒന്നുവരെ അദ്ദേഹം കാവൽ പ്രധാനമന്ത്രി സ്ഥാനം വഹിക്കുമെന്നു എച്ച്ടിഎസ് അറിയിച്ചു. ബാഷർ അൽ അസദ് പുറത്തായതിനു പിന്നാലെ ആക്രമണം തുടങ്ങിയ ഇസ്രയേൽ ഡിസംബർ 10-ന് സിറിയൻ മണ്ണിൽ പ്രവേശിച്ചു. നേരത്തെ ഗോലാൻകുന്നിലെ സൈനികരഹിതമേഖലയുടെ നിയന്ത്രണം ഇസ്രയേൽ പിടിച്ചെടുത്തിരുന്നു. അവിടെ, 20,000 സിറിയൻ പൗരന്മാരാണുള്ളത്. 10-ന് സിറിയയുടെ പടക്കപ്പലുകളും ആയുധ ഡിപ്പോകളും ഇസ്രയേൽ തകർത്തു.



ബാഷർ അൽ അസദ് സർക്കാരിലെ ഉദ്യോഗസ്ഥർക്ക് അഭയം നൽകില്ലെന്നു ലബനീസ് കാവൽ പ്രധാനമന്ത്രി നജീബ് മികാതി അറിയിച്ചു. സിറിയയിൽ നിന്നുള്ളവർക്ക് തൽക്കാലം അഭയം നൽകില്ലെന്ന് യൂറോപ്യൻ യൂണിയനും അറിയിച്ചു. ജർമ്മനി, സ്വിറ്റ്സർലൻഡ്, യുകെ, നോർവേ, ഇറ്റലി, ഓസ്ട്രിയ, ഡെൻമാർക്ക്, സ്വീഡൻ, ബെൽജിയം, ഫ്രാൻസ്, നെതർലാൻഡ്സ് എന്നീ രാജ്യങ്ങളിലേക്കായി 72,420 സിറിയൻ പൗരന്മാരാണു അപേക്ഷ നൽകിയിട്ടുള്ളത്. യൂറോപ്പിലുടനീളമുള്ള 1,31,574 പേരാണ് പൗരത്വം കാത്തിരിക്കുന്നത്. ലബനനിലും മറ്റു രാജ്യങ്ങളിലും അഭയം തേടിയവർ ഉടൻ മടങ്ങിവരേണ്ടതില്ലെന്നു സിറിയയിലെ യുഎൻ അഭയാർത്ഥി ഏജൻസിയുടെ പ്രതിനിധി ഗോൺസാലോ വർഗാസ് പറഞ്ഞു. മടങ്ങിയെത്തുന്നവർക്ക് പാർപ്പിടവും വിദ്യാഭ്യാസവും ജോലിയും ഉറപ്പുവരുത്തണമെന്ന് അദ്ദേഹം പറഞ്ഞു. പൗരത്വം സംബന്ധിച്ച പ്രതിസന്ധിയും നിലനിൽക്കുന്നുണ്ട്. അഭയംതേടിയ രാജ്യത്തിന്റെ പൗരത്വം പുതിയ തലമുറ സ്വീകരിച്ചതാണു പ്രശ്നമായത്.

## കേരളാ എക്സ്പ്രസ്സ് വാരാന്ത്യം

**കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.**

**കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.**

**രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.**

**രചനകൾ അയയ്ക്കേണ്ട വിലാസം:**

**news@keralaexpress.com**






# ഗുകേഷ് ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ ചെസ് ചാമ്പ്യൻ



സിംഗപ്പൂർ: ഇന്ത്യയുടെ കൗമാര ചെസ് താരം ദൊമ്മരാജു ഗുകേഷ് ലോക ചെസ് ചാമ്പ്യൻ. ചൈനയുടെ ഡിങ് ലിറനെയാണ് ഗുകേഷ് വീഴ്ത്തിയത്. ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ ലോക ചെസ് ചാമ്പ്യൻ എന്ന സർവകാല റിക്കാർഡാണ് തമിഴ്നാട്ടിൽനിന്നുള്ള ഡി. ഗുകേഷ് സ്ഥാപിച്ചത്. അഞ്ചു തവണ ലോക ചാമ്പ്യനായ വിശ്വനാഥൻ ആനന്ദിനു ശേഷം ഇന്ത്യയുടെ രണ്ടാമത്തെ ലോക ചാമ്പ്യനായി ഗുകേഷ്. 22-ാം വയസിൽ ലോക ചാമ്പ്യനായ റഷ്യയുടെ ഇതിഹാസ താരം ഗാരി കാസ്പറോവ് സ്ഥാപിച്ച റിക്കാർഡ് പഴങ്കഥയാക്കി 18 വയസും ആറു മാസവും പതിമൂന്നു ദിവസവും പിന്നിട്ട ഗുകേഷ് നാലു വർഷത്തെ വ്യത്യാസത്തിൽ പുതിയ റിക്കാർഡിട്ടു.

ലോക ചെസ് ഫെഡറേഷനായ ഫിഡെ സിംഗപ്പൂരിലെ റിസോർട്ട് വേൾഡ് സെന്റോസയിലെ ഇക്വാരിയസ് ഹോട്ടലിൽ നടത്തിയ 14 റൗണ്ട് മത്സരത്തിൽ ചരിത്രത്തിൽ ആദ്യമായി രണ്ട് ഏഷ്യൻ രാജ്യങ്ങളിൽനിന്നുള്ള താരങ്ങൾ മാറ്റുരച്ചപ്പോൾ ചൈനയ്ക്കു മേൽ പ്രഹരം നൽകി ഇന്ത്യ വിജയക്കൊടി നാട്ടി. 2013-ൽ റഷ്യയുടെ ഇയാൻ നെപോംനിഷിയെ ടൈബ്രേക്കിൽ കീഴടക്കി ലോകചാമ്പ്യനായ ഡിങ് ലിറന് തന്റെ ചാമ്പ്യൻപദവി നിലനിർത്താനായില്ല.

നവംബർ 25-ന് ആരംഭിച്ച മത്സരത്തിന്റെ ആദ്യ ഗെയിമിൽ തോൽവി ഏറ്റുവാങ്ങിയ ഗുകേഷ് മൂന്നാം റൗണ്ടിൽ വിജയിച്ചുകൊണ്ട് ശക്തമായ തിരിച്ചുവരവാണ് നടത്തിയത്. പിന്നീട് സമനിലകളിലൂടെ തുടർ റൗണ്ടുകൾ നീങ്ങിയപ്പോഴും അവസരം പാർത്തിരുന്ന ഗുകേഷ് രണ്ടാം പകുതിയിലെ മത്സരങ്ങളിൽ വ്യക്തമായ ആധിപത്യം നേടിക്കൊണ്ട് ലിറനെ സമ്മർദത്തിലാക്കിയിരുന്നു.

പതിനൊന്നാം ഗെയിമിൽ വെള്ള കരുക്കളുമായി കളിച്ച ഗുകേഷ് ഡിങ് ലിറനെ തറപറ്റിച്ച് ലീഡു നേടി. എന്നാൽ പന്ത്രണ്ടാം ഗെയിമിൽ തിരിച്ചടിച്ച് ഡിങ് ഒപ്പമെത്തി. സമനിലയിലായ പതിമൂന്നാം ഗെയിമിലും ഗുകേഷിന് മുൻതൂക്കമുണ്ടായിരുന്നു.

നിർണായകമായ പതിനാലാം ഗെയിമിൽ കറുത്ത കരുക്കൾ നീക്കിക്കൊണ്ട് ശക്തമായി പോരാടി 58 നീക്കത്തിൽ ഡിങ് ലിറനെ കീഴടക്കി ഗുകേഷ് പതിനെട്ടാമത് ലോക ചെസ് ചാമ്പ്യനായി അവരോധിതനായി.

# ഭാര്യയുടെ ജീവനാംശ അവകാശം വായ്പ നൽകിയവരുടേതിനെക്കാൾ വലുതെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: ഭർത്താവിന്റെ സ്വത്തിൽ ഭാര്യക്കും മക്കൾക്കും ജീവനാംശത്തിനുള്ള അവകാശമാണ്, വായ്പ നൽകിയവർക്കുള്ള അവകാശത്തിനെക്കാൾ വലുതെന്ന് സുപ്രീംകോടതി. ജീവനാംശ അവകാശം മൗലികാവകാശങ്ങൾക്ക് തുല്യമാണെന്നും സർഫാസി, പാപ്പരത്ത നിയമങ്ങളിലുള്ളതിനെക്കാൾ അത് മുകളിൽ നിൽക്കുമെന്നും ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി.

വിവാഹമോചനക്കേസിലെ ജീവനാംശ വിഷയത്തിൽ ഗുജറാത്ത് ഹൈക്കോടതിയുടെ ഉത്തരവാണ് സുപ്രീംകോടതിയിൽ ചോദ്യംചെയ്യപ്പെട്ടത്. ഭാര്യക്ക് പ്രതിമാസം ആറായിരം രൂപയും കുട്ടികൾക്ക് മൂവായിരം രൂപ വീതവുമാണ് കുടുംബകോടതി ജീവനാംശം വിധിച്ചിരുന്നത്. എന്നാൽ, ഭർത്താവ് വജ്ര വ്യാപാരിയാണെന്നത് കണക്കിലെടുത്ത് ഗുജറാത്ത് ഹൈക്കോടതി ജീവനാംശം ഭാര്യക്ക് ഒരു ലക്ഷവും കുട്ടികൾക്ക് അരലക്ഷം വീതവുമാക്കി ഉയർത്തി.

തനിക്കെതിരെ നടക്കുന്ന സ്വത്തു കണ്ടുകെട്ടൽ നടപടിയുൾപ്പെടെ ചൂണ്ടിക്കാട്ടി ഭർത്താവ് നൽകിയ അപേക്ഷയിലാണ് സുപ്രീംകോടതിയുടെ ഉത്തരവുണ്ടായത്. ഹൈക്കോടതി വിധിച്ച ജീവനാംശത്തിൽ സുപ്രീംകോടതി കുറവുവരുത്തി. ഭാര്യക്ക് അരലക്ഷവും കുട്ടികൾക്ക് 25,000 രൂപ വീതവുമാണ് സുപ്രീംകോടതി ജീവനാംശം നിശ്ചയിച്ചത്.

# ദുരന്ത നിവാരണ ഭേദഗതി ബിൽ ലോക്സഭ പാസാക്കി

ന്യൂഡൽഹി: പ്രതിപക്ഷ പ്രതിഷേധത്തിനിടെ ദുരന്തനിവാരണ ഭേദഗതി ബിൽ ലോക്സഭ ശബ്ദവോട്ടോടെ പാസാക്കി. ബില്ലിന്മേൽ നടന്ന ചർച്ചയ്ക്കിടെ വയനാട് വിഷയം ഉയർത്തി കേരള എംപിമാർ ഭേദഗതിയെ എതിർത്തെങ്കിലും വയനാട് വിഷയത്തിൽ കേന്ദ്രസർക്കാർ വിവേചനം കാണിച്ചിട്ടില്ലെന്ന് കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ റായ് വ്യക്തമാക്കി.

വൈകാരികമായ വിഷയത്തിൽ രാഷ്ട്രീയം കലർത്തരുതെന്നും ആവശ്യമായ സഹായം കേന്ദ്രം വയനാടിനു നൽകിയെന്നും കേന്ദ്രമന്ത്രി പ്രതികരിച്ചു. രക്ഷാപ്രവർത്തനത്തിന് വായുസേനയെയും കരസേനയെയും അയച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദ് വയനാട് സന്ദർശിച്ച് സാഹചര്യം വിലയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കിയ മന്ത്രി, ഈയിടെ വയനാട് എംപി പ്രിയങ്ക ഗാന്ധിക്ക് അമിത്ഷാ നൽകിയ മറുപടിയും സഭയിൽ ആവർത്തിച്ചു. വയനാട് ദുരന്തം ദേശീയദുരന്തമായി പ്രഖ്യാപിക്കണമെന്ന ആവശ്യത്തിൽ മന്ത്രി മൗനം പാലിക്കുകയും ചെയ്തു.

ദേശീയ, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റികളുടെ അധികാരം വിപുലപ്പെടുത്തുന്നതാണ് പുതിയ ഭേദഗതി. പ്രതിപക്ഷം മുന്നോട്ടുവെച്ച ഭേദഗതികൾ നിരസിച്ചുകൊണ്ടാണ് ലോക്സഭ ബില്ല് പാസാക്കിയത്. പുതിയ ഭേദഗതി ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുമെന്ന് ചർച്ചയ്ക്കിടയിൽ നിത്യാനന്ദ റായ് വ്യക്തമാക്കി. 2014-നും 2024-നും ഇടയിൽ എസ്ഡിആർഎഫിനും എൻഡിആർഎഫിനുമുള്ള വിഹിതത്തിൽ മൂന്നിരട്ടിയിലധികം വർധന ഉണ്ടായതായും അദ്ദേഹം പറഞ്ഞു.

ശശി തരൂർ, എൻ.കെ. പ്രേമചന്ദ്രൻ, കെ. രാധാകൃഷ്ണൻ, ഡീൻ കുര്യാക്കോസ്, കനിമൊഴി തുടങ്ങി 50 എംപിമാരാണു ഭേദഗതിയുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചത്. ദുരന്ത നിവാരണ ഫണ്ട് ലഭിക്കാൻ പ്രതിപക്ഷ സംസ്ഥാനങ്ങൾക്ക് സുപ്രീം കോടതിയെ സമീപിക്കേണ്ട അവസ്ഥയാണെന്ന് വയനാട് വിഷയമടക്കം ചൂണ്ടിക്കാട്ടി ഡിഎംകെ അംഗം കനിമൊഴി പറഞ്ഞു. കക്ഷിരാഷ്ട്രീയം മറന്ന് വയനാട് വിഷയത്തിൽ കേരളത്തിൽനിന്നുള്ള എല്ലാ എംപിമാരും കേന്ദ്രത്തെ കണ്ട് സഹായം അഭ്യർത്ഥിച്ചിട്ടും കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്ന് അനുകൂലമായ നടപടിയുണ്ടാകുന്നില്ലെന്ന് കെ. രാധാകൃഷ്ണൻ സഭയിൽ പറഞ്ഞു. കേന്ദ്രസർക്കാർ കേരളത്തെ കുറ്റപ്പെടുത്തി ഉത്തരവാദിത്വത്തിൽനിന്ന് ഒളിച്ചോടുകയാണെന്നും അദ്ദേഹം ആരോപിച്ചു.

# മാധവ് ഗാഡ്ഗിലിന് ചാമ്പ്യൻസ് ഓഫ് ദ എർത്ത് പുരസ്കാരം

ന്യൂഡൽഹി: ഐക്യരാഷ്ട്ര സഭയുടെ പരിസ്ഥിതി സംരക്ഷണത്തിനായുള്ള 'യുഎൻ ചാമ്പ്യൻസ് ഓഫ് എർത്ത് 2024' പുരസ്കാരം പരിസ്ഥിതി ശാസ്ത്രജ്ഞൻ മാധവ് ഗാഡ്ഗിലിന്. പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള സംഭാവനകൾ പരിഗണിച്ചാണ് ആദരവ്. ശരിയുടെ പക്ഷത്തു നിൽക്കുന്നതിനാൽ സന്തോഷവാനാണെന്നായിരുന്നു പുരസ്കാര വാർത്തയെക്കുറിച്ച് 82-കാരനായ മാധവ് ഗാഡ്ഗിൽ പിടിഐയോടു പ്രതികരിച്ചത്. ജനസംഖ്യാ വർധനയും കാലാവസ്ഥാ വ്യതിയാനവും വികസനവും പശ്ചിമഘട്ട മേഖലകളിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച സമിതി മാധവ് ഗാഡ്ഗിലിന്റെ അധ്യക്ഷതയിലായിരുന്നു. ബ്രസീലിൽനിന്നുള്ള സോണിയ ഗ്വാജജറ (പോളിസി ലീഡർഷിപ്പ്), ആമി ബോവേഴ്സ് കോർഡാലിസ് (യുഎസ്), റുമേനിയയിൽനിന്നുള്ള ഗബ്രിയേൽ പൗൺ (ഇരുവരും ഇൻസ്പിരേഷൻ ആൻഡ് ആക്ഷൻ), ചൈനയിൽ നിന്നുള്ള ലു ക്വി (സയൻസ് ആൻഡ് ഇന്നോവേഷൻ), കാർഷിക കൂട്ടായ്മയായ സെകെം (ഇന്റർപ്രന്യൂറിയൽ വിഷൻ) എന്നിവരും പുരസ്കാരത്തിന് അർഹരായി.



# ഇന്ത്യക്കാർ നാടുകടത്തൽ ഭീതിയിൽ

വാഷിങ്ടൺ: ജനുവരിയിൽ അധികാരമേറ്റാലുടൻ ചരിത്രത്തിലെ ഏറ്റവും വലിയ നാടുകടത്തലിന് അമേരിക്ക സാക്ഷ്യം വഹിക്കുമെന്ന നിയുക്ത പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ ഭീഷണി 17,940 ഇന്ത്യക്കാരെ ബാധിക്കും.

നാടുകടത്തലിനുള്ള മുന്നൊരുക്കമായി അനധികൃതമായി രാജ്യത്ത് കഴിയുന്ന ഏകദേശം 15 ലക്ഷം കുടിയേറ്റക്കാരുടെ അന്തിമപട്ടിക യുഎസ് ഇമിഗ്രേഷൻ ആൻഡ് കസ്റ്റംസ് എൻഫോഴ്സ്മെന്റ് (ഐസിഇ) നവംബറിൽ പുറത്തുവിട്ടിരുന്നു. ഇതിൽ 17,940 പേർ ഇന്ത്യക്കാരാണെന്നാണ് വിവരം.

കൂടുതലും ഗുജറാത്ത്, പഞ്ചാബ്, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ നിന്നുള്ളവരാണ്. ഇവരെ ഇന്ത്യയിലേക്ക് തിരികെ അയച്ചേക്കുമെന്നാണ് സൂചന. തങ്ങളുടെ പൗരരെന്ന് വിശ്വസിക്കപ്പെടുന്നവരെ സ്വീകരിക്കാൻ വിദേശ സർക്കാരുകൾ ഉചിതമായ നടപടി സ്വീകരിക്കുമെന്നു പ്രതീക്ഷിക്കുന്നതായി ഐസിഇ പറഞ്ഞു. മതിയായ രേഖകളില്ലാതെ രാജ്യത്തു കഴിയുന്ന നൂറോളം ഇന്ത്യക്കാരെ കഴിഞ്ഞ ഒക്ടോബറിൽ ചാർട്ടേഡ് വിമാനത്തിൽ തിരിച്ചയച്ചിരുന്നു. ഇന്ത്യൻ സർക്കാരിന്റെ സഹകരണത്തോടെ 2023-24 സാമ്പത്തികവർഷം 1100-ഓളം പേരെ നാടുകടത്തിയെന്നാണ് യുഎസ് ആഭ്യന്തര സുരക്ഷാവകുപ്പ് പറയുന്നത്.

അധികൃതരുടെ ഏകോപനത്തിലെ കാലതാമസം ചൂണ്ടിക്കാട്ടി ഐസിഇ ഇന്ത്യയെ 'സഹകരിക്കാത്തവരുടെ' വിഭാഗത്തിലാണ് പെടുത്തിയിട്ടുള്ളത്. മടങ്ങിയെത്തുന്ന പൗരരെ സ്വീകരിക്കുന്ന കാര്യത്തിൽ രാജ്യങ്ങൾ കാണിക്കുന്ന നിസ്സഹകരണം അടിസ്ഥാനമാക്കിയാണ് ഈ തരംതിരിവ്. നിലവിൽ ഇന്ത്യ, പാക്കിസ്ഥാൻ, ഭൂട്ടാൻ, ചൈന, റഷ്യ, ഇറാൻ തുടങ്ങിയ 15 രാജ്യങ്ങളാണ് പട്ടികയിലുള്ളത്.

## ടൈപ്പ് വൺ പ്രമേഹം; മുഴുവൻ കുട്ടികൾക്കും ഇൻഷുറൻസ് ഏർപ്പെടുത്തണം

തിരുവനന്തപുരം: ടൈപ്പ് വൺ പ്രമേഹബാധിതരായ മുഴുവൻ കുട്ടികൾക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കാൻ സംസ്ഥാന ബാലാവകാശ കമ്മീഷൻ ഉത്തരവിട്ടു. കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയിലോ സുരക്ഷാ മിഷന്റെ 'മിഠായി' പദ്ധതിയിലോ ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കാൻ കമ്മീഷൻ അംഗം ഡോ. എഫ് വിൽസൺ ആരോഗ്യ-കുടുംബക്ഷേമ സെക്രട്ടറിക്ക് നിർദേശം നല്കി.

സ്വകാര്യ ഇൻഷുറൻസ് കമ്പനികളുടെ നയങ്ങളും പ്രവർത്തനങ്ങളും പരിശോധിച്ച് സാമൂഹിക നീതി ഉറപ്പാക്കാൻ ആരോഗ്യവകുപ്പ് നടപടിയെടുക്കണം. ഉത്തരവിന്മേലുള്ള നടപടി റിപ്പോർട്ട് 60 ദിവസത്തിനുള്ളിൽ സമർപ്പിക്കാനും കമ്മീഷൻ നിർദേശിച്ചു.

ടൈപ്പ് വൺ പ്രമേഹം ബാധിച്ച കുട്ടിക്ക് ചികിത്സ നിഷേധിച്ചെന്നു കാട്ടി തിരുവനന്തപുരം മുരുക്കുംപുഴ സ്വദേശി നല്കിയ ഹർജിയിലാണ് ഉത്തരവ്. കുട്ടികളോട് വിവേചനം പുലർത്തുന്നതിൽ നിയമനടപടി വേണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടു.

## ഇന്ത്യയിൽ ബാങ്കുകളുടെ കിട്ടാക്കടം 4,50,670 കോടിയെന്ന് കേന്ദ്ര ധനമന്ത്രാലയം

ന്യൂഡൽഹി: ഇന്ത്യയിൽ ബാങ്കുകളുടെ കിട്ടാക്കടം 4,50,670 കോടി രൂപയെന്നു കേന്ദ്ര ധനമന്ത്രാലയം. കഴിഞ്ഞ സെപ്റ്റംബറിലെ കണക്കുകൾപ്രകാരം പൊതുമേഖലാ ബാങ്കുകളിൽ 3,16,331 കോടി രൂപയും സ്വകാര്യബാങ്കുകളിൽ 1,34,339 കോടി രൂപയുമാണ് കിട്ടാക്കടമെന്നു ധനമന്ത്രാലയം വ്യക്തമാക്കി. നൽകിയ വായ്പയുടെ 1.86 ശതമാനമാണു സ്വകാര്യബാങ്കുകളുടെ കിട്ടാക്കടം. എന്നാൽ പൊതുമേഖലാ ബാങ്കുകളിലിത് 3.09 ശതമാനമാണ്. 2018-19-ൽ 11.45 ലക്ഷം കോടി രൂപ കിട്ടാക്കടമായി എഴുതിത്തള്ളി.

ഏറ്റവും കൂടുതൽ വായ്പ എഴുതിത്തള്ളിയത് എസ്ബിഐയാണ്. 2015-16-ൽ 15,955 കോടി രൂപയാണ് എസ്ബിഐ എഴുതിത്തള്ളിയത്.

2018-19 ആയപ്പോഴേക്കും 58,905 കോടി രൂപയായി ഇത് ഉയർന്നു. 50 കോടി രൂപയിലേറെ വായ്പയെടുത്ത് ബോധപൂർവം തിരിച്ചടയ്ക്കാത്ത 580 സ്ഥാപനങ്ങളുടെ പട്ടിക റിസർവ് ബാങ്ക് തയാറാക്കിയിട്ടുണ്ടെന്നും എന്നാൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ പുറത്തുവിടാൻ കഴിയില്ലെന്നും ധനമന്ത്രാലയം വ്യക്തമാക്കി.

രാജ്യസഭാ എംപി ജോൺ ബ്രിട്ടാസിന്റെ ചോദ്യത്തിനു മറുപടിയായാണ് കേന്ദ്ര ധനവകുപ്പ് സഹമന്ത്രി പങ്കജ് ചൗധരി ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്.

## 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' ബില്ലുകൾക്ക് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം

ന്യൂഡൽഹി: ലോക്സഭ, നിയമസഭാ തെരഞ്ഞെടുപ്പുകൾ ഒരുമിച്ചും തുടർന്ന് 100 ദിവസത്തിനകം തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പുകളും നടത്താൻ നിർദേശിക്കുന്ന 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' ബില്ലുകൾക്ക് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ഡിസംബർ 12-ന് ചേർന്ന കേന്ദ്രമന്ത്രിസഭാ യോഗത്തിലാണ് അനുമതി നൽകിയത്.

തെരഞ്ഞെടുപ്പുകൾ ഒരുമിച്ചു നടത്താനുള്ള നിർദേശത്തെക്കുറിച്ചു പഠിക്കാൻ നിയോഗിച്ച മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദിന്റെ നേതൃത്വത്തിലുള്ള ഉന്നതാധികാര സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഭരണഘടനാ ഭേദഗതികൾ അടക്കമുള്ള ബില്ലുകൾക്ക് അംഗീകാരം നൽകിയത്. കഴിഞ്ഞ വർഷം സെപ്റ്റംബർ രണ്ടിനാണ് മുൻ രാഷ്ട്രപതിയുടെ നേതൃത്വത്തിൽ സമിതി രൂപീകരിച്ചത്. സമിതിയുടെ നിർദേശങ്ങൾക്ക് നേരത്തേ കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകിയിരുന്നു.

അഞ്ചു ഭരണഘടനാ ഭേദഗതികൾ ഉൾപ്പെടെയുള്ള ബില്ലുകൾ ഉടൻ പാർലമെന്റിൽ അവതരിപ്പിക്കും. സംയുക്ത പാർലമെന്ററി സമിതിയുടെ (ജെപിസി) പരിശോധനയ്ക്കായി ബില്ലുകൾ അയയ്ക്കുമെന്ന് കേന്ദ്രസർക്കാരിലെ ഉന്നതർ സൂചിപ്പിച്ചു. 2029 മുതൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന ബില്ലുകളിന്മേൽ 20-ന് സമാപിക്കുന്ന പാർലമെന്റ് സമ്മേളനത്തിൽ വിശദ ചർച്ചയുണ്ടാകില്ല.

അപൂർവമായാണ് ശനിയാഴ്ച സഭ സമ്മേളിക്കുന്നത്. രാജ്യസഭയിൽ തിങ്കൾ, ചൊവ്വ ദിവസങ്ങളിലാണു ഭരണഘടനാ ചർച്ച നിശ്ചയിച്ചിരിക്കുന്നത്. ഭരണഘടനയുടെ 75-ാം വാർഷികം പ്രമാണിച്ചാണു പ്രതിപക്ഷത്തിന്റെ ആവശ്യംകൂടി പരിഗണിച്ച് പ്രത്യേക ചർച്ചയ്ക്കു കേന്ദ്രം തയാറായത്.

നിലവിലുള്ള തെരഞ്ഞെടുപ്പ് നിയമങ്ങളിലെല്ലാം ഭേദഗതിയോടെ സമഗ്രമായൊരു ഒറ്റ നിയമം ശിപാർശ ചെയ്യുന്ന ബില്ലുകളാണ് പാർലമെന്റിൽ അവതരിപ്പിക്കുക.

ഭാവിയിൽ ഇന്ത്യയാകെ എല്ലാ തെരഞ്ഞെടുപ്പുകൾക്കും ഒരു വോട്ടർപട്ടികയാകും ഉണ്ടാകുക.

## ആലീസ് ചാക്കോ പാറേട്ട് അന്തരിച്ചു



മാഞ്ഞൂർ: പാറേട്ട് പരേതനായ ചാക്കോയുടെ (റിട്ടയേർഡ് എയർഫോഴ്സ് ഉദ്യോഗസ്ഥൻ) ഭാര്യ ആലീസ് ചാക്കോ (83) (ലീ അമിഗോ വില്ല, തെള്ളകം) അന്തരിച്ചു. സംസ്കാരം പിന്നീട്.

പരേത എസ്.എച്ച് മൗണ്ട് പുല്ലാനപ്പള്ളി കുടുംബാംഗമാണ്. മക്കൾ: ജേക്കബ് പാറേട്ട് (ചിക്കാഗോ), അലക്സ് പാറേട്ട് (ചിക്കാഗോ), ജോൺസൺ പാറേട്ട് (കാനഡ). മരുമക്കൾ: സെലിൻ കൂവക്കട വാകത്താനം, ഡോ. ഷൈനി ഊരാളിൽ മോനിപ്പള്ളി, മേഴ്സി ചീക്കപ്പാറ എസ്.എച്ച് മൗണ്ട്. സഹോദരങ്ങൾ: പരേതരായ പി.സി. കുര്യൻ പുല്ലാനപ്പള്ളി, പി.സി. ഉതുപ്പ് പുല്ലാനപ്പള്ളി, ഏലീശ മാത്യു വെങ്ങാലിൽ.

## ജിഡിപി വളർച്ച കൂടും: രാംനാഥ് കോവിന്ദ്

ന്യൂഡൽഹി: തെരഞ്ഞെടുപ്പുകൾ ഒരുമിച്ചാക്കിയാൽ രാജ്യത്തിന്റെ ആഭ്യന്തര വളർച്ചാ നിരക്കായ ജിഡിപിയിൽ ഒന്നു മുതൽ 1.5 ശതമാനം വരെ ഉയർച്ചയുണ്ടാകുമെന്ന് മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ്. ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് യാഥാർത്ഥ്യമാക്കാൻ കേന്ദ്രസർക്കാരും സംസ്ഥാനങ്ങളും സമവായമുണ്ടാക്കണമെന്ന് ഇതിനായി നിയമിച്ച സമിതിയുടെ അദ്ധ്യക്ഷനായ കോവിന്ദ് പറഞ്ഞു.

ഇതൊരു ഗെയിം ചേഞ്ചർ ആയിരിക്കും. രാജ്യത്തിന് മാറ്റം വരുത്തും. ഒരു പാർട്ടിയുടെ താല്പര്യമല്ല, മറിച്ച് രാജ്യത്തിന്റെ താല്പര്യമാണിതെന്നും അദ്ദേഹം പറഞ്ഞു.

ജനാധിപത്യത്തെ കൂടുതൽ ഊർജസ്വലവും പങ്കാളിത്തവുമാക്കുന്നതിനുള്ള സുപ്രധാന ചുവടുവെപ്പാണിതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. വിവിധ തലത്തിലുള്ള പങ്കാളികളുമായി കൂടിയാലോചിച്ചാണ് മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ് ഈ ശ്രമത്തിനു നേതൃത്വം നല്കിയതെന്ന് മോദി ചൂണ്ടിക്കാട്ടി.




FAMILY DENTAL

GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs
Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# നിമ്മി റോസ് ദാസ്സിന്റെ ഭരതം ഡാൻസ് അക്കാഡമി വയനാട് പ്രകൃതിദുരന്ത സമാശ്വാസ നിധിയിലേക്ക് സംഭാവന കൈമാറി

**പി.ഡി. ജോർജ് നടവയൽ**

ഫിലാഡൽഫിയ: 'നൃത്തവർഷിണി' പുരസ്കാര ജേത്രിയായ നിമ്മി റോസ് ദാസ് ശിക്ഷണം നല്കുന്ന ഭരതം ഡാൻസ് അക്കാഡമിയുടെ രജത ജൂബിലി ആഘോഷത്തിൽ സമാഹരിച്ച വയനാട് പ്രകൃതിദുരന്ത സമാശ്വാസത്തുക, ഓർമാ ഇന്റർനാഷണലിലൂടെ വയനാട്ടിൽ ലഭ്യമാക്കുന്നതിന് കൈമാറി.




ഓർമാ ഇന്റർനാഷണൽ ഭാരവാഹികൾ ഭരതം ഡാൻസ് അക്കാഡമിയുടെ മാതൃകാ ജീവകാരുണ്യ സേവനത്തിനു നന്ദി പറഞ്ഞു. ജോസ് ആറ്റുപുറം (ചെയർമാൻ), ജോർജ് നടവയൽ (പ്രസിഡണ്ട്), റോഷിൻ പ്ലാമൂട്ടിൽ (ട്രഷറർ), ജോസ് തോമസ് (ടാലന്റ് പ്രൊമോഷൻ ഫോറം ചെയർ), സജി സെബാസ്റ്റ്യൻ (ഫിനാൻസ് ഓഫീസർ), സെബിൻ സ്റ്റീഫൻ (ഫിലാഡൽഫിയ ചാപ്റ്റർ ജോ. സെക്രട്ടറി), ആലീസ് ജോസ്, സ്വപ്നാ സജി എന്നിവർ സംസാരിച്ചു. പ്രകൃതിദുരന്ത ബാധിതർക്ക് സഹായം നല്കുന്നതിനുള്ള ഭരതം ഡാൻസ് അക്കാഡമിയുടെ ജീവകാരുണ്യ നിലപാടിനെയും അവരുടെ പ്രവർത്തനങ്ങളെയും അഭിനന്ദിക്കുന്നതായി ഓർമാ ഇന്റർനാഷണൽ ഇന്ത്യാ പ്രൊവിൻസ് പ്രസിഡണ്ട് കെ.ജെ. ജോസഫ് മാസ്റ്ററും (റിട്ടയേഡ് ഹെഡ്മാസ്റ്റർ), സെക്രട്ടറി ഷീജാ കെ.പിയും (കഥാപ്രസംഗ-നൃത്താദ്ധ്യാപിക) പ്രവർത്തകരും ആശംസാപൂർവം നന്ദിയോടെ വയനാട്ടിൽ നിന്ന് വീഡിയോ കോൺഫറൻസിൽ അറിയിച്ചു. മുൻ വർഷങ്ങളിൽ ക്യാൻസർ ബാധിത അശരണർക്ക് സാന്ത്വനം പകരുവാൻ ഭരതം ഡാൻസ് അക്കാഡമി ധനസഹായം നല്കിയിരുന്ന വസ്തുത അവർ ഓർമ്മിച്ചു സംസാരിച്ചു.

നിമ്മി റോസ് ദാസ് കൊച്ചിൻ കോളജിൽ കോളജ് യൂണിയൻ ആർട്സ് വിഭാഗം സെക്രട്ടറിയായിരുന്നു. എറണാകുളം മഹാരാജാസ് കോളജിൽ നിന്ന് ധനശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും ഫിലാഡൽഫിയയിലെ കോളജുകളിൽ നിന്ന് ഫിസിയോ തെറാപ്പിയിൽ ബിരുദവും നേഴ്സിങ്ങിൽ മാസ്റ്റേഴ്സും നേടി. ഗുരു വിജയലക്ഷ്മിയുടെ ശിക്ഷണത്തിൽ ഭരതനാട്യവും കുച്ചുപ്പുടിയും മോഹിനി ആട്ടവും അഭ്യസിച്ചു. ചിത്രരചനയിലും പെയിന്റിങ്ങിലും മികവു പുലർത്തുന്ന ചിത്രകാരിയെന്ന നിലയിലും പ്രശസ്തയാണ് നിമ്മി.

ഫിലാഡൽഫിയയിലെ പേരെടുത്ത യൂണിവേഴ്സിറ്റിയിലെ നേഴ്സ് എഡ്യൂക്കേറ്ററും പ്രശസ്ത ഹോസ്പിറ്റലിൽ നേഴ്സ് മാനേജരുമാണ്. നൃത്തവിദ്യാദാനത്തിലൂടെ വിവിധ ഇന്ത്യൻ ഭാഷകളുടെയും സംസ്കാര രീതികളുടെയും പാഠങ്ങൾ അനേകം വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്ക് പകർന്നു നല്കുന്നു.

# കർദ്ദിനാൾ മാർ ജോർജ് കൂവക്കാട്ടിന് എസ്ബി ആൻഡ് അസംപ്ഷൻ അലൂംമ്നിയുടെ അഭിനന്ദനം

**തോമസ് ഡിക്രൂസ്**



ചിക്കാഗോ: കർദ്ദിനാൾ സ്ഥാനത്തേക്ക് വത്തിക്കാനിൽ വെച്ച് അഭിഷിക്തനായ മാർ ജോർജ് കൂവക്കാട്ടിന് എസ്ബി ആൻഡ് അസംപ്ഷൻ കോളജ് അലൂംമ്നി അസോസിയേഷൻ ചിക്കാഗോ ചാപ്റ്റർ ഊഷ്മളമായ അഭിനന്ദനങ്ങൾ അർപ്പിച്ചു. സഭാഭരണത്തിലും നയതന്ത്രതലത്തിലും വത്തിക്കാനിൽ അദ്ദേഹം തെളിയിച്ച മികവാർന്ന പ്രവർത്തനശൈലിക്ക് ലഭിച്ച അംഗീകാരമാണ് കത്തോലിക്കാ സഭയിലെ ഈ ഉന്നത സ്ഥാനമെന്ന് അസോസിയേഷൻ എക്സിക്യൂട്ടീവ് പ്രസ്താവനയിൽ പറഞ്ഞു. എസ്ബി കോളജിൽ അദ്ദേഹത്തിന്റെ ബിരുദ പഠനകാലത്ത് കാത്തലിക് സ്റ്റുഡന്റ്സ് മൂവ്മെന്റിൽ സജീവമായി പ്രവർത്തിച്ചുകൊണ്ട് പുലർത്തിയിരുന്ന വിനയവും സാമർത്ഥ്യവും സഭാസ്നേഹവും ശ്രദ്ധേയമായിരുന്നതായി ചിക്കാഗോയിലെ പൂർവ വിദ്യാർത്ഥികൾ ഓർക്കുന്നു. കർദ്ദിനാൾ ജോർജ് കൂവക്കാട്ടിനെ പേർഷ്യയിലെ പുരാതന സഭാകേന്ദ്രമായ നിസ്സിബിസ്സിലെ സ്ഥാനിക മെത്രാപ്പോലീത്തയായി നിയമിച്ചിരിക്കുന്നത് ഭാരത സഭയ്ക്കു ലഭിച്ച വലിയ അംഗീകാരം കൂടിയാണ്. എസ്ബി കോളജിന്റെ പൂർവ്വ വിദ്യാർത്ഥികളായ കർദ്ദിനാൾമാരായ അഭിവന്ദ്യ ഐസക് മാർ ക്ലിമീസ് ബാവയ്ക്കും മാർ ആലഞ്ചേരി പിതാവിനുമൊപ്പം മാർ കൂവക്കാട്ടിനു ലഭിച്ച പദവി കോളജിനും എല്ലാ പൂർവ്വ വിദ്യാർത്ഥികൾക്കും അഭിമാനകരവും ആഹ്ളാദകരമായ നിമിഷങ്ങളാണ് നല്കുന്നതെന്നും അസോസിയേഷന്റെ പ്രസ്താവനയിൽ പറഞ്ഞു.

2024 ഡിസംബർ 28-ന് ശനിയാഴ്ച ഉച്ചയ്ക്ക് ഡെസ്പ്ലെയിൻസിലുള്ള കോർട്ട്ലാൻഡ് സ്ക്വയറിൽ വെച്ച് നടക്കുന്ന എസ്ബി ആൻഡ് അസംപ്ഷൻ കോളജ് അലൂംമ്നി അസോസിയേഷന്റെ ക്രിസ്മസ്-നവവത്സര ആഘോഷങ്ങളിലും വിദ്യാഭ്യാസ പ്രതിഭാ പുരസ്കാരദാന ചടങ്ങിലും ചിക്കാഗോയിലെ എല്ലാ പൂർവ്വവിദ്യാർത്ഥികളും കുടുംബസമേതം വന്നു പങ്കെടുക്കണമെന്നു പ്രസിഡണ്ട് ഡോ. മനോജ് നേര്യംപറമ്പിലും എക്സിക്യൂട്ടീവ് ഭാരവാഹികളും അഭ്യർത്ഥിച്ചു.

# ഡോ. ജിതേഷ്ജിക്ക് വരവേഗതയിൽ വീണ്ടും ലോക റെക്കോഡ്

പന്തളം: വരയരങ്ങുകളിൽ ഇരുകൈകളും ഒരേസമയം ഉപയോഗിച്ച് വെറും പത്ത് മിനിറ്റിനുള്ളിൽ നൂറിൽപ്പരം പ്രശസ്തരുടെ ചിത്രങ്ങൾ വരയ്ക്കുന്ന സൂപ്പർ സ്പീഡി കാർട്ടൂണിസ്റ്റ് ഡോ. ജിതേഷ്ജിക്ക് ലോകത്തെ ഏറ്റവും വേഗതയേറിയ പെർഫോമിങ് ചിത്രകാരൻ എന്ന നിലയിൽ യുഎസ്എ ബുക്ക് ഓഫ് വേൾഡ് റെക്കോഡ് ലഭിച്ചു.

ഇതിനുമുൻപ് മൂന്ന് ഗിന്നസ് വേൾഡ് റെക്കോഡ് ഇവന്റുകളിലുൾപ്പെടെ നിരവധി ലോകറെക്കോർഡുകളിൽ ഉൾപ്പെട്ടിട്ടുള്ള ഡോ. ജിതേഷ്ജി 3000-ത്തിലേറെ പ്രശസ്ത വ്യക്തികളെ ഓർമ്മയിൽനിന്ന് വരയ്ക്കുന്ന സൂപ്പർ മെമ്മറൈസർ പെർഫോമിങ് ചിത്രകാരൻ എന്ന നിലയിലും അന്താരാഷ്ട്ര വ്യാതിയും റെക്കോഡും നേടിയ മലയാളിയാണ്.

2008-ലെ അഞ്ചുമിനിറ്റിനുള്ളിൽ 50 പ്രശസ്തവ്യക്തികളുടെ ചിത്രങ്ങൾ എന്ന തന്റെ തന്നെ വേഗവര ലോകറെക്കോഡാണ് 10 മിനിറ്റിനുള്ളിൽ 100-ലേറെ വ്യക്തികളെ വരച്ച് ജിതേഷ്ജി തിരുത്തിക്കുറിച്ചത്. ഇരുപതിലേറെ രാ



ജ്യങ്ങളിൽ സഞ്ചരിച്ച് അദ്ദേഹം തന്റെ മിന്നൽ വേഗവരയുടെ മാസ്മരിക പ്രകടനം അവതരിപ്പിച്ച് ലോകശ്രദ്ധ നേടിയിട്ടുണ്ട്. ചിത്രകലയുടെ അരങ്ങിലെ ആവിഷ്കാരമായ വരയരങ്ങ് തനതു കലാരൂപത്തിന്റെ ഉപജ്ഞാതാവ് എന്ന നിലയിലും ഈ അതിവേഗ ചിത്രകാരൻ ശ്രദ്ധേയനാണ്. 200 ലക്ഷത്തിലേറെ പ്രേക്ഷകരെ ഇൻസ്റ്റഗ്രാമിൽ വേഗവരയിലൂടെ നേടിയ ആദ്യചിത്രകാരനും ജിതേഷ്ജിയാണെന്നതും മറ്റൊരു റെക്കോഡ് നേട്ടമായി.

യുഎസിലെ ലോസ് ആഞ്ചലസ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന പ്രമുഖ ഓൺലൈൻ സെലിബ്രിറ്റി റാങ്കിങ് കമ്പനിയായ റാങ്കർ ഡോട്ട് കോം ലോകശ്രദ്ധ നേടിയ പത്ത് ഇന്ത്യൻ കാർട്ടൂണിസ്റ്റുകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ജിതേഷ്ജിയെ ആദരിച്ചിട്ടുമുണ്ട്.

അമേരിക്കൻ പ്രസിഡണ്ടുമാരായ എബ്രഹാം ലിങ്കൺ, ജോർജ് വാഷിംഗ്ടൺ, വില്യം ഹോവാർഡ് താഫ്റ്റ്, ജോർജ് ഡബ്ല്യു. ബുഷ്, ബറാക്ക് ഒബാമ, ഡോണൾഡ് ജെ. ട്രംപ് തുടങ്ങി ഒരു ഡസനിലേറെ അമേരിക്കൻ പ്രസിഡണ്ടുമാരും മൈക്കൾ ജാക്സൻ, ചാർളി ചാപ്ലിൻ, ചെഗുവെര, ഗാന്ധിജി, ജവഹർലാൽ നെഹ്റു, ഇന്ദിരാ ഗാന്ധി, സ്വാമി വിവേകാനന്ദ, അഡോൾഫ് ഹിറ്റ്ലർ, മദർ തെരേസ തുടങ്ങി നൂറിൽപരം ലോകപ്രശസ്ത വ്യക്തികളെയും ഇരുകൈകളും ഉപയോഗിച്ച് വെറും പത്തു മിനിറ്റിനുള്ളിൽ ജൂറിക്കു മുന്നിൽ വരച്ചുതീർത്താണ് വരവേഗ വിസ്മയത്തിൽ തന്റെതന്നെ മുൻ ലോകറെക്കോഡ് തിരുത്തിക്കുറിച്ചത്.

ദ ഹിസ്റ്ററി മാൻ ഓഫ് ഇന്ത്യ എന്ന വിശേഷണത്തിനുടമയാണിദ്ദേഹം. ഭാര്യ: ഉണ്ണിമായ. മക്കൾ: ശിവാനി, നിരഞ്ജൻ.

# ദേശീയപാതാ അപകടങ്ങൾ: കേരളം ഇന്ത്യയിൽ രണ്ടാമത്

തിരുവനന്തപുരം: ഇന്ത്യയിൽ ദേശീയപാതകളിലെ അപകടങ്ങളുടെ കണക്കിൽ കേരളം രണ്ടാം സ്ഥാനത്ത്. 2022-23-ലെ കണക്കുപ്രകാരം കേരളത്തിലെ 1800 കിലോമീറ്റർ ദേശീയപാതയിൽ 17,627 അപകടങ്ങൾ നടന്നു. സംസ്ഥാന പാതകളിലെ അപകടക്കണക്കിൽ കേരളം ഇന്ത്യയിൽ അഞ്ചാം സ്ഥാനത്താണ്. 4128 കിലോമീറ്റർ സംസ്ഥാനപാതയിൽ 2022-23-ൽ 9500 അപകടം നടന്നെന്നാണു കണക്ക്.

ഈ കാലയളവിൽ കേരളത്തിലാകെ നടന്ന 43,100 അപകടങ്ങളിൽ ബാക്കിയുള്ളവ ദേശീയ, സംസ്ഥാന പാതകളല്ലാത്ത റോഡുകളിലാണ്. കേരളത്തിലെ 73 ശതമാനം റോഡുകളും ഈ ഗണത്തിലാണ്. ജില്ലാ റോഡുകളും തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലയിലെ റോഡുകളുമാണവ. ഈ വർഷം ഒക്ടോബർ വരെ 3168 പേർ കേരളത്തിൽ റോഡപകടങ്ങളിൽ മരിച്ചു.

മൂന്ന് വർഷത്തിനിടെ അഞ്ചിലേറെ അപകടങ്ങളും പത്തിലേറെ മരണവുമുണ്ടാകുന്ന 500 മീറ്റർ റോഡ് മേഖലയെയാണ് ബ്ലാക്ക്സ്പോട്ടായി കണക്കാക്കുന്നത്. 2021-ൽ കണ്ടെത്തിയ 4592 ബ്ലാക്ക്സ്പോട്ടുകളിൽ ഏറ്റവും കൂടുതൽ എറണാകുളം ജില്ലയിലാണ് - 703. തിരുവനന്തപുരം - 694, തൃശൂർ - 548 എന്നിങ്ങനെയാണു കണ്ടെത്തിയത്.

# ക്ഷേത്ര ട്രസ്റ്റി നിയമനങ്ങളിൽ ജാതി ഘടകമാകരുത്: സുപ്രീംകോടതി

ന്യൂഡൽഹി: ദൈവം ജാതി അംഗീകരിക്കുന്നില്ലെന്നും ക്ഷേത്രങ്ങളിലെ പാരമ്പര്യേതര ട്രസ്റ്റി നിയമനങ്ങളിൽ ജാതി പരിഗണിക്കരുതെന്നും സുപ്രീംകോടതി നിർദേശിച്ചു.

തിരുനാവായ ശ്രീവൈരങ്കോട് ക്ഷേത്രത്തിലെ പാരമ്പര്യേതര ട്രസ്റ്റികളായി നാല് പേരെ നിയമിച്ച മലബാർ ദേവസ്വം ബോർഡിന്റെ നടപടി ഹൈക്കോടതി റദ്ദാക്കിയതിനെതിരായ ഹർജി പരിഗണിക്കുകയായിരുന്നു കോടതി. ഹൈക്കോടതി ഉത്തരവിൽ ഇടപെടുന്നില്ലെന്നു ജഡ്ജിമാരായ എം.എം. സുന്ദരേശ്, അരവിന്ദ് കുമാർ എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി.

ചട്ടപ്രകാരം ട്രസ്റ്റി നിയമനങ്ങളിൽ തന്ത്രിമാരുടെ സ്വാധീനമുണ്ടെന്നും അവർ തീരുമാനമെടുത്താൽ പിന്നാക്ക ജാതിക്കാർ തഴയപ്പെടാമെന്നും ഹർജിക്കാർക്കുവേണ്ടി പി.വി. ദിനേശ്, കെ.എ.ആർ. സുഭാഷ് ചന്ദ്രൻ എന്നിവർ പറഞ്ഞു. ട്രസ്റ്റി നിയമനങ്ങളിൽ ജാതി പരിഗണിക്കരുതെന്ന നിർദേശം ഉത്തരവിൽ രേഖപ്പെടുത്തണമെന്നും അവർ ചൂണ്ടിക്കാട്ടി.

രാഷ്ട്രീയ പ്രവർത്തനം നടത്തിയിരുന്നു എന്നതാണു രണ്ടുപേരുടെ അയോഗ്യതയായി ഹൈക്കോടതി കണ്ടെത്തിയത്. വിദ്യാഭ്യാസ യോഗ്യതയും ചെത്തുതൊഴിലാളിയായിരുന്നു എന്നതുമാണ് ഒരാളെ ഒഴിവാക്കാൻ കാരണം.

സജീവ രാഷ്ട്രീയ പ്രവർത്തകർക്കോ രാഷ്ട്രീയ പാർട്ടികൾക്കോ ട്രസ്റ്റികൾ ആകാൻ കഴിയില്ലെന്നതുൾപ്പെടെയുള്ള ഹൈക്കോടതിയുടെ നിലപാട് സുപ്രീംകോടതി ശരിവെച്ചു. അതേസമയം, ഇതു ഹർജിക്കാരുടെ ഭാവി നിയമനങ്ങളെ ബാധിക്കരുതെന്നും ചൂണ്ടിക്കാട്ടി.

ഓർമ്മക്കുറിപ്പ്

# എസ്.എം. കൃഷ്ണ: ആധുനിക ബെംഗളൂരുവിന്റെ ശില്പി

വാഷിങ്ടൺ ഡിസി: ഡിസംബർ 10-ന് ചൊവ്വാഴ്ച രാവിലെ 2.45-ന് മുൻ കർണാടക മുഖ്യമന്ത്രിയും രണ്ടാം യുപിഎ സർക്കാരിൽ വിദേശകാര്യ മന്ത്രിയുമായിരുന്ന സോമനഹള്ളി മല്ലയ്യ കൃഷ്ണ എന്ന എസ്.എം. കൃഷ്ണ അന്തരിച്ചുവെന്ന വാർത്ത വന്നതിന് 3 മണിക്കൂറിനുള്ളിൽ ഗൂഗിൾ ട്രെൻഡ്സ് കണക്കുപ്രകാരം 50,000-ൽപരം സേർച്ചുകളാണ് ഗൂഗിൾ റിക്കാർഡ് ചെയ്യപ്പെട്ടത്. പണ്ടത്തെ ബാംഗ്ലൂരിനെ, ഇന്നത്തെ ബെംഗളൂരു, ഇന്ത്യയുടെ ടെക്ക് സിറ്റി അല്ലെങ്കിൽ സിലിക്കോൺ വാലിയാക്കി മാറ്റിയ ദീർഘവീക്ഷണമുള്ള ഒരു രാഷ്ട്രീയ നേതാവ്, രണ്ടാം മൻമോഹൻ സിംഗ് സർക്കാരിലെ വിദേശകാര്യമന്ത്രി എന്ന നിലയിൽ 'ഇന്ത്യൻ ഡിപ്ലോമസി'ക്ക് നല്കിയ സംഭാവനകൾ എന്ന നിലകളിലായിരിക്കാം അദ്ദേഹത്തിന്റെ വേർപാട് ലോകശ്രദ്ധയാകർഷിച്ചത്.

കർണാടകയിലെ മാണ്ഡ്യ ജില്ലയിൽ ജനിച്ച എസ്.എം. കൃഷ്ണ നിയമബിരുദത്തിനു ശേഷം ഫുൾബ്രൈറ്റ് സ്കോളർഷിപ്പോടെ അമേരിക്കയിലെ ഉപരിപഠനത്തിന് ശേഷമാണ് രാഷ്ട്രീയത്തിലിറങ്ങുന്നത്. 1962-ൽ മദ്ദൂർ മണ്ഡലത്തിൽ നിന്നും സ്വതന്ത്രനായി മത്സരിച്ച് കർണാടക നിയമസഭയിലെത്തിയതോടെയാണ് അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതത്തിന്റെ തുടക്കം. പിന്നീട് സോഷ്യലിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടനായി ജയപ്രകാശ് നാരായണന്റെ പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയിൽ ചേർന്നു. 1968-ൽ പ്രജാ സോഷ്യലിസ്റ്റിന്റെ ലേബലിൽ മത്സരിച്ച് മാണ്ഡ്യാല മണ്ഡലത്തിൽ നിന്നും ലോക്സഭയിലെത്തി. 1971-ൽ കോൺഗ്രസിൽ ചേർന്ന അദ്ദേഹം 1989-ൽ മദ്ദൂരിൽ നിന്നും നിയമസഭയിലെത്തി. 1999 മുതൽ 2004 വരെ കർണാടക മുഖ്യമന്ത്രിയായപ്പോഴാണ് ബാംഗ്ലൂരിന്റെ മുഖചിത്രം മാറുന്നത്. കർണാടകയുടെ വികസനം, ബെംഗളൂരുവിലൂടെയാണെന്ന് വിശ്വസിച്ച അദ്ദേഹം ബെംഗളൂരു അഡ്വാൻസ്മെന്റ് ഫോഴ്സ് രൂപീകരിച്ചു. പിന്നീട് ബെംഗളൂരുവിന്റെ വളർച്ച ചരിത്രം.

വർഷങ്ങൾക്കുള്ളിൽ ബെംഗളൂരു ഇന്ത്യയുടെ ഐ.ടി ഹബ് അല്ലെങ്കിൽ സിലിക്കോൺവാലി ആയി മാറി. ആന്ധ്രാ മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു ഹൈദരാബാദിനെ എങ്ങനെ വളർത്തിയോ അതിലും മികച്ച സാങ്കേതിക മികവോടെ ബെംഗളൂരുവിനെ രാജ്യത്തിന്റെ ഐടി തലസ്ഥാനമാക്കി മാറ്റിയത് എസ്.എം. കൃഷ്ണയുടെ ഭരണനേട്ടമാണ്. ഒരു ടെക്ക് കമ്പനിയുടെ സിഇഒയെ പോലെയായിരുന്നു അദ്ദേഹത്തിന്റെ വികസനമോഡൽ.

**ബിനോയി തോമസ്**

2009 മുതൽ 2012 വരെ എസ്.എം. കൃഷ്ണ മൻമോഹൻ സിംഗിന്റെ രണ്ടാം മന്ത്രിസഭയിൽ വിദേശകാര്യമന്ത്രി ആയിരിക്കുമ്പോഴാണ് ഞാൻ അദ്ദേഹത്തെ പരിചയപ്പെടുന്നത്. ഇന്ത്യയുടെ അയൽരാജ്യമായ ശ്രീലങ്കയിലെ വർഷങ്ങൾ നീണ്ട എൽടിടിഇ-ശ്രീലങ്കൻ ആഭ്യന്തര യുദ്ധത്തിനുശേഷം ശ്രീലങ്കയുടെ രാഷ്ട്രപുനർനിർമ്മാണത്തിന് ഇന്ത്യ നല്കിയ 500 കോടി എയ്ഡ് പാക്കേജിനും 50,000 വീടുകൾ നിർമ്മിച്ചു നല്കാനും ഇന്ത്യയുടെ സംഭാവനയ്ക്ക് അദ്ദേഹം മേൽനോട്ടം വഹിച്ചു. ജഫ്ന 30 വർഷങ്ങൾക്കു ശേഷം സന്ദർശിക്കുന്ന ആദ്യത്തെ കാബിനറ്റ് മന്ത്രി എസ്.എം. കൃഷ്ണയായിരുന്നു.



എസ്.എം. കൃഷ്ണയോടൊപ്പം (ഇടത്ത്) മാത്യു ടി. തോമസും ബിനോയി തോമസും

യുഎസ് പ്രസിഡണ്ട് ഒബാമയുടെ കാലത്ത് അമേരിക്കൻ സെക്രട്ടറി ഓഫ് സ്റ്റേറ്റ് ആയിരുന്ന ഹിലാരി ക്ലിന്റണുമായി നല്ല ബന്ധം പുലർത്തിയിരുന്ന എസ്.എം. കൃഷ്ണ മൂന്നുവട്ടം ഇന്ത്യ-യുഎസ് സ്ട്രാജിക് ഡയലോഗിന്റെ കോ-ചെയറുമായിരുന്നു. ഇന്ത്യയെ അമേരിക്കയുടെ സ്ട്രാജിക് പാർട്ണർ ആയി വിശേഷിപ്പിക്കാൻ തുടങ്ങിയതും ഇക്കാലത്താണ്. പാക്കിസ്ഥാന്റെ വിദേശകാര്യ മന്ത്രിയായിരുന്ന ഹിന റബ്ബാനി ഖാറുമായി വ്യക്തിപരമായ ബന്ധം സ്ഥാപിക്കാനും എസ്.എം. കൃഷ്ണയ്ക്ക് കഴിഞ്ഞത് ഇന്ത്യ-പാക്കിസ്ഥാൻ ബന്ധത്തിലെ മഞ്ഞുരുക്കലിനും കാരണമായി.

2011-ൽ അറബ് രാജ്യങ്ങളിൽ മുല്ലപ്പൂവസന്തം (അറബ് സ്പ്രിങ്) ആഞ്ഞടിച്ചപ്പോൾ പ്രത്യേകിച്ച് ഈജിപ്റ്റിലെയും ലിബിയയിലെയും ഭരണമാറ്റം നടക്കുന്നതും എസ്.എം. കൃഷ്ണ വിദേശകാര്യമന്ത്രി ആയിരിക്കുമ്പോഴാണ്. ആഭ്യന്തര വിപ്ലവകാലത്ത് ലിബിയയിൽ കുടുങ്ങിയ 16,000 ഇന്ത്യക്കാരെ സുരക്ഷിതരായി നാട്ടിലെത്തിക്കാൻ കഴിഞ്ഞതും എസ്.എം. കൃഷ്ണയുടെ മേൽനോട്ടത്തിലായിരുന്നു.

2009 മുതൽ 2012-ൽ വിദേശകാര്യ മന്ത്രിസ്ഥാനം ഒഴിയുന്നതുവരെ അദ്ദേഹം വാഷിങ്ടണിലെത്തിയിരുന്ന അവസരങ്ങളിലാണ് എനിക്ക് അദ്ദേഹവുമായി സുഹൃദ്ബന്ധം സ്ഥാപിക്കുവാൻ കഴിഞ്ഞത്. അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റിലും ഇന്ത്യൻ അംബാസഡറുടെ വസതിയിലും നടന്ന വിരുന്നുസൽക്കാരങ്ങളിൽ പങ്കുചേരാനും എനിക്കായി. ഇ-മെയിലുകൾക്ക് കൃത്യമായി മറുപടി നേരിട്ട് എഴുതി അയയ്ക്കുന്ന സ്വഭാവം അദ്ദേഹത്തിനുണ്ടായിരുന്നു.



ലേഖകൻ

എംഎൽഎ, സ്പീക്കർ, ലോക്സഭാംഗം, രാജ്യസഭാംഗം, മുഖ്യമന്ത്രി, മഹാരാഷ്ട്ര ഗവർണർ, വിദേശകാര്യമന്ത്രി എന്നീ നിലകളിൽ ശോഭിച്ച അദ്ദേഹത്തിന് 2023-ൽ രാഷ്ട്രം പത്മപുരസ്കാരം നല്കി ആദരിച്ചു. നവ ബെംഗളൂരുവിന്റെ ശില്പി എന്ന നിലയിലായിരിക്കും കാലം അദ്ദേഹത്തെ സ്മരിക്കുക. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുന്നിൽ എന്റെ ആദരാഞ്ജലികൾ!

# അബ്ദുൾ പുന്നയൂർക്കുളത്തിനെ വാതലയേശൻ ഇവന്റ്സ് ആദരിച്ചു

ഗുരുവായൂർ: ഗുരുവായൂർ മുനിസിപ്പൽ ഫ്രീഡം ഹാളിലെ ചടങ്ങിൽ ഗുരുവായൂർ ക്ഷേത്രം മേൽശാന്തി കക്കാട് കിരൺ ആനന്ദ് നമ്പൂതിരി യോഗം ഉദ്ഘാടനം ചെയ്തു. രാജൻ പുഷ്പാഞ്ജലി അദ്ധ്യക്ഷത വഹിച്ചു. 35 വർഷമായി അരലക്ഷത്തോളം അയ്യപ്പഭക്തരെ കാൽനടയായി ശബരിമലക്ക് കൊണ്ടുപോയിരുന്ന ഗുരുസ്വാമി, ബാബു കോയിപ്പുറത്ത് രചനയും സംഗീതവും നിർവഹിച്ച 'ശാസ്താമൃതം' എന്ന ആൽബത്തിലെ മൂന്ന് ഗാനങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ചു. ദൃശ്യമാധ്യമ പ്രവർത്തകനായ പ്രദീപ് നാരായണനാണ് ഇതിന്റെ സംവിധാനം നിർവഹിച്ചത്. കലാമണ്ഡലം കൊളാത്താപ്പുള്ളി നാരായണൻ നമ്പൂതിരിയുടെ പ്രാർത്ഥനയോടെ ആരംഭിച്ച പരിപാടിയിൽ ഞമനേങ്ങാട് തിയേറ്റർ വില്ലേജ് (എൻടിവി) നിർമ്മിച്ച 'അപൂരക സമത്വം' എന്ന ഹ്രസ്വചിത്രത്തിന്റെ പ്രദർശനവും ഉണ്ടായിരുന്നു. അമേരിക്കയിലെ ഹൂസ്റ്റൺ കേരളാ റൈറ്റേഴ്സ് ഫോറത്തിന്റെ സാഹിത്യ പുരസ്കാരത്തിനും ലിറ്റററി



അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാന) ആദരിച്ചതിനും എഴുത്തുകാരൻ അബ്ദുൾ പുന്നയൂർക്കുളത്തിനെ വേദിയിൽ ആദരിച്ചു. പ്രദീപ് നാരായണൻ സ്വാഗതവും സജീവ് കുമാർ നന്ദിയും പറഞ്ഞു.



KERALA EXPRESS പ്രവാസി താളുകൾ

# ആർപ്കോയുടെ ഫാമിലി നൈറ്റ് വിജയകരമായി

ചിക്കാഗോ: ആർപ്കോയുടെ (Association of Rehabilitation Professionals of Kerala Origin-ARPKO) പുതിയ ഭരണ സമിതിയുടെ പ്രവർത്തനോദ്ഘാടനവും ഫാമിലി നൈറ്റും വിജയകരമായി നടത്തപ്പെട്ടു. ഓർത്തോപീഡിക് സർജൻ ഡോ. റാം അരിബിൻഡി മുഖ്യാതിഥിയായിരുന്നു. മെഡിക്കൽ രംഗത്ത് പ്രൊഫഷണലിസവും എത്തിക്സും കാത്തുസൂക്ഷി

**സ്വന്തം ലേഖകൻ**

ക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി ഡോ. റാം വിശദീകരിച്ചു.

പ്രസിഡണ്ട് മജു ഓട്ടപ്പള്ളി സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. അസോസിയേഷന്റെ അടുത്ത രണ്ടു വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. ഡോ. ജിഗർ പഞ്ചൽ ഗസ്റ്റ് സ്പീക്കറായിരുന്നു. പ്രഥമ പ്രസിഡണ്ട് ബെഞ്ചമിൻ തോമസ് ആശംസകൾ നേർന്നു. സെക്രട്ടറി സോയ ബാബു സ്വാഗതവും ട്രഷറർ മന്നു ജെയിംസ് തിരുനെല്ലിപറമ്പിൽ കൃതജ്ഞതയും പറഞ്ഞു. വൈസ് പ്രസിഡണ്ട് അരുൺ തൊട്ടിച്ചിറ എം.സി ആയിരുന്നു. ജോയിന്റ് സെക്രട്ടറി റ്റോമി പ്ലാത്തോട്ടത്തിൽ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി.

ഡോ. ബ്രിജിറ്റ് ജോർജ്, ജെയിംസ് തിരുനെല്ലിപറമ്പിൽ, സിന്ധു പുളിക്കതൊട്ടിയിൽ, മരിയ പുല്ലാപ്പള്ളി, ഹാനാ ഓട്ടപ്പള്ളി, ടിങ്കിൾ തൊട്ടിച്ചിറ തുടങ്ങിയവർ കലാപരിപാടികൾ അവതരിപ്പിച്ചു.





# മങ്കയുടെ ക്രിസ്മസ്–ന്യൂഇയർ ആഘോഷം വിജയമായി

കാലിഫോർണിയ: മലയാളി അസോസിയേഷൻ ഓഫ് നോർത്തേൺ കാലിഫോർണിയ (മങ്ക) യുടെ ക്രിസ്മസ്-ന്യൂഇയർ ആഘോഷങ്ങൾ ഗംഭീരവിജയമായി. ഡിസംബർ 7-ന് ഇന്ത്യൻ കമ്യൂണിറ്റി സെന്റർ ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന പരിപാടികൾ രാകേഷ് അഡ്‌ല, ഡെപ്യൂട്ടി കോൺസൽ ജനറൽ (സാൻ ഫ്രാൻസിസ്കോ ഇന്ത്യൻ കോൺസലേറ്റ്) ഉദ്ഘാടനം

**ബിന്ദു ടിജി**

ചെയ്തു. യൂണിയൻ സിറ്റി മേയർ ഗാരിസിംഗ് ആയിരുന്നു മുഖ്യാതിഥി.

ഉത്സവ പ്രതീതി ജനിപ്പിക്കുന്ന വിധത്തിൽ ഓഡിറ്റോറിയം മനോഹരമായി അലങ്കരിച്ചിരുന്നു. മങ്ക കുടുംബങ്ങൾക്കും സന്ദർശകർക്കും ക്രിസ്മസ്-ന്യൂഇയർ ആഘോഷങ്ങൾ ഓർമ്മയിൽ സൂക്ഷിക്കാൻ സാന്തായുമൊത്ത് ചിത്രം എടുക്കാനുള്ള ഫോട്ടോ ബൂത്ത് സൗകര്യവും ഒരുക്കിയിരുന്നു. കാണികൾ നിറഞ്ഞ ഓഡിറ്റോറിയത്തിൽ ബേ എരിയയിലെ മികവുറ്റ കലാകാരന്മാർ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ഡിജെയുടെ താളങ്ങൾക്കൊത്തുള്ള നൃത്തച്ചുവടുകൾ ഏവരെയും ആനന്ദലഹരിയിൽ ആഴ്ത്തി.

യൂണിയൻ സിറ്റിയിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട മേയർ ഗാരി സിംഗിനും പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഫ്രിമോണ്ട് യൂണിഫൈഡ് സ്കൂൾ ഡിസ്ട്രിക്ട് ട്രസ്റ്റി റിനു നായർക്കും മങ്ക ടീം ആശംസകൾ അർപ്പിച്ചു. രണ്ടാം തലമുറയിൽ നിന്നും ഉയർന്നു വന്ന കമ്യൂണിറ്റി ലീഡർ എന്ന നിലയിൽ റിനുവിനെ മങ്ക ടീം പ്രത്യേകം അഭിനന്ദിച്ചു.

മങ്കയ്ക്ക് സാമ്പത്തിക സഹായം നല്കിവരുന്ന സ്പോൺസേഴ്സിനോടുള്ള അകൈതവമായ നന്ദിയും കടപ്പാടും പ്രസിഡണ്ട് സുനിൽ വർഗീസ് പ്രത്യേകം രേഖപ്പെടുത്തി. അടുത്ത വർഷം നടക്കാനിരിക്കുന്ന രണ്ട് പരിപാടികൾ കൂടി എടുത്തുപറഞ്ഞു. മങ്കയിലെ വിവിധ ക്ലബുകൾ സംഘടിപ്പിക്കുന്ന പരിപാടികളുടെ ഒരു മേള അടുത്ത മെയ് 10ന് ഒരു മുഴുദിന പരിപാടിയായി സംഘടിപ്പിക്കും.

അടുത്ത വർഷത്തെ ഓണം ഓഗസ്റ്റ് 30നായിരിക്കും ആഘോഷിക്കുക. കേരളത്തിലെ പ്രസിദ്ധനായ പാചകവിദഗ്ദ്ധൻ പഴയിടം നമ്പൂതിരി ഒരുക്കുന്ന സ്വാദിഷ്ടമായ സദ്യയായിരിക്കും പരിപാടിയുടെ പുതുമയും ആകർഷണവും. വർണ്ണാഭമായ ഈ ആഘോഷപരിപാടികൾക്ക് നേതൃത്വം നല്കി ആസൂത്രണം നിർവഹിച്ചത് സദാ സേവനസന്നദ്ധരായ മങ്ക ബോർഡ് ഓഫ് ഡയറക്ടേഴ്സ് ജോൺ പുലിക്കോട്ടിൽ, മേരിദാസൻ ജോസഫ്, പത്മപ്രിയ പാലോട്ട്, പ്രിൻസ് നെച്ചിക്കാട്ട് എന്നിവർക്കൊപ്പം മങ്ക ബോർഡും ചേർന്നാണ്.






ബോർഡ് ഓഫ് ഡയറക്ടേഴ്സ് ജോൺ പുലിക്കോട്ടിൽ അതിഥികൾക്ക് സ്വാഗതം പറഞ്ഞു. സെക്രട്ടറി പ്രിൻസി നെച്ചിക്കാട്ട് 2025-ലെ മങ്കയുടെ കലണ്ടറിന്റെ പ്രകാശനത്തിന്റെ ചുമതല വഹിച്ചു. വൈസ് പ്രസിഡണ്ട് പത്മപ്രിയ പാലോട്ട് സ്പോൺസേഴ്സിനെ ആദരിച്ചു. ട്രഷറർ മേരിദാസൻ ജോസഫ് സ്പോൺസേഴ്സിനെയും മങ്കയുടെ അഭ്യുദയകാംക്ഷികളെയും വോളണ്ടിയർമാരെയും കുടുംബങ്ങളെയും പ്രത്യേകം ആദരിച്ച് നന്ദി പറഞ്ഞു.

ഈ വർഷത്തെ ക്രിസ്മസ്-ന്യൂഇയർ ആഘോഷങ്ങൾ മങ്കയുടെ സാമൂഹിക സേവന പ്രതിബദ്ധതയും സ്നേഹസാഹോദര്യവും വിളിച്ചോതുന്നതായിരുന്നു. സാംസ്കാരിക പരിപാടികളിലൂടെ സാമൂഹിക ഐക്യം നിലനിർത്തുന്നതിൽ മങ്കയുടെ പരിശ്രമവും പങ്കും ഒരിക്കൽക്കൂടി വെളിപ്പെടുത്തി മലയാളി സമൂഹത്തിനു മങ്ക മാതൃകയായി.

# അപ്പനെ വിളിച്ചോണ്ടു വന്ന പ്രോഗ്രസ് കാർഡുകൾ



നർമ്മം മർമ്മം



രാജീവ് പണിക്കർ

വാരാന്ത്യം

‘നീയൊക്കെ ഇത്തവണ അപ്പനെ വിളിച്ചോണ്ടു വന്ന് പ്രോഗ്രസ് കാർഡ് ഒപ്പിടീച്ചാ മതി!’

അന്നൊന്നും ഇന്നത്തെ അത്ര ഹാർട്ടറ്റാക്കുകൾ ഉണ്ടാകാറില്ലാഞ്ഞ കാരണം മാത്രമായിരുന്നു ഞങ്ങളിൽ പലരും മേരിട്ടീച്ചറിന്റെ ഈ പ്രസ്താവന കേട്ടിട്ട് ചത്തു പോകാഞ്ഞത്..

ഇതിനോടകം പല പ്രാവശ്യം അച്ഛന്റെ ഒപ്പൊക്കെ ഇട്ടുപഠിച്ച് ഈ ഒരവസരത്തിനായി കണ്ണിൽ എണ്ണയൊഴിച്ച് കാത്തിരിക്കുന്ന ഞങ്ങളിൽ പലർക്കും ഇതൊരു ഇരുട്ടടിയും ആയിരുന്നു. മാത്രമല്ല, ഇക്കാര്യം വീട്ടിൽ അവതരിപ്പിക്കാൻ പലയവന്മാർക്കും ആലോചിക്കാൻ പോലും പറ്റുവേമില്ലായിരുന്നു.

വാടകയ്ക്ക് ആരെയെങ്കിലും എത്തിക്കാം എന്ന പ്ലാനുകൾ പലരും ഇട്ടുനോക്കി എങ്കിലും ഞങ്ങളുടെ സ്കൂൾ ഒരു കൊച്ചു ഗ്രാമത്തിലെ ഒരു സർക്കാർ സ്കൂൾ ആയതിനാൽ, മിക്കവരുടെയും അച്ഛനമ്മമാരെ പല ടീച്ചർമാർക്കും നന്നായി അറിയാമായിരുന്നകൊണ്ട് ഈ ഐഡിയ അത്ര എളുപ്പമായിരുന്നില്ല.

ഒടുക്കം ടെൻഷനടിച്ചും അടിക്കാതെയും പറഞ്ഞും പറയാതെയും പലരും വീട്ടിൽ കാര്യം അവതരിപ്പിച്ചു.

ഇക്കാലത്തെ ഓപ്പൺഹൗസിന്റെ പ്രാരംഭരൂപം ആയിരുന്നു പ്രോഗ്രസ് കാർഡ് ഒപ്പിടൽ. ആകെ ഒരു വ്യത്യാസം മാത്രം. അപ്പനമ്മമാരുടെ ആശീർവാദത്തോടെ കുട്ടികളെ പഞ്ഞിക്കിടൽ എന്ന ചടങ്ങായിരുന്നു എന്ന് മാത്രം!

ആദ്യമായി നടക്കുന്ന സംഭവം ആയതിനാൽ പലരും സകുടുംബം തന്നെ സ്കൂളിൽ എത്തി. വരാൻ സാധിക്കില്ല എന്ന് കത്ത് കൊടുത്തവരും ഉണ്ടായിരുന്നു. ക്ലാസിൽ ഒപ്പിടാൻ വന്നവരുടെയും കുട്ടികളുടെയും നീണ്ട നിര രൂപപ്പെട്ടു. ഒരവസരം കിട്ടിയ തക്കം നോക്കി ടീച്ചർമാർ ഒരുപാട് സമയം വീതമെടുത്ത് ഓരോരുത്തരെയും പ്രത്യേകം പ്രത്യേകം സ്കാൻ ചെയ്ത് പൊളിച്ചടുക്കുന്നതിനിടെ, സേമിയാപായസത്തിലെ അണ്ടിപ്പരിപ്പ് പോലെ, ഒരുഗ്രൻ കാർഡ് മേരിട്ടീച്ചറിന്റെ കൈയിൽ തടഞ്ഞു. ആദ്യത്തെ നാല് പരീക്ഷയുടെയും മാർക്ക് വർഷങ്ങൾക്കു ശേഷം വരാനിരിക്കുന്ന പുതുവർഷത്തെ ഓർമിപ്പിക്കുന്നുണ്ടായിരുന്നു – 2020!

ഇവന്റെ അപ്പൻ, വരാൻ സാധിക്കില്ല എന്ന കത്ത് കൊടുത്ത ലിസ്റ്റില് ഉണ്ടോ എന്ന് ടീച്ചർ ഒത്തുനോക്കി, ഇല്ല എന്ന് ഉറപ്പുവരുത്തി. പിന്നെ വലിയ സന്തോഷത്തിൽ ഒരു ശ്വാസം ഉള്ളിലേക്കും രണ്ടെണ്ണം പുറത്തേക്കും വിട്ട് ഇവന്റെ പേര് വിളിച്ചു.

പയ്യൻ മുന്നിൽ വന്നെങ്കിലും അപ്പൻ മുന്നിൽ വന്നില്ല. ടീച്ചർ വീണ്ടും വീണ്ടും വിളിച്ചു. ഇനി, ‘അപ്പൻ വരൂലേടെ’ എന്ന മട്ടിൽ പയ്യനെ നോക്കി. ലൂസിഫറിലെ ബോബിയുടെ പോലെ, ‘അപ്പൻ വരും’ എന്നൊരു ഭാവത്തോടെ ചെക്കൻ നിൽക്കുകയാണ്.

അക്ഷമയായ ടീച്ചർ ‘നിന്നെ പിന്നെ കണ്ടോളാം’ എന്ന മട്ടിൽ ചെക്കനെ നോക്കി, നിരാശയോടെ അടുത്ത പേര് വിളിക്കാൻ ആരംഭിച്ചു.

പെട്ടെന്ന് എവിടെ നിന്നോ അശരീരി പോലെ അല്പം വഴുക്കിയ ഒരു ശബ്ദം കേട്ടു...

‘ദേ വന്നൂ ടീച്ചറെ.....’

ഒരു ഞെട്ടലോടെ ചുറ്റും നോക്കിയ ടീച്ചറിനെ അസ്ത്രപ്രജ്ഞയാക്കിക്കൊണ്ട് ഹിരണ്യകശിപുവിനെ വധിക്കാൻ തൂണ് പിളർന്ന് പ്രത്യക്ഷപ്പെട്ട നരസിംഹത്തെപ്പോലെ, അപ്പൻ, സൈഡിലെ ഒരു ജനൽ വഴി ചാടി അകത്തെത്തി, ഹാജർ വെച്ചു. അന്നൊന്നും സർക്കാർ സ്കൂളിലെ ജനലുകൾക്ക് അഴികൾ ഉണ്ടായിരുന്നില്ല..

എവിടെയോ കുത്തപ്പെട്ട മത്തനെക്കുറിച്ചോർത്ത് ഞെട്ടിയിരിക്കുന്ന ടീച്ചറിനെ ഒന്നുകൂടി ഞെട്ടിച്ചു കൊണ്ട് പ്രോഗ്രസ് കാർഡ് നോക്കിയ അപ്പൻ വീണ്ടും വഴുക്കി..

‘ഇപ്രാവശ്യം എന്നെ വിളിച്ചത് വിളിച്ചു... ഇനി ചെർക്കന് മാർക്ക് കൊറവാണെങ്കിൽ എന്നെ ചിറ്റിക്കാൻ വേണ്ടി വെർതെ വിളിച്ച് വർത്തര്ത്’.

---

പുസ്തക പരിചയം



ജിഷ രാജു

# സ്വയം ഗർഭസ്ഥനാകുമ്പോൾ


## The pregnant king (Devdutt pattanaik)


പുരാതന ഇന്ത്യയിലെ ഒരു രാജാവായ യുവനാശ്വയെയും, സ്ത്രീയായതിൽ രാജാവാകാൻ കഴിയാതെ പോയ അയാളുടെ അമ്മയെയും കേന്ദ്രീകരിച്ചാണ് ഈ നോവൽ. തന്റെ രാജ്ഞികളെ ഗർഭിണിയാക്കാൻ ഉണ്ടാക്കിയ മന്ത്രീകപാനീയം (ഈ നോവലിൽ സയൻസല്ല ഫിക്ഷൻ ആണ് മുൻപന്തിയിൽ) ആകസ്മികമായി കുടിക്കുകയും അവസാനം സ്വയം ഗർഭസ്ഥനാവുകയും ചെയ്യുന്നതാണ് ഇതിന്റെ പ്രമേയം.

പരമ്പരാഗത ലിംഗപരമായ വേഷങ്ങളെയും സാമൂഹിക മാനദണ്ഡങ്ങളെയും വെല്ലുവിളിച്ചു കൊണ്ട് ‘മാന്ധാത’ എന്ന മകനെ രാജാവ് ജനിപ്പിക്കുന്നതോടെ മാതൃത്വം അനുഭവിക്കുന്ന ഒരു പുരുഷനെന്ന നിലയിൽ യുവനാശ്വ അഭിമുഖീകരിക്കുന്ന വൈകാരികവും മാനസികവുമായ പ്രക്ഷുബ്ധതകളിലേക്ക് പുസ്തകം കടന്നുപോകുന്നു.

ഹിന്ദുമതത്തിന്റെ സങ്കീർണ്ണമായ പുരാണങ്ങളെ അടിസ്ഥാനമാക്കി, എന്നാൽ സമകാലിക സംവേദന ക്ഷമതയാൽ സമൃദ്ധമാക്കി ഫിക്ഷൻ സൃഷ്ടിച്ചിരിക്കുന്നു.

യുവനാശ്വ ഒരു പുരുഷനെന്ന തന്റെ സ്വത്വത്തിനും മാന്ധാതയോട് തോന്നുന്ന മാതൃബന്ധത്തിനും ഇടയിൽ പിടഞ്ഞു കിടക്കുന്നു. സമൂഹത്തിന്റെ പ്രതീക്ഷ കളും രാജകീയ ഉത്തരവാദിത്തങ്ങളും ഉണ്ടായിരുന്നിട്ടും, ഐഡന്റിറ്റി, ലിംഗഭേദം, ധർമ്മം എന്നിവ സ്ഥിരമായ നിർമ്മിതികളല്ല, മറിച്ച് സാമൂഹിക മാനദണ്ഡങ്ങളെയും വ്യക്തിത്വത്തെയും കുറിച്ചുള്ള അവരരുടെ സ്വന്തം ധാരണകളാണെന്നും, ലിംഗഭേദത്തിന്റെ കർക്കശമായ നിർവചനങ്ങളെയും തന്റെ ജീവിതത്തിലെ ധർമ്മത്തിന്റെ പങ്കിനെയും അദ്ദേഹം ചോദ്യം ചെയ്തുകൊണ്ട് ‘നിങ്ങൾ എന്നെ അച്ഛനെന്നാണോ? അമ്മയെന്നാണോ വിളിക്കുക?’ എന്നൊരു ചോദ്യം വായനക്കാരോട് ചോദിക്കുന്നതോടെയാണ് നോവൽ അവസാനിക്കുന്നത്.



# മരിച്ചവരുടെ ചുമലിൽ ഭാരങ്ങളില്ല





ലേഖനം



സുധക്കുട്ടി

**ബാ**ലഭാസ്ക്കറുടെ ജീവിതം ഒരു പരാജയമായിരുന്നു എന്ന് അദ്ദേഹത്തിന്റെ അമ്മ ദുഃഖത്തോടെ, എന്നാൽ സംശയലേശമെന്യേ പറയുന്നത് ശ്രദ്ധിച്ചു.

മകനോടുള്ള സ്നേഹം, വാത്സല്യം, അണച്ചു പിടിക്കൽ അതിലുമേറെ ആരോടൊക്കെയോ ഉള്ള നീരസം എല്ലാം ചേർന്ന് അവരുടെ ശബ്ദം വല്ലാതെ ചിലമ്പിയിരുന്നു.

ആറാം വയസ്സിൽ ആയുസ്സറ്റുപോയ ക്ലിന്റിനെ ഓർത്തുപോയി ഞാനപ്പോൾ. അവൻ വരച്ചു കൂട്ടിയ കാക്കത്തൊള്ളായിരം ചിത്രങ്ങൾ.

ആ ജീവിതം ഒരു പരാജയമായിരുന്നു എന്ന് പറയാനാവുമോ. തന്റെ അവതാരലക്ഷ്യം പൂർത്തിയാക്കാൻ ക്ലിന്റിന് ഭൂമിയിൽ ലഭിച്ചത് ആറ് വർഷങ്ങൾ മാത്രം. എന്നിട്ടും ജരാനരകളില്ലാതെ, വൃദ്ധിക്ഷയങ്ങളില്ലാതെ അനേകം മനസ്സുകളിൽ ജീവിക്കുകയല്ലേ അവനിപ്പോഴും. അസാധാരണ വ്യക്തി പ്രഭാവമുള്ളവരെ ഈ ലോകത്ത് നിന്നും മൊഴിചൊല്ലി ആർക്കും വേർപെടുത്താനാവില്ല. ബാലഭാസ്ക്കറും അങ്ങനെ ഒരാളാണ്.

നാല്പത് വയസ്സിൽ അവസാനിച്ച ജീവിതത്തെ എത്രയോ പേർ ഹൃദയത്തിലേറ്റിയിരിക്കുന്നു എന്നതിന് മാധ്യമങ്ങൾ സാക്ഷ്യം പറയുന്നു. അങ്ങനെയുള്ള ഒരാൾ പരാജിതനാണോ?

നൂറ് വയസ് വരെ ജീവിച്ചിട്ടും ഒരിടത്തും പാദമുദ്ര പതിക്കാനാവാതെ മാഞ്ഞുപോകുന്ന ആൾക്കൂട്ടത്തിൽ ഒരാൾ ചരിത്രമായി മാറുന്നുവെങ്കിൽ ആ ജീവിതം സാർത്ഥകമായി എന്നാണ് അർത്ഥം. മാതാപിതാക്കളുടെ അനിഷ്ടം വകവയ്ക്കാതെ ഇഷ്ടപ്പെട്ട പെൺകുട്ടിയെ ജീവിതത്തിലേക്ക് ചേർത്തുവെന്നത് പരാജയ ഹേതുമല്ല. ശുദ്ധസംഗീതം മാത്രം കൈമുതലായുള്ള ഒരു യുവാവിന്റെ ഒപ്പം വീട് വിട്ടിറങ്ങിയ പെൺകുട്ടി ഭാവിയിൽ പങ്കാളി സമ്പന്നനായ കലാകാരനായി തീരുമെന്ന് നിരൂപിക്കാനും സാധ്യതയില്ല.

പ്രണയികൾക്ക് മാത്രം സാധ്യമാകുന്ന ധൈര്യമാണത്. ബാലഭാസ്ക്കറിന്റെ സംഗീത വിരുന്ന് ഒരിക്കലേ എനിക്ക് നേരിട്ട് ആസ്വദിക്കാനായിട്ടുള്ളൂ. കുസൃതി കലർന്ന ചിരിയോടെ നിശാഗന്ധിയിലെ വേദിയിൽ നിന്നും വയലിനുമായി താഴേയ്ക്കിറങ്ങിയ സംഗീതമാന്ത്രികൻ വിസ്മയം വാരിവിതറുന്നത് വല്ലാത്ത ഒരനുഭവമായിരുന്നു. പ്രശസ്തിക്കൊപ്പം വാലാട്ടിയെത്തുന്നതാണ് സമ്പത്തും സൗഹൃദങ്ങളുമെല്ലാം. ബാലുവിന്റെ അച്ഛന്റെ സന്ദേഹങ്ങൾ, അമ്മയുടെ സങ്കടങ്ങൾ, ഭാര്യ ലക്ഷ്മിയുടെ തീരാവ്യഥകൾ എല്ലാം അനുതാപത്തോടെ തിരിച്ചറിയാൻ കഴിയുന്നു.

എന്നാൽ ചില സാമൂഹ്യ മാധ്യമങ്ങളിലെ നിറം പിടിപ്പിച്ച കഥകൾ അവഗണിക്കേണ്ടതുണ്ട്. അപസർപ്പകക്കഥകൾ മെനഞ്ഞ് സ്വാസ്ഥ്യം കൊടുത്തുന്ന ചിലരാകട്ടെ കൈയ്യിൽ ഒരു പാട്ട നെയ്യും കരുതി നടപ്പാണ്. തീ കണ്ടാലുടനെ ഒഴിക്കണമല്ലോ, ആളട്ടെ, ആളിക്കത്തട്ടെ.

വാഹനാപകടത്തിന് നേർസാക്ഷിയായ ആൾ പറയുന്നത് വിശ്വസിക്കാതിരിക്കാൻ യുക്തിഭദ്രമായ കാരണങ്ങളില്ല. സംശയങ്ങൾ ദുരീകരിക്കേണ്ടത് അന്വേഷണ ഏജൻസികളാണ്. അതുവരെ സമചിത്തത പാലിക്കേണ്ടതുണ്ട്.

മടിയിലുറങ്ങിക്കിടന്ന പിഞ്ചുകുഞ്ഞിനെയും ഭർത്താവിനെയും നഷ്ടപ്പെട്ട് ജീവിതം കീഴ്മേൽ മറിഞ്ഞു പോയ ഒരു സ്ത്രീ ആൾക്കൂട്ട വിചാരണയ്ക്ക് വിധേയമാക്കപ്പെടുന്നത് നല്ല കാര്യമല്ല. മകന്റെ ജീവിതം വെറുമൊരു പാഴ്ക്കിനാവായി പോയല്ലോ എന്ന് വിലപിക്കുന്ന മാതാപിതാക്കളും ഒപ്പം ഓഡിറ്റിംഗിന് വിധേയമാക്കപ്പെടുകയാണ്.

ആൾക്കൂട്ടം രണ്ട് ചേരിയായി മാറി പുലഭ്യം പറയുന്നു. വാക്കുകൾ കരുതലോടെ പ്രയോഗിക്കാൻ അവർക്ക് ശീലമില്ലായിരിക്കാം.

ആർക്കാണ് കൂടുതൽ നഷ്ടം, ആർക്കാണ് കൂടുതൽ നെഞ്ചുരുക്കം എന്ന് അളവ് നോക്കാനെത്തുന്നവരുടെ തിക്കും തിരക്കുമാണ് എങ്ങും. പറ്റുമെങ്കിൽ ചിതാഗ്നിയിൽ നിന്ന് ബീഡി കത്തിക്കുന്നവരാണ് ചിലരെങ്കിലും.

അന്വേഷണവും കേസും, വീറും വാശിയും പകയും എല്ലാം അതതിന്റെ വഴിക്ക് നടക്കട്ടെ. ശാസ്ത്രമോ മനുഷ്യനോ ആര് വേണമെങ്കിലും ജയിച്ചോട്ടെ എന്നാൽ സംശയങ്ങളുടെ പുറമറയിൽ പരസ്പരം കഴുത്ത് ഞെരിച്ച് കൊല്ലാതിരിക്കാനുള്ള ഔചിത്യം പാലിക്കാൻ ജീവിച്ചിരിക്കുന്നവർക്ക് ബാധ്യതയുണ്ട്.

പ്രിയാ വേണുഗോപാൽ, നിന്റെയുള്ളിൽ പാരമ്പര്യ സംഗീതത്തിന്റെ ഊർജമുണ്ട്. ബാലുച്ചേട്ടനോടുള്ള നിന്റെ അഗാധ സ്നേഹവും എനിക്കറിയാം. സത്യാന്വേഷണത്തിന്റെ തേര് തെളിക്കുമ്പോൾ ഓർക്കുക, സ്നേഹത്താൽ അന്ധരായിപ്പോയ വൃദ്ധദമ്പതിമാരാണ് പിന്നിൽ.

അവരുടെ കണ്ണും കാതുമാകുന്നതിനൊപ്പം തണുപ്പാകാനും നിനക്ക് കഴിയണം. അവരുടെ മനസ്സിന്റെ നീറ്റലുകൾ ഊതിക്കെടുത്തണം.

എന്തെന്നാൽ സന്താനദുഃഖം അനുഭവിക്കുന്ന രണ്ടമ്മമാരാണ് നിനക്ക് മുന്നിൽ. ബാലുവിന്റെ അമ്മയും തേജസ്വിനിയുടെ അമ്മയും. ആരാണ് കൂടുതൽ ശരി എന്ന ചോദ്യത്തിന് ഇവിടെ പ്രസക്തിയേയില്ല.

ഇന്നലെ സ്ക്രീനിൽ നിന്റെ വാക്കുകൾ കേട്ടപ്പോൾ എനിക്ക് വേദന തോന്നി കുഞ്ഞേ നിരാശയും. എത്ര പൊതിഞ്ഞു പിടിച്ചിട്ടും നിന്റെ ശബ്ദത്തിൽ അസ്വാരസ്യത്തിന്റെ നുരകൾ പൊന്തിവരുന്നുണ്ടായിരുന്നു.

നീയും മോളും മനോഹരമായി പാടുമ്പോഴുള്ള പ്രസരിപ്പ് ഇഷ്ടമുള്ളത് കൊണ്ടാവാം എനിക്ക് നിരാശയുണ്ടായത്.

മരിച്ചവരുടെ ചുമലിൽ ഭാരങ്ങളില്ല. ജീവിച്ചിരുന്നപ്പോഴുണ്ടായിരുന്ന കെട്ടുപാടുകളിൽ നിന്നും വിമുക്തരാണവർ. നമുക്കറിയാത്ത എവിടെയോ അവർ തൂവൽ ഭാരത്തോടെ, ആഹ്ലാദത്തോടെ കൈകൾ കോർത്ത് പാടുന്നുണ്ടാവണം. വിജയ പരാജയങ്ങളുടെ കണക്കെടുപ്പിലൊന്നും അവർക്ക് താല്പര്യം തോന്നാനിടയില്ല. പകയും, വെറുപ്പും, പരിഹാസവും, നിരാശയും കണ്ണുനീരും ഭൂമിയിൽ നമ്മൾ ഖനനം ചെയ്തുണ്ടാക്കുന്നവയാണ്. മീരയ്ക്കും, ബാലുവിനും, തേജസ്വിനിക്കും സ്വാസ്ഥ്യമുണ്ടാവട്ടെ.

## സിനിമാ കഥ

## മൂന്ന് 'ഖാൻ'മാരും ഒന്നിക്കുന്നു



**ബോ**ളിവുഡിലെ ഖാൻ ത്രയങ്ങളായ ഷാരൂഖ്, സൽമാൻ, ആമിർ എന്നിവർ ഒരുമിച്ച് പുതിയ സിനിമയിൽ അഭിനയിച്ചേക്കുമെന്ന് സൂചനകൾ. അത് സംഭവിക്കുമോ എന്നാണ് പ്രേക്ഷക ലോകം ആകാംക്ഷയോടെ കാത്തിരിക്കുന്നത്. ഷാരൂഖ് ഖാനും സൽമാൻ ഖാനും ഒപ്പം ഒരുമിച്ച് അഭിനയിക്കാൻ കാത്തിരിക്കുകയാണെന്ന് ആമിർ ഖാൻ വെളിപ്പെടുത്തി. ഇത് സംബന്ധിച്ച് ഇരുവരുമായി ആറു മാസം മുമ്പ് താൻ ചർച്ച നടത്തിയതായും ആമീർ ഖാൻ പറഞ്ഞു. സൗദി അറേബ്യയിലെ റെഡ് സീ ഫിലിം ഫെസ്റ്റിവലിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മേളയിൽ ആമീർ ഖാനെ സംഘാടകർ ആദരിച്ചിരുന്നു.

ഒരു ചിത്രത്തിൽ മൂന്ന് പേരും ഒന്നിച്ചാൽ നന്നായിരിക്കും എന്ന കാര്യം ഇരുവരുമായി ചർച്ച ചെയ്തു. താമസിക്കാതെ അതു സംഭവിക്കുമെന്നാണ് പ്രതീക്ഷ. യോജിച്ച തിരക്കഥയ്ക്ക് വേണ്ടി മൂവരും കാത്തിരിക്കുകയാണെന്നും ആമീർ പറഞ്ഞു. ആമിർ ഖാനും ഷാരൂഖ് ഖാനും ഒരു സിനിമയിലും ഇതുവരെ ഒരുമിച്ച് പ്രവർത്തിച്ചിട്ടില്ല. 1994-ൽ പുറത്തിറങ്ങിയ 'ആന്ദസ് അപ്ന അപ്ന' എന്ന ചിത്രത്തിൽ സൽമാൻ ഖാനും ആമിറും ഒന്നിച്ച് അഭിനയിച്ചിരുന്നു.

അതേസമയം 'സിതാരെ സമീൻ പർ' എന്ന അമീർ ഖാൻ ചിത്രം ക്രിസ്മസ് റിലീസായി പ്രേക്ഷകർക്ക് മുന്നിലെത്തും. ആർഎസ് പ്രസന്നയാണ് സംവിധായകൻ. ആമിർ സംവിധാനം, നിർമാണം എന്നിവ കൈകാര്യം ചെയ്ത് പുറത്തിറങ്ങിയ 'താരേ സമീൻ പർ' (2007), എന്ന ചിത്രത്തിന്റെ രണ്ടാം ഭാഗമാണിത്. ഈ മാസം 24-നാണ് റിലീസ്. 'താരേ സമീൻ പർ' ഒരു ഇമോഷണൽ ചിത്രമാണെങ്കിൽ ഈ ചിത്രം നിങ്ങളെ ചിരിപ്പിക്കുമെന്നാണ് ആമിർ അവകാശപ്പെടുന്നത്. 'ആ ചിത്രം നിങ്ങളെ കരയിപ്പിച്ചു, ഈ ചിത്രം നിങ്ങളെ ആനന്ദിപ്പിക്കും' എന്നാണ് അദ്ദേഹം പറയുന്നത്. വലിയ തോതിൽ നിരൂപക പ്രശംസയും വൻ ബോക്സോഫീസ് വിജയവും നേടിയ ചിത്രമായിരുന്നു താരേ സമീൻ പർ.

ആക്ഷൻ എന്റർടെയ്നറായ 'സിക്കന്ദർ' ആണ് സൽമാൻ അഭിനയിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും പുതിയ ചിത്രം. എആർ മുരുകദോസ് സംവിധാനം ചെയ്യുകയും ചെയ്യുന്ന ചിത്രം 2025 ഈദ് റിലീസിന് ഒരുങ്ങുകയാണ്. രശ്മിക മന്ദാനയാണ് നായിക. സുജോയ് ഘോഷ് സംവിധാനം ചെയ്യുന്ന കിംഗാണ് പുറത്തിറങ്ങാനിരിക്കുന്ന ഷാരൂഖിന്റെ പുതിയ ചിത്രം. മകൾ സുഹാന ഖാനും അദ്ദേഹത്തിനൊപ്പം ചിത്രത്തിന്റെ ഭാഗമാകുന്നു.

# ടാമ്പാ ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് സെൻട്രൽ ഫ്ളോറിഡയുടെ വിമൻസ് ഫോറത്തിന് നവനേതൃത്വം

ടാമ്പാ: ക്നാനായ കത്തോലിക്കാ കോൺഗ്രസ് ഓഫ് സെൻട്രൽ ഫ്ളോറിഡ വിമൻസ്ഫോറത്തിന്റെ 2024-2026 പ്രവർത്തന വർഷത്തേക്കുള്ള പുതിയ ടീമിനെ തെരഞ്ഞെടുത്തു. പ്രസിഡണ്ടായി ജൂബിയ പടിക്കപ്പറമ്പിലും വൈസ് പ്രസിഡണ്ടായി ബ്രിഡ്ജറ്റ് കുളങ്ങരയും സെക്രട്ടറിയായി അലിയ കണ്ടാരപ്പള്ളിലും ജോയിന്റ് സെക്രട്ടറിയായി ബിന്നി പുളിക്കത്തൊട്ടിയിലും ട്രഷററായി സോണിയ കുമ്പുക്കലും നിയമിതരായി. വിശ്വാസത്തിലും പാരമ്പര്യത്തിലും അടിയുറച്ച്, ക്നാനായ സ്ത്രീകളുടെ വളർച്ചയ്ക്കായി നല്ല പ്രോഗ്രാമുകൾ ആസൂത്രണം ചെയ്തു നടപ്പാക്കുമെന്നു ജൂബിയ പടിക്കപ്പറമ്പിൽ അറിയിച്ചു.

നാനാമേഖലകളിൽ നേതൃപാടവം തെളിയിച്ച ഈ അഞ്ചുപേരും വിമൻസ് ഫോറത്തിനെ അതിന്റെ അടുത്ത തലത്തിലേക്ക് നയിക്കുന്നതായിരിക്കും. വരുന്ന ക്രിസ്മസ് ആഘോഷത്തിന്റെ ഭാഗമായി വിമൻസ് ഫോറം ക്രിസ്മസ് ട്രീ ഡക്കറേഷൻ മത്സരം നടത്തപ്പെടുന്നു. കുടുംബത്തിലുള്ളവരെ ഉൾക്കൊള്ളിച്ച് ഏറ്റവും നന്നായി ക്രിസ്മസ് ട്രീ അലങ്കരിക്കുന്ന ആദ്യ മൂന്നു പേർക്ക് ക്യാഷ് പ്രൈസ് ഉണ്ടായിരിക്കുന്നതാണ്.

ഫസ്റ്റ്പ്രൈസ് 200 ഡോളർ സ്പോൺസർ ചെയ്തുകൊണ്ട് സോഫിയ ആൻഡ് ജെയ്മോൻ വെട്ടുകല്ലേലും സെക്കൻഡ് പ്രൈസിന് 100 ഡോളർ സ്പോൺസർ ചെയ്ത് വോഗ് ഡ്രൈ ക്ലീനേഴ്സിനുവേണ്ടി ജോജോ അറക്കകുന്നേൽ ആൻഡ് നെൽസൺ കോയിക്കലും തേർഡ് പ്രൈസിന് 50 ഡോളർ സ്പോൺസർ ചെയ്തുകൊണ്ട് സജി ആൻഡ് ബിജി പുത്തൻകണ്ടത്തിലും വിമൻസ് ഫോറത്തെ സപ്പോർട്ട് ചെയ്തു. സ്പോൺസേഴ്സിനോടുള്ള അകമഴിഞ്ഞ നന്ദി ജൂബിയ ആൻഡ് ടീം ഈയവസരത്തിൽ അറിയിക്കുന്നു. മുന്നോട്ടുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ബ്രിഡ്ജറ്റ്, അലിയ, ബിന്നി ആൻഡ് സോണിയ എന്നിവർ ജൂബിയയ്ക്കൊപ്പം ആവേശപൂർവം ചേർന്ന് പ്രവർത്തിക്കുന്നതായിരിക്കും.

ക്നാനായ കത്തോലിക്കാ കോൺഗ്രസ് ഓഫ് സെൻട്രൽ ഫ്ളോറിഡയുടെ പ്രസിഡണ്ട് ജയമോൾ മൂശാരിപ്പറമ്പിലിന്റെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് ടീം വിമൻസ് ഫോറത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാവിധ സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്തിരിക്കുന്നു.




## 2034 ഫുട്ബോൾ ലോകകപ്പ് സൗദിയിൽ

ന്യൂഡൽഹി: 2034-ലെ ഫിഫ പുരുഷ ലോകകപ്പ് ഫുട്ബോളിന് സൗദി അറേബ്യ വേദിയാകും. ലോകകപ്പിന് ആതിഥേയത്വം വഹിക്കാൻ താൽപര്യമറിയിച്ച് രംഗത്തുണ്ടായിരുന്ന ഓസ്ട്രേലിയ പിന്മാറ്റം പ്രഖ്യാപിച്ചതോടെയാണ് സൗദിക്കു നറുക്കു വീണത്.

ലോകകപ്പ് 2030 എഡിഷൻ സ്പെയിൻ, പോർച്ചുഗൽ, മൊറോക്കോ എന്നീ രാജ്യങ്ങൾ സംയുക്തമായി ആതിഥേയത്വം വഹിക്കും. ഫിഫ പ്രസിഡണ്ട് ജിയാനി ഇൻഫാന്റിനോയാണു പ്രഖ്യാപനം നടത്തിയത്.

ഖത്തർ ലോകകപ്പിലേതിനു സമാനമായി ഡിസംബറിലാകും സൗദി ലോകകപ്പിനു പന്തുരുണ്ടു തുടങ്ങുക. എന്നാൽ, റമദാൻവ്രതത്തിന്റെ പശ്ചാത്തലത്തിൽ മത്സരങ്ങൾ മാറ്റുന്നതും പരിഗണനയിലുണ്ടെന്നാണു സൂചന.

അതേസമയം, 2027-ലെ ഫിഫ വനിതാ ലോകകപ്പിന് ബ്രസീൽ വേദിയാകും. ജൂൺ 24 മുതൽ 25 വരെ നടക്കുന്ന ടൂർണമെന്റിൽ 32 ടീമുകൾ പോരാടും.

## സഞ്ജയ് മൽഹോത്ര ആർബിഐ ഗവർണർ

ന്യൂഡൽഹി: റിസർവ് ബാങ്കിന്റെ പുതിയ ഗവർണറായി റവന്യൂ സെക്രട്ടറി സഞ്ജയ് മൽഹോത്രയെ നിയമിച്ചു. മൂന്നു വർഷത്തേക്കാണു നിയമനം.



നിലവിലെ ഗവർണർ ശക്തികാന്ത ദാസിന്റെ കാലാവധി ഡിസംബർ 10-ന് അവസാനിച്ചിരിക്കെയാണ് സഞ്ജയ് മൽഹോത്രയുടെ നിയമനം. അദ്ദേഹം 11-ന് ചുമതലയേറ്റു. 2018 ഡിസംബർ 12-നായിരുന്നു ആർബിഐയുടെ 25-ാമത് ഗവർണറായി ശക്തികാന്ത ദാസ് ചുമതലയേറ്റത്. 1990 ബാച്ച് രാജസ്ഥാൻ കേഡർ ഐഎഎസ് ഉദ്യോഗസ്ഥനാണ് സഞ്ജയ് മൽഹോത്ര. കാൺപൂർ ഐഐടിയിൽനിന്ന് കമ്പ്യൂട്ടർ സയൻസ് ബിരുദമെടുത്ത അദ്ദേഹം അമേരിക്കയിലെ പ്രിൻസ്ടൺ സർവകലാശാലയിൽനിന്ന് പബ്ലിക് പോളിസിയിൽ ബിരുദാനന്തരബിരുദം നേടി. 33 വർഷത്തിലേറെ നീണ്ട ഔദ്യോഗികജീവിതത്തിനിടയിൽ ഊർജം, സാമ്പത്തികം, നികുതി, ഐടി, ഖനി തുടങ്ങിയ നിരവധി വകുപ്പുകളിൽ അദ്ദേഹം പ്രവർത്തിച്ചു. റവന്യൂ സെക്രട്ടറിയായി നിയമിതനാകുന്നതിനു മുമ്പ് ഫിനാൻസ് സർവീസസ് വകുപ്പിൽ സെക്രട്ടറിയായിരുന്നു.

# ഡോ. വിദ്യാസാഗർ അന്തരിച്ചു

തോമസ് കൂവള്ളൂർ

ന്യൂയോർക്ക്: ന്യൂയോർക്കിലും സമീപ സ്റ്റേറ്റുകളിലും അറിയപ്പെടുന്ന മികച്ച വാഗ്മിയും ന്യൂയോർക്ക് സ്റ്റേറ്റിലെ ബോർഡ് ഓഫ് കോ-ഓപ്പറേറ്റീവ് എഡ്യൂക്കേഷണൽ സർവ്വീസിൽ വെസ്റ്റ് ചെസ്റ്റർ കൗണ്ടിയിലുള്ള മിഡിൽ സ്കൂളുകളിലും ഹൈസ്കൂളുകളിലും ദീർഘകാലം അദ്ധ്യാപനം നടത്തി അനേകായിരം ശിഷ്യഗണങ്ങളെ സമ്പാദിച്ച ഡോ. വിദ്യാസാഗർ (72) ഡിസംബർ 11-ന് അന്തരിച്ചു.

ന്യൂയോർക്കിലെ വെസ്റ്റ് ചെസ്റ്റർ, റോക്ക്ലാന്റ്, യോങ്കേഴ്സ്, ന്യൂജേഴ്സി എന്നിവിടങ്ങളിൽ നടക്കാറുണ്ടായിരുന്ന അമേരിക്കൻ മലയാളികളുടെ കലാ-സാംസ്കാരിക സമ്മേളനങ്ങളിൽ അദ്ദേഹവും അദ്ദേഹത്തിന്റെ സഹധർമ്മിണി ലളിതയും മകൾ കവിതയും മകൻ കൃഷ്ണകുമാറും നിറസാന്നിദ്ധ്യമായിരുന്നു.

ഭാരതീയ നാട്യകലകളിൽ സ്വന്തമായി പ്രാഗത്ഭ്യം തെളിയിച്ച ഒരു നല്ല നർത്തകിയാണ് അദ്ദേഹത്തിന്റെ മകൾ കവിത. ഹിന്ദു പുരാണങ്ങളിൽ അഗാധപാണ്ഡിത്യമുണ്ടായിരുന്ന ഡോ. വിദ്യാസാഗർ ന്യൂയോർക്കിലും ന്യൂജേഴ്സിയിലും ഗീതാക്ലാസുകൾ നടത്തിയിരുന്നു. “ഭഗവാന്റെ ഇഷ്ടപ്രകാരമല്ലാതെ ഒരു ഇലപോലും അനങ്ങില്ല” എന്ന പരമമായ സത്യം തന്റെ ഗീതാപ്രഭാഷണങ്ങളിൽ അദ്ദേഹം തന്റെ ശിഷ്യഗണങ്ങൾക്ക് പകർന്നു നല്കിയിരുന്നു.

ഭാരതീയ സംസ്കാരത്തെ അന്യനാട്ടിലും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അദ്ദേഹം തന്റെ കഴിവനുസരിച്ച് പ്രയത്നിച്ചിരുന്നു. തന്റെ മക്കളായ കൃഷ്ണകുമാറിനെയും മകൾ കവിതയെയും മലയാളവും ഭാരതീയ സംസ്കാരവും പഠിപ്പിക്കുന്ന കാര്യത്തിലും അദ്ദേഹം പ്രത്യേകം ശ്രദ്ധ വെച്ചിരുന്നു എന്നുള്ളതും അദ്ദേഹത്തിന്റെ കുടുംബത്തെ അടുത്തറിയുന്നവർക്കറിയാം. ഈ വാർത്ത എഴുതുന്ന ലേഖകനുമായി അദ്ദേഹത്തിനും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും 20 വർഷത്തിലേറെ അടുത്ത ബന്ധങ്ങൾ ഉ



ണ്ടായിരുന്നു. അമേരിക്ക പോലുള്ള വിദേശരാജ്യങ്ങളിൽ താമസിക്കുന്ന ഇന്നത്തെ ഭാരതീയരുടെ പുതുതലമുറ ഇക്കാര്യത്തിൽ യാതൊരു താല്പര്യവും പ്രകടിപ്പിക്കുന്നില്ല എന്നുള്ളത് ഒരു സത്യമാണ്.

ഡോ. വിദ്യാസാഗറിന്റെ മലയാളി സമൂഹത്തോടുള്ള പ്രതിബദ്ധതയ്ക്കു തെളിവായ മറ്റൊരു കാര്യം എടുത്തു പറയാനുള്ളത് വിഷു ആഘോഷം നടക്കുന്ന സമയങ്ങളിൽ അദ്ദേഹം കുട്ടികൾക്ക് വിഷുക്കൈനീട്ടം കൊടുക്കാറുണ്ടായിരുന്നു എന്നുള്ളതാണ്. പുതിയ തലമുറയെ അദ്ദേഹം എത്രമാത്രം സ്നേഹിച്ചിരുന്നു എന്നും അവർക്ക് ഭാരതീയ സംസ്കൃതി പകർന്നു നല്കാൻ എത്രമാത്രം ഉത്സുകത കാട്ടിയിരുന്നു എന്നും മനസ്സിലാക്കാൻ കഴിയും. ഡോ. വിദ്യാസാഗർ യൂട്യൂബിലും നിരവധി പ്രഭാഷണങ്ങൾ നടത്തിയിട്ടുള്ള ആളാണ്. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ യൂ ട്യൂബിൽ ലഭ്യമാണ്.

അങ്ങനെ വിശ്രമമില്ലാതെ താനുൾപ്പെട്ട മലയാളി സമൂഹത്തെ മലയാള ഭാഷയിലൂടെ ഉദ്ധരിക്കാൻ ശ്രമിച്ച ഒരു അമേരിക്കൻ മലയാളിയെയാണ് നമുക്കു നഷ്ടപ്പെട്ടിരിക്കുന്നത്.

കേരളത്തിൽ എറണാകുളം ജില്ലയിലെ നോർത്ത് പറവൂരിൽ പെരുമ്പോടത്ത് വീട്ടിൽ വേലപ്പൻ പിള്ളയുടെയും സരസ്വതി അമ്മയുടെയും മകനായി ജനിച്ച ശശി എന്ന നാമധേയനാണ് പിൽക്കാലത്ത് ഡോ. വിദ്യാസാഗർ എന്ന പേരിൽ പ്രശസ്തനായത്. അദ്ധ്യാപകനായും ലക്ചററായും പ്രൊഫസറായും പ്രഭാഷകനായും അദ്ദേഹം തന്റെ ജീവിതം ധന്യമാക്കി. അദ്ദേഹത്തിന് ഒരു സഹോദരിയും അഞ്ച് സഹോദരന്മാരുമുണ്ട്. രഘുനാഥ് പണിക്കർ, രമേശ്, സോമൻ, മാധവൻകുട്ടി. സഹോദരി രാജി മന്മഥൻ.

മക്കൾ: കൃഷ്ണകുമാർ വിദ്യാസാഗർ, മകൾ: കവിതാ വിദ്യാസാഗർ. മരുമകൻ: മനോജ് രവീന്ദ്രൻ. കൊച്ചുമക്കൾ: പ്രണവ് മനോജ്, പവിത്ര മനോജ് എന്നിവരാണ്.

ഡിസംബർ 13-ന് വെള്ളിയാഴ്ച ന്യൂയോർക്ക് സമയം രാവിലെ 10 മുതൽ 12 വരെ മാമറോനെക്ക് അവന്യൂവിലുള്ള മക്മഹോൻ ഫ്യൂണറൽ ഹോമിൽ പൊതുദർശനവും അതിനുശേഷം സംസ്കാര ശുശ്രൂഷകളും നടത്തുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക്: ശ്രീകുമാർ ഉണ്ണിത്താൻ ഫോൺ -914 886 2655. കൃഷ്ണകുമാർ വിദ്യാസാഗർ (കണ്ണൻ) 914 908 0368.

## കേരളാ അസോസിയേഷൻ ഓഫ് ഡാളസിന്റെ ക്രിസ്മസ്-ന്യൂഇയർ ആഘോഷം ജനുവരി നാലിന്

പി.പി. ചെറിയാൻ

ഗാർലാൻഡ്: കേരളാ അസോസിയേഷൻ ഓഫ് ഡാളസ് ക്രിസ്മസ്-ന്യൂഇയർ ആഘോഷം ജനുവരി നാലിന് വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു. ഇന്ത്യൻ ഫിലിം ആക്ടർ ആൻഡ് പ്രൊഡ്യൂസർ പ്രേം പ്രകാശാണ് മുഖ്യാതിഥിയായി പങ്കെടുക്കുന്നത്.




സെ. തോമസ് സീറോമലബാർ ചർച്ച് ജൂബിലി ഹാൾ ഗാർലാൻഡ് (4922 Rose-hill Rd, Garland, TX 75043) ജനുവരി 4-ന് വൈകിട്ട് 6 മണിക്ക് പ്രസിഡണ്ട് പ്രദീപ് നാഗനൂലിന്റെ അദ്ധ്യക്ഷതയിൽ പരിപാടികൾ ആരംഭിക്കും. ഏവരെയും ഞങ്ങളുടെ ക്രിസ്മസ് ന്യൂ ഇയർ ആഘോഷത്തിലേക്ക് ക്ഷണിക്കുന്നതായി സെക്രട്ടറി മൻജിത് കൈനിക്കര അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ആർട്ട് ഡയറക്ടർ സുബി ഫിലിപ്പ്, വിനോദ് ജോർജ് എന്നിവരുമായി ബന്ധപ്പെടേണ്ടതാണ്.

# ചരിത്രം കുറിച്ച് ഫൊക്കാന ടെക്സാസ് റീജിയൻ ഉദ്ഘാടനം

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: വലിയ പങ്കാളിത്തവും ശ്രദ്ധേയമായ പ്രസംഗങ്ങളും മികച്ച കലാപരിപാടികളും കൊണ്ട് ഫൊക്കാന ടെക്സാസ് റീജിയന്റെ പ്രവർത്തനോദ്ഘാടനം വേറിട്ടതായി. ടെക്സാസ് റീജിയന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും വർണാഭമായ ഒരു റീജിയണൽ ഉദ്ഘാടനം നടക്കുന്നത്. ഈ റീജിയന്റെ സൗഹൃദ കൂട്ടായ്മയുടെ ഏറ്റവും മികച്ച വേദിയൊരുക്കാൻ ഫാൻസിമോൾ പള്ളത്തുമഠത്തിനും സഹപ്രവർത്തകർക്കും കഴിഞ്ഞു.



ഷുഗർലാൻഡിലുള്ള ഇന്ത്യൻ സമ്മർ റെസ്റ്റോറന്റിന്റെ മനോഹരമായ ഓഡിറ്റോറിയത്തിലായിരുന്നു ആദ്യന്തം ഹൃദ്യമായ ഈ പരിപാടി. ഇരുനൂറിലധികം പേർ പങ്കെടുത്ത പരിപാടിയിൽ ചെണ്ടമേളത്തോടെയാണ് അതിഥികളെ വരവേറ്റത്. സാബു തിരുവല്ലയുടെ ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിങ്ങിൽ റീജിയണൽ കൾച്ചറൽ കോ-ഓർഡിനേറ്റർ വിനോയ് കുര്യൻ ആമുഖപ്രസംഗം നടത്തുകയും റീജിയണൽ കോ-ഓർഡിനേറ്റർ ജോജി ജോസഫ് ഏവർക്കും സ്വാഗതം രേഖപ്പെടുത്തുകയും ചെയ്തു.

അദ്ധ്യക്ഷപ്രസംഗം നടത്തിയ റീജിയണൽ വൈസ് പ്രസിഡണ്ട് ഫാൻസിമോൾ പള്ളത്തുമഠം ഐക്യം സമൂഹത്തിനു മാത്രമല്ല ഓരോ സംഘടനയ്ക്കും ആവശ്യമാണെന്ന് എടുത്തു കാട്ടിക്കൊണ്ടായിരുന്നു പ്രസംഗം ആരംഭിച്ചത്. വിളക്കുകൾ കത്തിച്ച് ആരും അത് മറച്ചുവെക്കാറില്ല. വിളക്ക് വെളിച്ചമാണ്. വിളക്ക് തെളിക്കുന്നത് അന്ധകാരം നീക്കി പ്രകാശം കൊണ്ടുവരാൻ വേണ്ടിയാണ്. വെളിച്ചം കാണുമ്പോൾ നമ്മിലുള്ള അന്ധകാരം അകലുന്നു, മനസ്സിൽ പ്രകാശം പരക്കുന്നു. അതുപോലെ തന്നെയാവണം സംഘടനകളും. അവ മനുഷ്യന്റെ നന്മയ്ക്കു വേണ്ടിയാകണം പ്രവർത്തനം.

ഇന്നലെകളെ ഓർത്ത് വിഷമിക്കാതെ ഇന്ന് നമുക്ക് എന്തു ചെയ്യുവാൻ പറ്റുമോ, നാളെ എന്തു ചെയ്യുവാൻ പറ്റുമോ എന്നു ചിന്തിച്ച് ഓരോ ദിവസവും നല്ലതാക്കി മാറ്റി അങ്ങനെ ഓരോ ദിവസവും ഓരോ വർഷവും നല്ലതായി സമൂഹത്തിനും രാജ്യത്തിനും നല്ല പ്രവൃത്തികൾ ചെയ്തു നല്ല പൗരന്മാർ ആവാൻ നമുക്കു ശ്രമിക്കാം. റീജിയന്റെ പ്രവർത്തനത്തിൽ തന്നെ സഹായിച്ചവർക്ക് നന്ദി അറിയിച്ചുകൊണ്ടായിരുന്നു ഫാൻസിനോൾ പള്ളത്തുമഠം തന്റെ പ്രസംഗം അവസാനിപ്പിച്ചത്.

ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി, ജഡ്ജ് കെ.പി. ജോർജ്, മേയർ കെൻ മാത്യു, റീജിയണൽ വൈസ് പ്രസിഡണ്ട് ഫാൻസിമോൾ പള്ളത്തുമഠം, മുൻ ഫൊക്കാന പ്രസിഡണ്ട് ജി.കെ. പിള്ള, ഫൊക്കാന സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, എക്സി. വൈസ് പ്രസിഡണ്ട് പ്രവീൺ തോമസ്, അഡീഷണൽ അസോ. സെക്രട്ടറി അപ്പുകുട്ടൻ പിള്ള, ട്രസ്റ്റി ബോർഡ് മെംബർ തോമസ് തോമസ്, വിമൻസ്ഫോറം വൈസ് ചെയർ ഷീല ചെറു, പൊന്നു പിള്ള, മറ്റു ഭാരവാഹികൾ തുടങ്ങിയവർ നിലവിളക്കു കൊളുത്തി പ്രവർത്തനോദ്ഘാടനം നിർവഹിച്ചു.





ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണിയുടെ പ്രസംഗം സംഘടനയുടെ പ്രവർത്തന രൂപരേഖ വരച്ചു കാട്ടുന്നതായിരുന്നു. സ്വാമി വിവേകാനന്ദന്റെ സ്റ്റേറ്റ്മെന്റ് കോട്ട് ചെയ്തു കൊണ്ടായിരുന്നു പ്രസംഗം. നിങ്ങൾക്ക് ഈ ലോകത്തെപ്പറ്റി മുഴുവൻ ചിന്തിക്കാൻ കഴിയുന്നില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ രാജ്യത്തെപ്പറ്റി ചിന്തിക്കൂ. രാജ്യത്തെപ്പറ്റി ചിന്തിക്കാൻ കഴിയുന്നില്ലെങ്കിൽ നിങ്ങളുടെ സംസ്ഥാനത്തെപ്പറ്റി ചിന്തിക്കൂ. അതിനും പറ്റിയില്ലെങ്കിൽ നിങ്ങളുടെ ജില്ലയെപ്പറ്റി എങ്കിലും ചിന്തിക്കൂ. അതിനും കഴിയുന്നില്ലെങ്കിൽ നിങ്ങളുടെ കുടുംബത്തെപ്പറ്റി ചിന്തിക്കൂ, അതിനും കഴിയുന്നില്ലെങ്കിൽ നിങ്ങൾ നിങ്ങളെപ്പറ്റിയെങ്കിലും ചിന്തിക്കൂ.

ഫൊക്കാനയിൽ നല്ലൊരു ഇലക്ഷൻ കഴിഞ്ഞു. ഇലക്ഷനാകുമ്പോൾ ചിലർ ജയിക്കും, ചിലർ തോല്ക്കും. അതൊന്നും വലിയ കാര്യമല്ല. അതൊക്കെ അവിടെ തീർന്നു. അതിനുശേഷം ഒറ്റ കുടുംബം എന്ന ആശയത്തിൽ അടിയുറച്ചു എല്ലാവരെയും ചേർത്തുനിർത്തി ഫൊക്കാന ജൈത്രയാത്ര തുടരുന്നു. ഇരുപതാമത്തെ ടീമിനെ ലീഡ് ചെയ്യാൻ എനിക്കു ഭാഗ്യമുണ്ടായി. അതിനു മുമ്പ് ഇതിലൂടെ കടന്നുപോയ ഇരുപത് ടീം ലീഡേഴ്സിനെ ഓർക്കുന്നു, അവരെ നമിക്കുന്നു. അതിൽ നമ്മോടൊപ്പം ഇന്ന് ഇവിടെയുള്ള ജി.കെ. പിള്ളയും ഈ സംഘടനയ്ക്കു വേണ്ടി വളരെ ത്യാഗം ചെയ്തിട്ടുള്ള വ്യക്തിയാണ്. അവരുടെയൊക്കെ പ്രവർത്തനത്തിന്റെ ഫലമായാണ് ഇന്ന് ഈ കാണുന്ന ഫൊക്കാന.

കഴിഞ്ഞ 41 വർഷമായി ജനഹൃദയങ്ങളിൽ ഫൊക്കാനയ്ക്ക് ഒരു സ്ഥാനം ഉണ്ട്. നമുക്കു ശേഷവും അതുണ്ടാകും. ഡ്രീം ടീം 22 പദ്ധതികളുമായി വന്നു. അതിന്റെഎണ്ണം കൂടുന്നു. അതുപോലെ 200-ഓളം വനിതാ ലീഡേഴ്സിന്റെ ഒരു ടീമാണ് ഉണ്ടാക്കിയിരിക്കുന്നത്. ഒരു കാലത്ത് യുവാക്കൾ വരാതിരുന്ന സ്ഥാനത്ത് ഇന്ന് 74 യൂത്ത് ലീഡേഴ്സിന്റെ ടീമാണുള്ളത്. അപ്പോൾ നമുക്ക് ലീഗൽ ടീമുണ്ട്. ഇനി ഫൊക്കാനയ്ക്ക് എതിരെ ഒരു കേസ് കൊടുക്കേണ്ടി വന്നാലും നമ്മൾ പിറകോട്ട് പോകില്ല. ന്യായത്തിന്റെ കൂടെയാണെങ്കിൽ അതിനു നമ്മുടെ പിന്തുണ ഉണ്ടായിരിക്കും. അതിനുള്ള ലീഗൽ ടീം ഫൊക്കാനയ്ക്കുണ്ട്. കാരണം ചില കാര്യങ്ങൾ സമയത്ത് ചെയ്യാത്തതുകൊണ്ട് നമ്മൾ കുരിശിലേറ്റപ്പെട്ടിട്ടുണ്ട്. അത് ഇനി ഈ ടീമിനോ ഇനി വരാൻ പോകുന്ന ടീമിനോ ഉണ്ടാകാൻ അനുവദിക്കില്ല. ഫൊക്കാന ഒന്നേ ഉള്ളൂ. അനാവശ്യമായി പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരെ പുറത്തു നിർത്തണം -സജിമോൻ വ്യക്തമാക്കി.

ജഡ്ജ് കെ.പി. ജോർജ് തന്റെ സന്ദേശത്തിൽ നേട്ടങ്ങളിലേക്കുള്ള പ്രയാണത്തിന് പ്രാധാന്യം നല്കണം എന്ന് പറയുകയുണ്ടായി. വ്യക്തിത്വത്തിന്റെ പ്രകാശനമാണ് പെരുമാറ്റം. വേഷത്തിനും ഭാഷയ്ക്കുമൊക്കെ ഉയരെയാണ് അതിന്റെ സ്ഥാനം. പെരുമാറ്റം മോശമായാൽ പിന്നെ എന്തുണ്ടായിട്ടെന്ത് കാര്യം? കഴിവോ കുലമോ സൗന്ദര്യമോ അധികാരമോ ഒന്നും അതിന് പകരമാവില്ല. ഉന്നതമായ മാനുഷിക ഗുണം എന്നതുപോലെ തന്നെ നല്ല പെരുമാറ്റം ഒരു സാമൂഹിക ബാദ്ധ്യത കൂടിയാണ്. കാരണം, സഹജീവികളോടുള്ള നമ്മുടെ എല്ലാ ഇടപെടലുകളുടെയും ആകെത്തുകയാണ് പെരുമാറ്റം -അദ്ദേഹം അഭിപ്രായപ്പെട്ടു.

മേയർ കെൻ മാത്യു തന്റെ പ്രസംഗത്തിൽ കാരുണ്യത്തിന്റെ കരസ്പർശം നല്കുന്ന ആശ്വാസത്തിനായി കാത്തിരിക്കുന്നവർ നമ്മുടെ നാട്ടിൽ ഏറെയുണ്ട്. മനുഷ്യന് സഹജീവികളോടുള്ള കടപ്പാടിന്റെയും സ്നേഹത്തിന്റെയും പ്രേരണകൊണ്ട് ചെയ്യുന്ന ഉദാത്ത സേവനങ്ങൾ ജീവകാരുണ്യ പ്രവർത്തനം എന്ന ഒറ്റവാക്കിൽ ഒതുക്കാനാകില്ല. സമൂഹത്തിൽ കഷ്ടതയും ബുദ്ധിമുട്ടും അനുഭവിക്കുന്നവരുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള ഫൊക്കാനയുടെ പ്രവർത്തനങ്ങൾ ഏറെ പ്രശംസനീയമാണ്- മേയർ കെൻ മാത്യു അഭിപ്രായപ്പെട്ടു.



ആശംസയർപ്പിച്ച മുൻ പ്രസിഡണ്ട് ജി.കെ. പിള്ള സാമൂഹിക, സാംസ്കാരിക രംഗങ്ങളിൽ ഫൊക്കാന നടത്തുന്ന പ്രവർത്തനങ്ങൾ ഏറെ പ്രശംസനീയമാണെന്ന് അഭിപ്രായപ്പെട്ടു. എല്ലാവരെയും ചേർത്തു നിർത്തിക്കൊണ്ട് പോകുന്ന സജിമോൻ-ശ്രീകുമാർ ടീമിനെ അദ്ദേഹം അഭിനന്ദിച്ചു. അദ്ദേഹം സമൂഹത്തിനു നല്കിയ സംഭാവനകളെ മാനിച്ച് ഫൊക്കാന അദ്ദേഹത്തെ ആദരിക്കുകയുണ്ടായി.

സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ ഫൊക്കാനയുടെ പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിച്ചു. ട്രഷറർ ജോയി ചാക്കപ്പൻ ഫൊക്കാനയുടെ കണക്കുകൾ സുതാര്യമായിരിക്കും എന്നും കേരളാ കൺവൻഷനെപ്പറ്റിയും വിശദീകരിച്ചു സംസാരിച്ചു. ഫൊക്കാന എക്സി. വൈസ് പ്രസിഡണ്ട് പ്രവീൺ തോമസ് ഫൊക്കാനയുടെ ചാരിറ്റി പ്രവർത്തനങ്ങളെപ്പറ്റി വിശദമാക്കി.

ഇത്തരമൊരു സംഗമം ടെക്സാസിൽ ആദ്യമാണെന്ന് ഫൊക്കാന അഡീ. ജോ.സെക്രട്ടറി അപ്പുകുട്ടൻ പിള്ളയും അഭിപ്രായപ്പെട്ടു.

ഫൊക്കാനയിൽ ഇന്നലെ കടന്നുവന്ന രണ്ടോ മൂന്നോ പേർ പ്രശ്നങ്ങൾ ഉണ്ടെന്നു വരുത്തിത്തീർക്കാൻ ശ്രമിക്കുന്നുണ്ടെന്ന് ട്രസ്റ്റി ബോർഡ് മെംബർ തോമസ് തോമസ് പറഞ്ഞു. സംഘടന തുടങ്ങിയപ്പോൾ മുതൽ എന്നപ്പോലുള്ളവർ ഇന്നും ഫൊക്കാനയിൽ ഒറ്റക്കെട്ടാണെന്നും അദ്ദേഹം പറഞ്ഞു.

മാർട്ടിൻ ജോൺ, ജോജി ജോസഫ്, ജെയിംസ് കൂടൽ (ഐഎൻഒസി), ജോസഫ് ഓലിക്കൽ (മാഗ് മുൻ പ്രസിഡണ്ട്), റെയ്ന സുനിൽ (ഐന, ഫോമ), ഷീല ചെറു (വിമൻസ് ഫോറം കോ-ചെയർ), ഡോ. ജോർജ് കാക്കനാട്ട്, ജീമോൻ റാന്നി, മാത്യു വൈരമൺ, പൊന്നു പിള്ള, ജോസഫ് കൂനന്തൻ, ജോർജ് ജോസഫ് എന്നിവരും ആശംസകൾ നേർന്നു.

റീജിയണൽ വൈസ് പ്രസിഡണ്ട് ഫാൻസിമോൾ പള്ളത്തുമഠത്തിന് ഫൊക്കാനയുടെ പ്രശംസയായി ഷാൾ പുതപ്പിച്ച് ആദരിക്കുകയും ചെയ്തു. റീജിയണൽ കൾച്ചറൽ കോ-ഓർഡിനേറ്റർ വിനോയ് കുര്യൻ, റീജിയണൽ കോ-ഓർഡിനേറ്റർ ജോജി ജോസഫ് എന്നിവർ എംസിമാരായി പ്രവർത്തിച്ചു. സജി സൈമൺ (റീജിയണൽ ട്രഷറർ) ഏവർക്കും നന്ദി രേഖപ്പെടുത്തി. മാഗ് മുൻ പ്രസിഡണ്ട് മാർട്ടിൻ ജോണിനെയും ഫൊക്കാനയുടെ ആദ്യകാലം മുതലുള്ള നേതാവ് പൊന്നു പിള്ളയെയും ഫൊക്കാന ആദരിക്കുകയുണ്ടായി.

നിമ്മി സൈമൺ, നിസ്സാ ചാക്കോ എന്നിവരുടെ ഡാൻസുകൾ ഏവരുടെയും മനം കവർന്നു. സാബു തിരുവല്ലയുടെ ഗാനങ്ങളും മിമിക്രിയും വേറിട്ടതായി. വാവച്ചന്റെ ഗാനങ്ങളും ഹൃദയഹാരിയായിരുന്നു.

# നാണിച്ചും നാണംകെട്ടും ഒരു സമൂഹം

**കാളിയാര്‍ തങ്കപ്പന്‍**

അര്‍ദ്ധരാത്രിയില്‍ അയല്‍ക്കാരന്റെ പറമ്പിലേക്ക് മാലിന്യസഞ്ചി വലിച്ചെറിയുവാന്‍ പാത്തും പതുങ്ങിയും വരുന്ന കോളേജദ്ധ്യാപകന്‍ കയ്യോടെ പിടിക്കപ്പെടുമ്പോള്‍ ആ മുഖത്തുണ്ടാകുന്ന ജാള്യത. ജ്വല്ലറിയുടമയോടു കിന്നരിക്കുന്നതിനിടയില്‍ വജ്രമോതിരം വാനിറ്റി ബാഗിലാക്കിയ ഹോളിവുഡ് നടിയെ സിസിടിവി കുടുക്കിയപ്പോഴുള്ള പൊട്ടിക്കരച്ചില്‍. ഫിനോല്‍ഫ്ത്തലീന്‍ പൗഡര്‍ പൂശിയ നോട്ടുകെട്ടുകള്‍ ആര്‍ത്തിയോടെ എണ്ണിയെടുത്ത് ഞെളിഞ്ഞിരിക്കുന്ന തഹസില്‍ദാരുടെ കൈകള്‍ ആന്റികറപ്ഷന്‍ ഓഫീസര്‍ പിടിച്ചു വെള്ളത്തില്‍ മുക്കുമ്പോഴുള്ള ആ ഭാവമാറ്റം. ഇവയൊക്കെത്തന്നെ സമൂഹമദ്ധ്യത്തില്‍ വെച്ച് മുഖംമൂടി മാറ്റപ്പെടുമ്പോഴുണ്ടാകുന്ന പരിഭ്രാന്തികളാണ്. നിലയും വിലയും മറന്ന് സ്വന്തം കയ്യിലിരിപ്പുകൊണ്ടു മാത്രം വരുത്തിവെക്കുന്ന അനര്‍ത്ഥങ്ങളാണിവ. ആരുടെയും ഒരു സഹതാപവും അവര്‍ അര്‍ഹിക്കുന്നില്ല. 'ഉപ്പു തിന്നവന്‍ വെള്ളം കുടിക്കണം' എന്നത് ലോകനീതി. എന്നാല്‍ മനസ്സാഃ വാചാഃ കര്‍മ്മണാഃ യാതൊരു തെറ്റും ചെയ്യാത്ത നിരപരാധികള്‍ അനുഭവിക്കേണ്ടി വരുന്ന ചില നാണക്കേടുകളുണ്ട്.

തികച്ചും വേദനാജനകവും ഹൃദയഭേദകവുമായ ആ അവസ്ഥയെക്കുറിച്ച് പ്രശസ്ത അമേരിക്കന്‍ ഹ്യൂമനിസ്റ്റായ 'ബ്രെനി ബ്രൗണ്‍' പറയുന്നു: "ഷെയിം ഈസ് ദി മോസ്റ്റ് പവര്‍ഫുള്‍ ഇമോഷന്‍. ഇറ്റ് ഈസ് ദി ഫിയര്‍ ദാറ്റ് വി ആര്‍ നോട്ട് ഗുഡ് ഇനഫ്." അതെ, പ്രതികരണശേഷി പോലും വിഫലമാകുമ്പോള്‍ ഒരു മനുഷ്യന്‍ താങ്ങേണ്ടി വരുന്ന അപമാനഭാരം. ലോക മലയാളീ സമൂഹം ഇന്ന് നിശ്ശബ്ദമായി അനുഭവിച്ചു തീര്‍ക്കുന്ന അതിഭീകരമായ ഒരു ദുരവസ്ഥയാണിത്. ഭൂമിയിലെവിടെപ്പോയി ഒളിച്ചാലും ഒരു വിഷാദരോഗം പോലെ, മുജ്ജന്മ ശാപം പോലെ നമ്മെ പിന്തുടരുന്ന ആ മൂകവേദനയെക്കുറിച്ചാണ് ഈ എളിയ ലേഖനം.

ആമുഖമായിത്തന്നെ ഒരു കാര്യം ഇവിടെ സൂചിപ്പിക്കട്ടെ. ധാര്‍മ്മിക ബോധവും മനഃസാക്ഷിയും ആത്മാഭിമാനവും അല്പമെങ്കിലും മനസ്സില്‍ സൂക്ഷിക്കുന്നവരെ മാത്രം ബാധിക്കുന്ന ഒരു വിഷയമാണിത്. പരസ്പര പൂരകങ്ങളായ ആ മൂന്നു ഗുണങ്ങളെയും സംരക്ഷിക്കുവാന്‍ വേണ്ടി അവര്‍ നടത്തുന്ന ധര്‍മ്മയുദ്ധത്തില്‍ എപ്പോഴും മേല്‍ക്കൈ നേടുന്നത് അധര്‍മ്മികളായിരിക്കും. അപ്രതിരോദ്ധ്യമായ ആ ഗതികേടും നിസ്സഹായാവസ്ഥയും അവരെ അവസാനം കൊണ്ടുചെന്നെത്തിക്കുന്നത് ഒരൊറ്റ വാക്കിലായിരിക്കും– 'ലജ്ജിക്കുന്നു.' അര്‍ത്ഥസംപുഷ്ടമായ ആ വാക്ക് ഇന്നു കേരളത്തിലെ യുവാക്കള്‍ ഒരു വായ്ത്താരിപോലെ ഏറ്റെടുത്തിരിക്കുന്നത് എന്തുകൊണ്ടെന്നു നോക്കാം.

ചതിയും വഞ്ചനയും കൊലയും കൊള്ളയും ചെയ്തു പണമുണ്ടാക്കി, ആ പണം കൊണ്ട് സകല കേസുകളും തേയ്ച്ചുമായ്ച്ചു കളഞ്ഞ് അലക്കി വെളുപ്പിച്ച് കുളിച്ചു കുട്ടപ്പനായി സമൂഹ മദ്ധ്യത്തിലേക്കിറങ്ങി വരുന്നവരുടെ ഒരു സുവര്‍ണ്ണ കാലമാണിത്. അത്തരം അഭിനവ ഹരിശ്ചന്ദ്രന്മാരെ അവജ്ഞയോടെ തള്ളിക്കളയുകയും നാലയലത്തുപോലും കയറ്റാതെ പരമപുച്ഛത്തോടെ അകറ്റിനിര്‍ത്തുകയും ചെയ്തിരുന്ന ഒരു സാംസ്കാരിക കേരളം നമുക്കുണ്ടായിരുന്നു. ആ കാലമൊക്കെയങ്ങു മാറി. ഇന്ന് പോക്സോകേസിലെ പ്രതികളെപ്പോലും വീരാരാധനയോടെ സ്വീകരിച്ചാനയിക്കുന്ന ഒരു സമൂഹമാണ് നമുക്കു ചുറ്റിലുമുള്ളത്. എവിടെ നോക്കിയാലും ഫ്ളെക്സുകള്‍. ലുക്ക്ഔട്ട് നോട്ടീസ് അര്‍ഹിക്കുന്ന നമ്പര്‍ വണ്‍ ക്രിമിനലുകള്‍ക്ക് നാടു നീളെ അതിമനോഹരമായ ഫുള്‍ലെങ്ത് കട്ട്ഔട്ടുകള്‍. "അയ്യോ, ഇവനല്ലേ ആ പ്രായപൂര്‍ത്തിയാകാത്ത പെങ്കൊച്ചിനെ..... നശിച്ചവന്‍...." എന്നു മനസ്സിലോര്‍ത്തുകൊണ്ട് സാധാരണക്കാരന്‍ മൂക്കത്തു വിരല്‍വെച്ചു നില്ക്കുമ്പോഴതാ ആഡംബരക്കാറിന്റെ പിന്‍സീറ്റില്‍നിന്നും സുസ്മേരവദനനായി കഥാനായകന്‍ ഇറങ്ങുന്നു. പിന്നെ, വിക്ടറിയുടെ ചിഹ്നമായ രണ്ടു വിരലകത്തിയ കയ്യുയര്‍ത്തിപ്പിടിച്ച് ആരാധകര്‍ക്കിടയിലൂടെ രാജകീയ പദവിയിലുള്ള ഒരു സവാരിയുണ്ട്. അതൊക്കെ സഹിക്കാം. പക്ഷേ, അയാളുടെ മുഖത്തു വിരിഞ്ഞു നില്ക്കുന്ന ആ "ഓഞ്ഞ" ചിരിയുണ്ടല്ലോ. അതിന് വിപുലമായ അര്‍ത്ഥതലങ്ങളുണ്ട്. പാവപ്പെട്ടവന്റെ കഴുത്തു ഞെരിക്കുന്ന അടവുകളും തന്ത്രങ്ങളുമെല്ലാം അതില്‍ അടങ്ങിയിട്ടുണ്ട്.

തുടര്‍ന്നുള്ള ജൈത്രയാത്രയില്‍ പണക്കൊഴുപ്പിന്റെ തണലും അവിഹിത ബന്ധങ്ങളുടെ സ്വാധീനവും കൊണ്ട് അധികാര സോപാനങ്ങളിലേക്കുകൂടി കടക്കുമ്പോഴാണ് നമ്മെപ്പോലുള്ളവര്‍ പകച്ചു നിന്നുപോകുന്നത്. പക്ഷേ, നമ്മെ അലട്ടുന്ന ഗുരുതരമായ പ്രശ്നം ഇതൊന്നുമല്ല. പിന്നെയോ?

മനുഷ്യത്വം തൊട്ടുതീണ്ടാത്ത ഇത്തരം കശ്മലന്മാരെ താണുവണങ്ങേണ്ടി വരുമ്പോള്‍, ഇവരുടെ ഔദാര്യ



ലേഖകന്‍

ത്തിലാണ് താന്‍ ജീവിക്കുന്നത് എന്നു തിരിച്ചറിയുമ്പോള്‍ ആത്മാഭിമാനമുള്ള മനുഷ്യന്‍ അനുഭവിക്കുന്ന ഒരാത്മപീഡനമുണ്ട്. അതാണ് യഥാര്‍ത്ഥത്തില്‍ ഒരു മലയാളി ഇന്നു നേരിടുന്ന നാണക്കേട്.

"കേരളത്തില്‍ ഈയടുത്തകാലത്തായി സൂര്യനുദിക്കുന്നതുപോലും നാണിച്ചു തല കുനിച്ചുകൊണ്ടാണ്." വന്ദ്യവയോധികനായ ഒരു റിട്ടയേര്‍ഡ് അദ്ധ്യാപകന്റെ വാക്കുകളാണ്. അത്രമാത്രം അപഹാസ്യമായ വാര്‍ത്തകളുമായിട്ടാണ് ഓരോ സുപ്രഭാതവും പൊട്ടിവിടരുന്നത്. പരിഷ്കൃതലോകത്തിന് അഭിമാനത്തോടെ നോക്കിക്കാണാവുന്ന എന്തെങ്കിലും ഒരു പരിപാടിയോ പദ്ധതിയോ നമുക്കില്ല. പകരം നാണിച്ചു തൊലിയുരിഞ്ഞു പോകുന്ന പത്രവാര്‍ത്തകളും ജുഗുപ്സാവഹങ്ങളായ ടിവി ഷോകളും മാത്രം.

പട്ടിണിക്കാര്‍ക്കു വേണ്ടിയുള്ള ക്ഷേമപെന്‍ഷന്‍ ഗസറ്റഡ് ഉദ്യോഗസ്ഥരുടെ അക്കൗണ്ടിലേക്ക് പോകുന്നു. കൊടും കുറ്റവാളികള്‍ പത്രസമ്മേളനങ്ങളുമായി സ്വൈര്യവിഹാരം നടത്തുമ്പോള്‍ പോലീസുകാര്‍ പേടിച്ചു വിരണ്ട് ഒളിവില്‍ പോകുന്നു. പരേതാത്മാക്കള്‍ നേരിട്ടുവന്ന് വോട്ടുചെയ്യുന്നു. ആളുമാറി കാലുമുറിച്ചതും കാലുമാറി കമ്പിയിട്ടതും വിരലിനു പകരം നാവു മുറിച്ചതും വയറ്റില്‍ കത്രികവെച്ചു തുന്നിയതുമൊക്കെ ക്ലീഷേകളായിട്ടുണ്ട്. ദോഷം പറയരുതല്ലോ. മൊബൈല്‍ ഫോണിന്റെ ഫ്ളാഷ് ലൈറ്റില്‍ വിജയകരമായി പ്രസവമെടുക്കുന്ന സമര്‍ത്ഥരായ ഡോക്ടര്‍മാരും ഐസിയുവില്‍ അര്‍ദ്ധബോധാവസ്ഥയില്‍ കിടക്കുന്ന യുവതിയുടെ നഗ്നത സ്വന്തം കൈകൊണ്ടു മറച്ചുകൊടുക്കുന്ന വിശാല ഹൃദയരായ അറ്റന്റര്‍മാരും പ്രബുദ്ധ കേരളത്തിന് ഒരഭിമാനം തന്നെയാണ്. ഇത്രയെല്ലാം കേട്ടിട്ടും നാണം വരാത്തവരുണ്ടെങ്കില്‍ അവര്‍ക്കായി ഇതാ ഒരു പുതിയ വാര്‍ത്ത:– കേരളത്തിലെ വര്‍ക്കിംഗ് വിമെന്‍സ് വിഭാഗത്തില്‍പ്പെട്ട ആയിരക്കണക്കിനു യുവതികള്‍ക്കു കഠിനമായ മൂത്രാശയരോഗങ്ങള്‍. ഒരു നീണ്ട പകലത്രയും ഒരുതുള്ളി വെള്ളം പോലും കുടിക്കാതെ ജോലിചെയ്യുന്നതിന്റെ തിക്തഫലമാണിത്. പറഞ്ഞിട്ടു കാര്യമില്ലല്ലോ. വെള്ളം കുടിക്കാന്‍ ഭയമാണവര്‍ക്ക്. കുടിച്ചാല്‍ മാത്രം പോരല്ലോ. അതു പുറത്തുകളയാന്‍ ശൗചാലയങ്ങള്‍ വേണ്ടേ. അതില്ലാത്തതാണു പ്രശ്നം. നമുക്കു ലജ്ജിക്കാം. ഒറ്റയ്ക്കല്ല, സംഘടിതമായിത്തന്നെ.

കള്ളം പറയുന്നതും അഴിമതി നടത്തുമൊന്നും ഈ സ്വാതന്ത്ര്യാനന്തര കാലത്ത് വലിയ കുറ്റകൃത്യമൊന്നുമല്ല. നാഴികയ്ക്കു നാനൂറുവട്ടം മാറ്റിയും മറിച്ചും കള്ളം പറയുന്ന നേതാക്കള്‍ക്കാണ് കൂടുതല്‍ ഡിമാന്‍ഡ്. അവര്‍ക്കു പ്രോത്സാഹനം നല്‍കുന്ന കാര്യത്തില്‍ മാദ്ധ്യമങ്ങള്‍ തമ്മില്‍ മത്സരമാണ്. മന്ത്രിമാര്‍ നട്ടാല്‍ കുരുക്കാത്ത നുണ പറഞ്ഞാല്‍ അതിനെ പത്രക്കാര്‍ വിശേഷിപ്പിക്കുന്നത് 'മലക്കം മറിഞ്ഞു' എന്നാണ്. ആ തിരുവായില്‍ നിന്നും ഇനിയുമിനിയും മഹത്തരങ്ങളായ കള്ളമൊഴികള്‍ പ്രതീക്ഷിച്ചുകൊണ്ട് ചാനലുകാര്‍ മൈക്കും നീട്ടിപ്പിടിച്ച് പിന്നാലെ പായുകയാണ്. അതോടെ മുത്തും പവിഴവും പതിച്ച നുണകളുടെ പെരുമഴ ആരംഭിക്കുകയായി. "അതു ഞാനല്ല, എന്റെ ഇങ്ങനെയല്ല. അതു ഞാന്‍ പറഞ്ഞതല്ല, ആരോ മിമിക്രിയിട്ടതാണ്. ഫോട്ടോ മോര്‍ഫു ചെയ്തു ചേര്‍ത്തതാണ്. മാദ്ധ്യമസൃഷ്ടി, ഗൂഢാലോചന, പുകമറ, തേജോവധം...."

ഐ.എ.എസ്, ഐ.പി.എസ്, ഡോക്ടര്‍, അഡ്വക്കേറ്റ്, കോളജ് പ്രൊഫസര്‍ എന്നൊക്കെ കേള്‍ക്കുമ്പോള്‍ നമ്മുടെ മനസ്സില്‍ പെട്ടെന്നു തോന്നുന്ന ഒരു ബഹുമാനമുണ്ടല്ലോ.


(ശേഷം 30–ാം പേജില്‍)

# ക്രിസ്മസ് സകല ജനങ്ങള്‍ക്കുമായുള്ള സദ്വാര്‍ത്ത

**രാജു തരകന്‍**

ക്രിസ്തുവിന്റെ ജനനം ചരിത്രത്തെ എഡി എന്നും ബിസി എന്നും വിഭജിച്ച് ചരിത്രാതീതമായി നിലകൊള്ളുന്നതിന്റെ രഹസ്യം എന്താണ്? നിരവധി ദൈവങ്ങള്‍ ഈ ഭൂമുഖത്ത് ജനിച്ച് മരിച്ച് അന്ത്യം പ്രാപിച്ചെങ്കിലും ക്രിസ്തു മാത്രമാണ് മരിച്ചിട്ടും ഉയിര്‍ത്തെഴുന്നേറ്റ ലോകരക്ഷിതാവ്. അതുകൊണ്ടാണ് ക്രിസ്ത്യാനികളും അക്രൈസ്തവരുമെല്ലാം ക്രിസ്മസിനെ വരവേല്‍ക്കുന്നത്. ക്രിസ്തുവിന്റെ ജനനവും മരണവും ഉയിര്‍ത്തെഴുന്നേല്‍പ്പും എല്ലാ പ്രവചനങ്ങളുടെയും പൂര്‍ത്തീകരണം കൂടിയാണ്. ക്രിസ്തുവിന്റെ ജനനം ബേത്‌ലഹേമില്‍ സംഭവിക്കുമെന്ന് മീഖ പ്രവചിച്ചിരുന്നു. (മീഖ 5–ന്റെ 2) ക്രിസ്തു ജനിക്കുന്നത് കന്യകയില്‍ കൂടിയാണെന്ന് യെശയ്യാവ് പ്രവാചകന്‍ മുന്നവേ അറിയിച്ചിരുന്നു. (യെശയ്യാവ് 7–ന്റെ 14) ക്രൂശീകരണത്തിനു ശേഷം ക്രിസ്തു ഉയിര്‍ത്തെഴുന്നേല്‍ക്കുമെന്ന് യെശയ്യാവിന് ദൈവിക അരുളപ്പാട് ലഭിച്ചിരുന്നു. (യെശയ്യാവ് 53–ന്റെ 10).

വര്‍ത്തമാന കാലഘട്ടത്തില്‍ സന്തോഷവും സമാധാനവും അനുദിനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. വര്‍ദ്ധിച്ചുവരുന്ന ഭീകരപ്രവര്‍ത്തനങ്ങള്‍, സാമ്പത്തിക തകര്‍ച്ചകള്‍, കുടുംബ തകര്‍ച്ചകള്‍, തീരാരോഗങ്ങള്‍, അനീതി, അതിക്രമങ്ങള്‍ തുടങ്ങിയ അടിസ്ഥാന ഘടകങ്ങളാണ് അസന്തുഷ്ടിയുടെയും അസ്സമാധാനത്തിന്റെയും പ്രധാന കാരണങ്ങള്‍. സമ്പദ്ഘടനയിലെ മുതലാളിത്തം വര്‍ദ്ധിക്കുകയും ഇല്ലാത്തവരുടെ ഉള്ളതും നഷ്ടപ്പെടുത്തുന്ന രാഷ്ട്രീയ ഭരണതന്ത്രങ്ങള്‍, ഭാഷയിലും വര്‍ഗ്ഗത്തിലും മതങ്ങളിലും വ്യത്യസ്ഥ രൂപങ്ങളും ഭാവങ്ങളും സൃഷ്ടിച്ച് മനുഷ്യര്‍ പരസ്പരം ചൂഷണം ചെയ്യുന്ന പ്രവണതകളാണ് ഇന്ന് നാം അഭിമുഖീകരിക്കുന്ന മറ്റൊരു സാമൂഹിക തിന്മ. ഇവിടെയാണ് ഒരു ഉദ്ധാരകന്റെ പ്ര



ലേഖകന്‍

സക്തി. പാപിയായ മനുഷ്യനെ രക്ഷിപ്പാനായി ക്രിസ്തു താഴ്മ ധരിച്ച് ജനിച്ചിരിക്കുന്നു എന്നതാണ് ക്രിസ്മസ്സിന്റെ കാതലായ സന്ദേശം. രക്ഷ എന്ന മൂലപദത്തിന്റെ അര്‍ത്ഥം വിടുതല്‍, സൂക്ഷിപ്പ്, സൗഖ്യം എന്നാകുന്നു. ആത്മാവിനോടുള്ള ബന്ധത്തില്‍ പാപത്തില്‍ നിന്നുള്ള വിടുതലാണ് രക്ഷ. അപ്പോള്‍ത്തന്നെ അത് ശിക്ഷാവിധിയില്‍ നിന്നുള്ള വിടുതലാകുന്നു. ഏകമനുഷ്യനാല്‍ പാപവും പാപത്താല്‍ മരണവും ലോകത്തില്‍ കടന്നു (റോമര്‍ 5–ന്റെ 12). അതുകൊണ്ടാണ് സര്‍വ്വ ജനങ്ങള്‍ക്കും പാപത്തില്‍ നിന്ന് മോചനം ആവശ്യമായിരിക്കുന്നത്. സല്‍പ്രവൃത്തി കൊണ്ട് പാപത്തില്‍ നിന്നുള്ള മോചനം ലഭിക്കുകയും ഇല്ല. കര്‍ത്താവായ യേശുക്രിസ്തുവില്‍ക്കൂടി മാത്രമാണ് രക്ഷ ലഭിക്കുന്നത്. ക്രിസ്തുവില്‍ വിശ്വസിക്കുന്നവര്‍ക്ക് സൗജന്യമായ രക്ഷ ലഭിക്കുന്നതാണ്. ബേത്‌ലഹേമില്‍ പിറന്ന യേശു നമ്മില്‍ ജനിക്കണം. യേശു എന്ന പദത്തിനര്‍ത്ഥം യഹോവ രക്ഷയാകുന്നു. നമ്മുടെ ക്രിസ്മസ് ആഘോഷം താല്‍ക്കാലികമാകരുത്, പ്രസ്തുത അത് നിത്യതവരെ പിന്തുടരുന്നതായിരിക്കണം.

സമൂഹത്തില്‍ ദരിദ്രാവസ്ഥയില്‍ കഴിയുന്ന ജനങ്ങളുടെ താല്‍ക്കാലിക ഭവനങ്ങളാണ് പുല്ലുകൊണ്ട് നിര്‍മ്മിക്കുന്നത്. ക്രിസ്തു ജനിച്ചതും പുല്‍ക്കൂട്ടിലാണ്, അതും വഴിയമ്പലത്തില്‍. നാം ഇവിടെ പരദേശികളാണെന്ന ചിന്തയാണ് നമ്മെ ഭരിക്കേണ്ടത്. ഇവിടെ നമ്മുടെ ജീവിതം വഴിയമ്പലത്തിനു തുല്യം. ഏറെയായാല്‍ ഭൂമിയിലെ വാസം എഴുപത് അല്ലെങ്കില്‍ എണ്‍പത് സംവത്സരം. പുല്‍ക്കൂട് നല്‍കുന്ന സന്ദേശവും ഇതാണ്. താല്‍ക്കാലിക ഭവനം വിട്ട് നിങ്ങള്‍ ഒരുനാള്‍ ഈ ലോകത്തോട് വിടപറയും. അതുകൊണ്ട് നിങ്ങള്‍ നിത്യതയ്ക്കായി ഒരുങ്ങുക. പുല്‍ക്കൂട് സ്നേഹത്തിന്റെയും സഹനത്തിന്റെയും താഴ്മയുടെയും ഉറവിടമാണ്. സാമൂഹ്യതലത്തില്‍ ക്രിസ്തുവിന്റെ മാതൃകയായിരിക്കട്ടെ നമ്മുടെ ജീവിതത്തിലും അനുവര്‍ത്തിക്കേണ്ടത്.

യേശുവിന്റെ ജനനത്തിന് അടയാളമായി ഉദിച്ച നക്ഷത്രത്തെ പിന്തുടര്‍ന്ന്, യാത്രയില്‍ വിദ്വാന്മാര്‍ ലക്ഷ്യം തെറ്റിയതുമൂലം ചെന്നെത്തിയത് ഹെരോദ രാജാവിന്റെ കൊട്ടാരത്തിലാണ്. യേശുവിനെ കാണുന്നതിനായിട്ട് യാത്ര പുറപ്പെട്ട അവര്‍ നക്ഷത്രവുമായുള്ള ബന്ധം നഷ്ടപ്പെട്ടതുമൂലം അന്ധകാരത്തില്‍ തപ്പിത്തടയുന്ന അനുഭവത്തിലായിത്തീര്‍ന്നു അവരുടെ യാത്ര. ഇന്നും അനേകരുടെയും ക്രിസ്തീയ ജീവിതം ഇതുപോലെ ആയിത്തീര്‍ന്നിരിക്കുകയാണ്. ജീവിതത്തില്‍ എപ്പോഴും ലക്ഷ്യബോധം ഉണ്ടായിരിക്കണം. നമ്മുടെ ക്രിസ്മസ് സുദിനം പ്രൗഢഗംഭീരമായി ആഘോഷിക്കുന്ന ഈ സന്ദര്‍ഭത്തില്‍ സ്വയം ആത്മപരിശോധന ചെയ്യുന്നത് ഉചിതമായിരിക്കും. നാം തെരഞ്ഞെടുക്കുന്ന സഞ്ചാരപാത ഏതുവിധം? വഴി തെറ്റി ഹെരോദ രാജാവിന്റെ കൊട്ടാരത്തില്‍ ആയിരിക്കയാണോ? അങ്ങനെയെങ്കില്‍ ക്രിസ്മസ് സുദിനത്തില്‍ ഒരു മടങ്ങിവരവ് ആവശ്യമാണ്.

ക്രിസ്തു നമ്മില്‍ ജനിക്കണം. അത് സന്തോഷത്തിന്റെയും സമാധാനത്തിന്റെയും അതിലുപരി നിത്യതയുടെയും പാനപാത്രമാകുന്നു.

സമര്‍പ്പണത്തില്‍നിന്ന് ഉരുവാകുന്ന സന്തോഷവും സമാധാനവുമാണ് യഥാര്‍ത്ഥ ക്രിസ്മസ്.

# പിസിനാക്കിന്റെ പ്രഥമ നാഷണൽ കമ്മിറ്റി ചിക്കാഗോയിൽ നടന്നു

കുര്യൻ ഫിലിപ്പ്

ചിക്കാഗോ: നാല്പതാമത് പിസിനാക്കിന്റെ പ്രഥമ നാഷണൽ കമ്മിറ്റി ഡിസംബർ ഏഴിന് ചിക്കാഗോയിൽ വെച്ച് നടന്നു. സെലിബ്രേഷൻ ചർച്ചിൽ വെച്ച് രാവിലെ ആരംഭിച്ച സമ്മേളനത്തിൽ നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി സാം മാത്യു, ട്രഷറർ പ്രസാദ് ജോർജ് സിപിഎ, ഇംഗ്ലീഷ് സെഷൻ കോ-ഓർഡിനേറ്റർ ഡോ. ജോനാഥൻ ജോർജ്, നാഷണൽ ലേഡീസ് കോ-ഓർഡിനേറ്റർ സിസ്റ്റർ ജീന വിത്സൺ എന്നിവർ പ്രവർത്തന പദ്ധതികൾ അവതരിപ്പിച്ചു. കോൺഫറൻസിന്റെ തീം ജനറേഷൻ ടു ജനറേഷൻ (സങ്കീർത്തനം 78:4) നാഷണൽ കൺവീനർ അവതരിപ്പിച്ചു.



2026 പിസിഎൻഎകെ നാഷണൽ കമ്മിറ്റി

തുടർന്ന് വിവിധ സബ് കമ്മിറ്റികളിലേക്ക് നാഷണൽ കമ്മിറ്റി അംഗങ്ങളെ നോമിനേറ്റ് ചെയ്തു. നിലവിലുള്ള സബ് കമ്മിറ്റികൾ വിപുലീകരിക്കുവാനും കൂടുതൽ സബ് കമ്മിറ്റികൾ രൂപീകരിക്കുവാനും നാഷണൽ, ലോക്കൽ എക്സിക്യൂട്ടീവ് കമ്മിറ്റിയെ ചുമതലപ്പെടുത്തി. പെന്തെക്കോസ്ത് ഉപദേശത്തിന് മുൻതൂക്കം നല്കുന്ന വചനപ്രഘോഷകർക്ക് പ്രാധാന്യം നല്കിക്കൊണ്ടുള്ള പ്രസംഗകരായിരിക്കും വചന ശുശ്രൂഷ നടത്തുന്നതെന്ന് നാഷണൽ ഭാരവാഹികൾ അറിയിച്ചു. നാഷണൽ ട്രഷറർ പ്രസാദ് ജോർജ് സിപിഎ ബജറ്റ് അവതരിപ്പിച്ചു.



പിസിഎൻഎകെ നാഷണൽ ആൻഡ് ലോക്കൽ കമ്മിറ്റി

ലോക്കൽ എക്സിക്യൂട്ടീവ് കമ്മിറ്റി ഭാരവാഹികളായ ഡോ. ടൈറ്റസ് ഈപ്പൻ, പാസ്റ്റർ ജിജു ഉമ്മൻ, ഡോ. ബിജു ചെറിയാൻ, ജോൺ മത്തായി, കെ.ഒ. ജോസ് സിപിഎ, വർഗീസ് സാമുവൽ എന്നിവർ ഇതുവരെയുള്ള പ്രാദേശിക പ്രവർത്തന പദ്ധതികൾ വിവരിച്ചു.

2026-ൽ നടക്കുന്ന നാല്പതാമത് പിസിനാക് കോൺഫറൻസിന് പ്രാദേശിക തലത്തിൽ ശക്തമായ സഹകരണമാണ് ലഭിക്കുന്നതെന്ന് നാഷണൽ ഭാരവാഹികൾ വിലയിരുത്തി. ഇതുവരെയുള്ള പ്രവർത്തനങ്ങൾ നാഷണൽ കമ്മിറ്റി അവലോകനം ചെയ്തു. ലോക്കൽ കമ്മിറ്റിയുമായി ചേർന്ന് സമ്മേളനം നടക്കുന്ന ഷാംബർഗ് കൺവൻഷൻ സെന്ററും മറ്റ് താമസസൗകര്യങ്ങളും ദേശീയ ഭാരവാഹികൾ സന്ദർശിച്ചു വിലയിരുത്തി. ലോകോത്തര നിലവാരമുള്ള കൺവൻഷൻ സെന്ററും അനുബന്ധ സൗകര്യങ്ങളും കോൺഫറൻസിൽ പങ്കെടുക്കുന്നവർക്ക് ഗുണകരമാകുമെന്ന് കമ്മിറ്റി വിലയിരുത്തി. ഒഹയർ എയർപോർട്ടിൽനിന്ന് പതിനഞ്ച് മിനിറ്റിനുള്ളിൽ എത്തിച്ചേരാവുന്ന കൺവൻഷൻ സെന്ററിൽ 1500-ഓളം സൗജന്യ പാർക്കിംഗ് സൗകര്യം ലഭ്യമാണ്. അടുത്ത ജനുവരി മാസത്തിൽ ഒന്നരവർഷം നീണ്ടുനിൽക്കുന്ന ആഗോള വ്യാപക ഓൺലൈൻ പ്രാർത്ഥനയ്ക്ക് തുടക്കം കുറിക്കുവാനും തീരുമാനമായി.

## ചൂരൽമല ദുരിതബാധിതർക്ക് കൈത്താങ്ങായി മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലാഡൽഫിയ

സജു വർഗീസ്

ഫിലാഡൽഫിയ: ചൂരൽമല ദുരിതബാധിതർക്ക് മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലാഡൽഫിയ രണ്ട് ഓട്ടോറിക്ഷയും ഒരു സൈക്കിളും കൈമാറി. മുണ്ടക്കൈ സ്വദേശികളായ നൗഫൽ, ജംഷീർ എന്നിവർക്കാണ് ജീവനോപാധിയായി ഓട്ടോറിക്ഷകൾ കൈമാറിയത്.

ഡിസംബർ 12-ന് രാവിലെ 10 മണിക്ക് കല്പറ്റയിൽ വെച്ച് നടന്ന ലളിതമായ ചടങ്ങിൽ എംഎൽഎ അഡ്വ. സിദ്ധിഖ്, മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലാഡൽഫിയ പ്രസിഡണ്ട് ശ്രീജിത്ത് കോമത്തിന്റെ സാന്നിദ്ധ്യത്തിൽ കൈമാറി. മഹനീയമായ ഈ പ്രവർത്തനത്തിന് എംഎൽഎ അഡ്വ. സിദ്ധിഖ്, മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലാഡൽഫിയ ഭാരവാഹികളോട് നന്ദി അറിയിച്ചു. നാടിനെ നടുക്കിയ ഈ ദുരന്തബാധിതർക്ക് ഒരു ചെറിയ സഹായം നല്കാൻ സാധിച്ചതിൽ അതിയായ ചാരിതാർത്ഥ്യം ഉണ്ടെന്ന് ശ്രീജിത്ത് പറഞ്ഞു. ഇതോടൊപ്പം ദുരന്തത്തിൽപ്പെട്ട മുത്തശ്ശിയെ രക്ഷിക്കാൻ മണിക്കൂറുകളോളം ധീരമായി പ്രയത്നിച്ച ഹാനി എന്ന ബാലന് ഒരു സൈക്കിളും സമ്മാനിച്ചു.






ഈ സഹായപ്രവർത്തനം സാദ്ധ്യമാക്കിയ മാപ്പ് കമ്മിറ്റി അംഗങ്ങൾക്കും ഫിലാഡൽഫിയ മലയാളി സമൂഹത്തിനും മാപ്പ് പ്രസിഡണ്ട് ശ്രീജിത്ത് കോമത്ത് നന്ദി അറിയിച്ചു. ഈ ഉദ്യമത്തിന് നേതൃത്വം നല്കിയ ചാരിറ്റി ചെയർപേഴ്സൺ ലിബിൻ പുന്നശ്ശേരി, സെക്രട്ടറി ബെൻസൺ വർഗീസ് പണിക്കർ, ട്രഷറർ ജോസഫ് കുരുവിള എന്നിവരെയും പ്രത്യേകം നന്ദി അറിയിച്ചു.

## അന്നമ്മ ഫിലിപ്പ് അന്തരിച്ചു



ചിക്കാഗോ: ആലപ്പുഴ ഡിസിസി മുൻ ട്രഷററും മുൻ കോൺഗ്രസ് പ്രവർത്തകയുമായിരുന്ന അന്നമ്മ ഫിലിപ്പ് (89) അന്തരിച്ചു. ദീർഘകാലമായി ചിക്കാഗോയി ഡെസ്പ്ലെയിൻസിൽ താമസിച്ചു വരികയായിരുന്നു. പായിപ്പാട്ട് കോട്ടപ്പുറത്ത് കുടുംബാംഗമാണ്. ഭർത്താവ് ഏബ്രഹാം ഫിലിപ്പ്. മക്കൾ: ഷൈനി കുര്യൻ, ഷാജി ഏബ്രഹാം, ജെയിംസ് ഏബ്രഹാം. മരുമക്കൾ: കുര്യൻ വർഗീസ്, ഷേർലി ഏബ്രഹാം, ബീന ഏബ്രഹാം. സഹോദരങ്ങൾ: വർഗീസ് ചാക്കോ, ജേക്കബ് ചാക്കോ, മേരി ജോർജ്, ശാന്തമ്മ ഫിലിപ്പ്, ലീലാമ്മ സാമുവൽ. പ്രാർത്ഥനാമ്മച്ചി എന്നപേരിൽ അറിയപ്പെട്ടിരുന്ന പരേത മുൻ മുഖ്യമന്ത്രി കെ. കരുണാകരൻ, വയലാർ രവി എന്നിവർ ഉൾപ്പെടെയുള്ള മുതിർന്ന കോൺഗ്രസ് നേതാക്കളുമായി ഒന്നിച്ച് രാഷ്ട്രീയ പ്രവർത്തനം നടത്തി. ബ്രദറൻ സഭാംഗമായ അന്നമ്മ ഫിലിപ്പ് ശ്രീമതി ഇന്ദിരാഗാന്ധിയുടെയും രാജീവ് ഗാന്ധിയുടെയും ആലപ്പുഴ സന്ദർശന വേളയിൽ ഡിസിസി ഭാരവാഹിയായിരുന്നു.

# വഴിയമ്പലത്തിൽ സ്ഥലമില്ലായ്കയാൽ പശുത്തൊട്ടിയിൽ കിടത്തി

ഏലിയാമ്മ ലൂക്കോസ്

ക്രിസ്മസ് കാലം എവിടെയും ആഹ്ലാദം തിരതല്ലുന്നു. കണ്ണഞ്ചിപ്പിക്കുന്ന സ്വർണ്ണനൂലുകളാൽ അലംകൃതമായ തോരണങ്ങൾ, പലതരത്തിലുള്ള ലൈറ്റുകൾ എന്നിവ എവിടെയും സ്ഥാനം പിടിച്ചിരിക്കുന്നു. മിക്ക വീടുകളിലും ക്രിസ്മസ് ട്രീ അലങ്കരിച്ച് അതിനു ചുറ്റും സമ്മാനപ്പൊതികൾ നിരത്തി വെച്ചിരിക്കുന്നു. എവിടെനിന്നോ കുടിയേറിയ ചില ആചാരങ്ങളിലൂടെ വ്യവസായികൾ ധനം കൊയ്യുന്നു. അവരുടെയൊക്കെ നല്ലകാലം! എന്നും ഉത്സവങ്ങൾ കൊണ്ട് തിന്നുകുടിച്ചു പട്ടുടുത്തുല്ലസിക്കുന്ന അമേരിക്കൻ ജനതയെക്കുറിച്ചെന്തു പറയാൻ.

യേശുക്രിസ്തുവിന്റെ ജനനം കൊണ്ടാടുകയാണല്ലോ ക്രിസ്മസ്. വിശുദ്ധ ബൈബിളിനെ ആധാരമാക്കി ചുരുക്കം ചില കാര്യങ്ങൾ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ബൈബിൾ വായിക്കുമ്പോൾ തെറ്റു കൂടാതെ വായിക്കണമെന്ന് എനിക്ക് നിർബന്ധമുണ്ട്. അർത്ഥം മനസ്സിലാക്കി വായിക്കണം. ആയിരമെന്നു പറയുമ്പോൾ ആയിരം പൂജ്യമിട്ടാലും ആയിരമെന്നു വായിക്കാൻ പറ്റില്ല. ഇടതുവശത്ത് ഒരു ഒന്നു ഇട്ട് മൂന്നു പൂജ്യം ചേർത്താൽ ആയിരമായി. ഒരക്കമോ ഒരക്ഷരമോ വിട്ടുപോയാൽ ഗതി മാറിയതുതന്നെ. വിശുദ്ധ ബൈബിളിൽ അനേക മാർമ്മീകസത്യങ്ങൾ അടങ്ങിയിട്ടുണ്ട്. പലർക്കും ആ വെളിപ്പാടുകൾ ഉണ്ടായിട്ടില്ല. "വചനം ജഡമായിതീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെയിടയിൽ പാർത്തു." യേശുക്രിസ്തുവിനെക്കുറിച്ച് വിശുദ്ധ യോഹന്നാൻ എഴുതിയതാണ്. പലരും ഈ മർമ്മം ഗ്രഹിക്കുന്നില്ല. വചനത്തെ കോട്ടിക്കളയുന്നവരാണധികവും. യേശു പുൽത്തൊട്ടിയിലാണ് ജനിച്ചതെന്നു കുഞ്ഞുപ്രായത്തിൽ ഞാനോർത്തു. അങ്ങനെയാണ് എന്നെ പഠിപ്പിച്ചത്. എന്നാൽ, ദൈവവചനം വായിച്ചപ്പോൾ അതു തെറ്റാണെന്ന് എനിക്കു മനസ്സിലായി. തെറ്റുകൾ കൊട്ടിഘോഷിച്ച് പ്രസംഗിച്ചു ഏറ്റു പറഞ്ഞു കാലം കഴിക്കാതെ സത്യവചനത്തിലേക്കു കടക്കാം.



ലേഖിക

വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം 2:7 വായിക്കാം. "അവൾ ആദ്യജാതനായ മകനെ പ്രസവിച്ചു, ശീലകൾ ചുറ്റി വഴിയമ്പലത്തിൽ സ്ഥലമില്ലായ്കയാൽ പശുത്തൊട്ടിയിൽ കിടത്തി." വ്യക്തമായി എഴുതിയിരിക്കുന്നു. വിശുദ്ധ മറിയയുടെ ആദ്യജാതനാണ് യേശുക്രിസ്തു. പിന്നീട് യാക്കോബ്, യോസെ, യൂദാ, ശീമോൻ എന്നിവരും പെൺമക്കളും ജനിച്ചതായി സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (മാർക്ക് 6:3, മത്താ. 13:55). ബൈബിൾ പരിശോധിച്ചു നോക്കിയാൽ അനേകം വിലയേറിയ മുത്തുകൾ നമുക്കു ലഭിക്കും. യേശു ജനിച്ച സ്ഥലം വ്യക്തമായി കാണിച്ചുതന്നാൽ അവിടത്തെ മണ്ണുപോലും മാന്തി എടുത്തു കൊണ്ടുപോകും. അനേക വൻകാര്യങ്ങൾ ദൈവം മറച്ചുവെച്ചിരിക്കുന്നു. ദൈവപുത്രനായ യേശു ജനിച്ചുവീണത് പുൽത്തൊട്ടിയിൽ അല്ലേ അല്ല. ദൈവം എല്ലാം നന്നായി ചെയ്തു. അനേകർക്കു വന്നു കാണാൻ സാധിക്കുന്ന പുൽത്തൊട്ടിയിലേക്ക് പൈതലിനെ ശീലകൾ പൊതിഞ്ഞു കിടത്തി. വീടുകൾ തോറും പുൽത്തൊട്ടികളുണ്ടാക്കി, ശിശുവിന്റെ ബിംബങ്ങളുണ്ടാക്കി നമസ്കരിക്കുന്നവരുണ്ടല്ലോ. വിഗ്രഹങ്ങൾ ഉണ്ടാക്കരുതെന്ന് ദൈവം അനുശാസിക്കുന്നു.

ഇന്നു ധാരാളം കൾട്ടുകൾ എഴുന്നേറ്റിട്ടുണ്ട്. അവയ്ക്കൊന്നും നാം ചെവി കൊടുക്കരുത്. സത്യമെന്തെന്നു നാം പരിശോധിച്ച് മനസ്സിലാക്കി വിവേകത്തോടെ, പരിജ്ഞാനത്തോടെ ജീവിക്കണം. വിശുദ്ധ വചനത്തിനെതിരായി വരുന്നതെല്ലാം ചതിയാണ്, വഞ്ചിക്കപ്പെടല്ലേ. മനുഷ്യദൈവങ്ങളെ തിരിച്ചറിയണം. അത്ഭുതങ്ങൾ നടന്നതുകൊണ്ടു മാത്രം ദൈവമെന്നു കരുതി ചിലരെ പിൻപറ്റുന്ന വിഡ്ഢികളായി നാം തീരരുത്. ഈ ക്രിസ്മസ് കാലം നാം വഞ്ചിക്കപ്പെട്ടു പോകരുത്.

ലോകരക്ഷിതാവായ യേശുവിന്റെ ജനനത്തെക്കുറിച്ച് നാനൂറു വർഷങ്ങൾക്കു മുമ്പ് മീഖാപ്രവാചകൻ പ്രവചിച്ചു. ബേത്ലഹേമിൽ ജനിക്കുമെന്ന് അദ്ദേഹം എഴുതി. യെശയ്യാ പ്രവാചകൻ 'കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന് ഇമ്മാനുവേൽ എന്നു പേർ വിളിക്കും' എന്നു പ്രവചിച്ചു. അതെല്ലാം സത്യമായി ഭവിച്ചു. ഒന്നാമത്തെ ആദം ഏദനിൽ നഷ്ടപ്പെടുത്തിയത് ഒടുക്കത്തെ ആദാമായ യേശുതമ്പുരാൻ നമുക്കു നേടിത്തന്നു.

യേശുവിന്റെ ജനനത്തിങ്കൽ കർത്താവിന്റെ ദൂതൻ ഇടയന്മാരുടെ അടുത്തെത്തി തേജസ് അവരെ ചുറ്റിമിന്നി. അവർ ഭയപ്പെട്ടു. ദൂതൻ അവരോട് "ഭയപ്പെടേണ്ട, സർവ്വ ജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷം ഞാൻ നിങ്ങളോട് സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. വഴിയമ്പലത്തിൽ സ്ഥലമില്ലായ്കയാൽ ശീലകൾ പൊതിഞ്ഞു പശുത്തൊട്ടിയിൽ കിടത്തിയിരിക്കുന്നു" സ്വർഗ്ഗീയ സൈന്യത്തിന്റെ ഒരു സംഘം ദൂതനോട് ചേർന്ന് ദൈവത്തെ പുകഴ്ത്തി: "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം' എന്നു പറഞ്ഞു. ദരിദ്രനായി പഴന്തുണി ശീലകളാൽ പൊതിയപ്പെട്ടവനായി പശുത്തൊട്ടിയിൽ, ക്രിസ്തുവാകുന്ന യേശുതമ്പുരാൻ!

കിഴക്കുനിന്ന് വിദ്വാന്മാർ യേശുവിന്റെ നക്ഷത്രം കണ്ടുകൊണ്ട് പുറപ്പെട്ടുവെങ്കിലും യഹൂദന്മാരുടെ രാജാവായി പിറന്നവൻ കൊട്ടാരത്തിലാണെന്ന ധാരണയിൽ ഹെരോദ രാജാവിന്റെ കൊട്ടാരത്തിൽ ചെന്നന്വേഷിച്ചു. ദൈവം കാണിച്ച നക്ഷത്രത്തെ നോക്കി പുറപ്പെട്ടിരുന്നെങ്കിൽ മാത്രം മതിയായിരുന്നു. അനേകം കുഞ്ഞുങ്ങൾ കൊല്ലപ്പെടുവാൻ അവരുടെ സ്വന്തവിവേകം ഇടയാക്കി. പ്രിയരെ, ദൈവപുത്രനായ യേശു നമ്മെ കാണിച്ചുതന്ന മാതൃക നാം പിന്തുടർന്നാൽ നാം അനുഗ്രഹിക്കപ്പെടും. ഈ ക്രിസ്മസ് ദിനം എളിയവിധത്തിൽ ആഘോഷിപ്പാൻ ശ്രമിച്ചാലും ദൈവത്തിനു മഹത്വം കൊടുക്കാം. ദൈവപ്രസാദം നേടി സമാധാനം പ്രാപിക്കാം. എല്ലാവർക്കും ക്രിസ്മസ് മംഗളങ്ങൾ നേരുന്നു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 84.82 |
| യൂറോ | 88.91 |
| സ്റ്റെർലിംഗ്പൗണ്ട് | 107.21 |
| സ്വിസ് ഫ്രാങ്ക് | 94.83 |
| സിംഗപ്പൂർ ഡോളർ | 62.73 |
| കനേഡിയൻ ഡോളർ | 59.49 |
| ഒമാൻ റിയാൽ | 220.66 |
| ബഹ്റൈൻ ദിനാർ | 225.44 |
| സൗദി റിയാൽ | 22.57 |
| യു.എ.ഇ. ദിർഹം | 23.10 |
| കുവൈത്ത് ദിനാർ | 275.44 |

# നോത്രദാം പള്ളി കൂദാശ ചെയ്തു

പാരീസ്: 2019 ഏപ്രിലിൽ 15-നുണ്ടായ അഗ്നിബാധയ്ക്കു ശേഷം കമനീയമായി പുനരുദ്ധരിച്ച പാരീസിലെ നോത്രദാം കത്തീഡ്രൽ പള്ളി പാരീസ് ആർച്ച്ബിഷപ് ലോറന്റ് ഉൾറിച്ച് കൂദാശ ചെയ്തു. വിവിധ രാജ്യക്കാരായ 170 മെത്രാന്മാർ സഹകാർമ്മികരായി. അമ്പതോളം രാഷ്ട്രത്തലവന്മാരോടൊപ്പം 2500 ക്ഷണിതാക്കളും പള്ളിക്കുള്ളിലെ ചടങ്ങിൽ പങ്കെടുത്തു. കൂദാശാ കർമ്മത്തിനുശേഷം നടന്ന വിശുദ്ധ കുർബാനയർപ്പണത്തിലും ആർച്ച്ബിഷപ് ഉൾറിച്ച് കാർമ്മികനായിരുന്നു.

രണ്ടര മണിക്കൂർ ദീർഘിച്ച കൂദാശാകർമ്മം ആരംഭിച്ചത് ആർച്ച്ബിഷപ് നോത്രദാമിലെ വിശ്വവിശ്രുതമായ പൈപ്പ് ഓർഗനു നല്കിയ ആഹ്വാനത്തോടെയാണ്. "വിശുദ്ധമായ സംഗീതോപകരണമേ ഉണരൂ, ദൈവസ്തുതികൾ ആലപിക്കൂ". 8000 പൈപ്പുകളുള്ള ഓർഗൻ ഉണർന്നു. സംഗീതധാര പ്രവഹിച്ചു. ഇത്തരത്തിലുള്ള എട്ട് ആഹ്വാനങ്ങളും പ്രാർത്ഥനകളും ധൂപാർച്ചനയ്ക്കും അൾത്താരയുടെ തൈലാഭിഷേകവും കഴിഞ്ഞ് പാരീസിനോട് ബന്ധപ്പെട്ട വിശുദ്ധരുടെ തിരുശേഷിപ്പ് പ്രതിഷ്ഠയ്ക്കും ശേഷം വിശുദ്ധ കുർബാനയും നടന്നു. കുർബാനയ്ക്കിടെ വായിച്ച ഫ്രാൻസിസ് മാർപാപ്പയുടെ സന്ദേശത്തിൽ, പള്ളിയുടെ പുനഃപ്രതിഷ്ഠ പ്രവാചക തുല്യമായ ഒരടയാളമാണെന്ന് ചൂണ്ടിക്കാട്ടി. ഈ പള്ളിയിൽ പ്രവേശിച്ചു പ്രാർത്ഥിക്കുന്നവർ ഫ്രാൻസിസിന്റെ ധന്യമായ വിശ്വാസ പൈതൃകത്തിൽ നിന്നു ശക്തിനേടി, നവപ്രേഷിതരായി രൂപാന്തരപ്പെടണമെന്നും മാർപാപ്പ ആഹ്വാനം ചെയ്തു.



നോത്രദാം കത്തീഡ്രൽ പള്ളി കൂദാശയിൽ പങ്കെടുക്കുന്ന ഫ്രഞ്ച് പ്രസിഡണ്ട് ഇമ്മാനുവൽ മക്രോൺ ഉൾപ്പെടെയുള്ള ലോകനേതാക്കൾ.

പള്ളിയുടെ കൂദാശാകർമ്മം നിയുക്ത അമേരിക്കൻ പ്രസിഡണ്ട് ട്രംപും യുക്രേനിയൻ പ്രസിഡണ്ട് സെലൻസ്കിയും തമ്മിലുള്ള കൂടിക്കാഴ്ചയ്ക്കും വേദിയാക്കി ഫ്രഞ്ച് പ്രസിഡണ്ട് മക്രോൺ നയതന്ത്രവിജയം നേടുകയും ചെയ്തു.




# കളിക്കൂട്ടം കൾച്ചറൽ ക്ലബ് ആർട്സ് ഡേ ഏറ്റെടുത്ത് ലണ്ടൻ മലയാളികൾ

സന്തോഷ് മേക്കര

ലണ്ടൻ ഒന്റാറിയോ: കുട്ടികളുടെ കലാപരമായ അഭിരുചികളെ വളർത്താനും അവർക്കു വേണ്ട പ്രോത്സാഹനങ്ങൾ നല്കാനുമായി എല്ലാവർഷവും കളിക്കൂട്ടം കൾച്ചറൽ ക്ലബ് നടത്തിവരാറുള്ള കലോത്സവത്തിന് ഡിസംബർ 7-ന് ശനിയാഴ്ച 249 ഹാമിൽട്ടൺ റോഡ് ലണ്ടനിൽ കൊടിയിറങ്ങി.

രജിസ്ട്രേഷനു ശേഷം രാവിലെ പത്തു മണിയോടെ ആരംഭിച്ച മത്സരങ്ങൾ പങ്കാളിത്തത്തിന്റെ മികവിൽ മത്സരാർത്ഥികൾക്ക് ആവേശവും രക്ഷിതാക്കൾക്ക് ആഘോഷവുമായി മാറി.

കൊച്ചുകുട്ടികൾക്കായി നടത്തിയ കഥാവതരണം (സ്റ്റോറി ടെല്ലിങ്), ഗാനാഭിനയം (ആക്ഷൻ സോങ്), പ്രച്ഛന്നവേഷം (ഫാൻസിഡ്രസ്സ്), വിവിധ വിഷയങ്ങൾ അടിസ്ഥാനമാക്കി നാല് ഗ്രൂപ്പുകളായി കുട്ടികളെ തരംതിരിച്ച് മത്സരിപ്പിച്ച പ്രസംഗമത്സരം (സ്പീച്ച് കോമ്പറ്റീഷൻ), ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടന്ന സമൂഹഗാനം (ഗ്രൂപ്പ് സോങ്) സമൂഹനൃത്തം (ഗ്രൂപ്പ് ഡാൻസ്) തുടങ്ങി എല്ലാ മത്സരങ്ങളും നിറഞ്ഞ കൈയടിയോടെയാണ് സദസ്സ് സ്വീകരിച്ചത്.

സമയബന്ധിതമായി അവസാനിച്ച മത്സരങ്ങൾക്കു ശേഷം നടന്ന സമ്മാനദാന ചടങ്ങിൽ ചീഫ് ഗസ്റ്റായി എത്തിയത് ലണ്ടൻ മലയാളികൾക്ക് ഒന്നാകെ അഭിമാനമായ കുട്ടിതാരം റിഷോൺ ബിജോ ആണ്.

കായികലോകത്തിലെ ഫുട്ബോൾ രാജാക്കന്മാരായ മറഡോണയും മെസ്സിയും റൊണാൾഡീനോയും കളിച്ചു വളർന്ന ബാഴ്സലോണ എഫ്സി ക്ലബിന്റെ ട്രെയിനിങ് ക്യാമ്പിലേക്ക് കാനഡയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട റിഷോൺ കളിക്കൂട്ടം കൂട്ടുകാരിലൊരാളാണ് എന്ന് അറിയിച്ചുകൊണ്ടാണ് കളിക്കൂട്ടം നല്കിയ ഉപഹാരം ഏറ്റുവാങ്ങിയതും പ്രൗഢഗംഭീരമായ സദസ്സിന് നന്ദി പറഞ്ഞതും.

ലണ്ടൻ മലയാളികൾക്കായുള്ള ഈ കലോത്സവം സ്പോൺസർ ചെയ്തത് ബോബൻ ജെയിംസ് (ട്രിനിറ്റി ഗ്രൂപ്പ്) ആണ്. കാനഡ ഓട്ടോമൊബൈൽ ഇൻഡസ്ട്രിയിൽ വളരെപ്പെട്ടെന്ന് തന്നെ തങ്ങളുടേതായ ഒരു സ്ഥാനം കണ്ടെത്തിയ ട്രിനിറ്റി ഗ്രൂപ്പും അതിന്റെ അമരക്കാരൻ ബോബൻ ജെയിംസും ഒന്റാറിയോ പ്രൊവിൻസിൽ മാത്രം ഏകദേശം മുന്നൂറ്റിയമ്പതോളം ആൾക്കാർക്കാണ് നേരിട്ടും അല്ലാതെയുമായി നമ്മുടെ കമ്യൂണിറ്റിയിൽ നിന്ന് ജീവിതമാർഗ്ഗം ഒരുക്കിക്കൊടുത്തത്. സ്ട്രാറ്റ്ഫോർഡ് നിസ്സാൻ, സ്ട്രാറ്റ്ഫോർഡ് കിയ, ഓക് വില്ലി മിത്സുബിഷി, മിസ്സിസാഗാ ക്രിസ്ലർ, ജീപ്പ്, ഡോഡ്ജ് തുടങ്ങി ഒന്റാരിയോ ആകെ പടർന്ന് പന്തലിച്ച ട്രിനിറ്റി ഗ്രൂപ്പ് നിങ്ങളുടെ എല്ലാവിധ വാഹന ആവശ്യങ്ങൾക്കും അനുയോജ്യമായ ഒരു ഉത്തരം ആയിരിക്കും.

കളിക്കൂട്ടം ബോർഡ് ഓഫ് ഡയറക്ടേഴ്സ് ആയ ബിജോയ് ജോൺ, സന്തോഷ് മേക്കര, സിബി തോമസ്, പ്രസിഡണ്ട് ജോബി ദേവസ്യ, വൈസ് പ്രസിഡണ്ട് അഞ്ജു ജിതിൻ, സെക്രട്ടറി ചിക്കു ബേബി, ട്രഷറർ ജെറിൽ കുര്യൻ ജോസ്, സ്പോർട്സ് കോ-ഓർഡിനേറ്റർ വൈശാഖ് നായർ, ആർട്സ് കോ-ഓർഡിനേറ്റർ ലിനിത എബ്രഹാം, കമ്മിറ്റി അംഗങ്ങളായ ഇമ്മാനുവേൽ തോമസ്, ഷിന്റോ സ്റ്റീഫൻ, സഞ്ജു സാബു, അമിത് ശേഖർ തുടങ്ങിയവർ നേതൃത്വം കൊടുത്ത കലാമേള അക്ഷരാർത്ഥത്തിൽ ആസൂത്രണ മികവിന്റെ നേർക്കാഴ്ചയായി.

ഈ കലോത്സവം ആഘോഷമാക്കിയ ലണ്ടനിലും സമീപ പ്രദേശങ്ങളിലുമുള്ള എല്ലാ മലയാളികൾക്കും വ്യക്തിപരമായി നന്ദി അറിയിക്കുന്നതിനോടൊപ്പം ദിവസം മുഴുവൻ ഫുഡ് കോർട്ട് ഒരുക്കി നാവിൽ രുചി വൈവിധ്യങ്ങളുടെ നവരസം പകർന്ന കർബീസ് കാറ്റേഴ്സിന്റെ ആത്മാർത്ഥതയെ അഭിനന്ദിക്കുന്നതായും കളിക്കൂട്ടം കൾച്ചറൽ ക്ലബ് ഭാരവാഹികൾ സംയുക്തമായി അറിയിച്ചു.





## സൈബർ കുറ്റകൃത്യം; ഇന്ത്യയിൽ 85 ലക്ഷം മൊബൈൽ കണക്ഷനുകൾ വിച്ഛേദിച്ചു

കൊല്ലം: ടെലികോം മേഖലയിലെ സുരക്ഷ വർധിപ്പിക്കുന്നതിന്റെയും വഞ്ചന, തട്ടിപ്പുകൾ എന്നിവ തടയുന്നതിന്റെയും ഭാഗമായി ഇന്ത്യയിലാകമാനം 85 ലക്ഷം മൊബൈൽ കണക്ഷനുകൾ വിച്ഛേദിച്ചു. ഡിപ്പാർട്ട്മെന്റ് ഓഫ് ടെലികമ്യൂണിക്കേഷൻസിന്റേതാണ് ഈ നടപടി. വകുപ്പ് വികസിപ്പിച്ചെടുത്ത ആർട്ടിഫിഷൽ ഇന്റലിജൻസ് ഉപകരണം നൽകിയ വിശദമായ വിശകലനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്രയധികം കണക്ഷനുകൾ റദ്ദാക്കിയത്. വ്യാജ രേഖകൾ ഉപയോഗിച്ച് നേടിയ 78.33 ലക്ഷം കണക്ഷനുകളും സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട 6.78 ലക്ഷം കണക്ഷനുകളും വിച്ഛേദിക്കപ്പെട്ടവയിൽ ഉൾപ്പെടും.

ഇതിന്റെ അടിസ്ഥാനത്തിൽ വ്യാജ കണക്ഷനുകൾ ഒഴിവാക്കുന്നതിന് ടെലികോം സേവനദാതാക്കൾക്ക് വകുപ്പ് പുതിയ മാർഗനിർദേശങ്ങളും നൽകിയിട്ടുണ്ട്. ടെലികോം കമ്പനികൾക്കു വേണ്ടി ഉപയോക്താക്കളെ എൻറോൾ ചെയ്ത് സിം കാർഡുകൾ നൽകുന്ന ഫ്രാഞ്ചൈസികൾ, വിതരണക്കാർ, ഏജന്റുമാർ തുടങ്ങി എല്ലാ പോയിന്റ് ഓഫ് സെയിൽസ് കേന്ദ്രങ്ങൾക്കും രജിസ്ട്രേഷൻ നിയന്ത്രണങ്ങൾ ബാധകമാണ്. പുതിയ മൊബൈൽ കണക്ഷനുകൾ നൽകുന്നത് സുരക്ഷിതവും സുതാര്യവും ആണെന്ന് ഉറപ്പുവരുത്താൻ ലക്ഷ്യമിട്ടുള്ളതാണ് ടെലികോം വകുപ്പിന്റെ ഈ നടപടികൾ.

പുതിയ കണക്ഷനുകൾ എടുക്കുന്നവർക്ക് ബയോമെട്രിക് വെരിഫിക്കേഷനും മേൽവിലാസ പരിശോധനയും നിർബന്ധമാണ്. ജമ്മു കാശ്മീർ, ആസാം എന്നിവിടങ്ങളിൽ പോലീസ് റിപ്പോർട്ടുകൾകൂടി ലഭിച്ചാലേ മൊബൈൽ കണക്ഷനുകൾ ലഭ്യമാകുകയുള്ളൂ. വ്യവസ്ഥകൾ ലംഘിച്ച് കണക്ഷനുകൾ നൽകിയാൽ ബന്ധപ്പെട്ട പിഒഎസുകളിൽനിന്ന് ടെലികമ്യൂണിക്കേഷൻ വകുപ്പ് പിഴ തുകയും ഈടാക്കും. തെറ്റായ വിവരങ്ങളിലൂടെയും വഞ്ചനാപ്രവർത്തനങ്ങൾ വഴിയും കണക്ഷനുകൾ നൽകുന്ന പോയിന്റ് ഓഫ് സെയിൽസ്

(ശേഷം 30-ാം പേജിൽ)



# ഉസ്താദ് സാക്കിർ ഹുസൈൻ: ലോകത്തിന്റെ ഹൃദയതാളം തൊട്ടെടുത്ത തബല മാന്ത്രികൻ



മേശകളിലും പാത്രങ്ങളിലും താളം പിടിച്ച്, മൂന്നാം വയസ്സിലേ സംഗീതമാണു വഴിയെന്നുറപ്പിച്ചയാളാണു സാക്കിർ ഹുസൈൻ. ഏഴാം വയസ്സു മുതൽ പിതാവ് തബല ചിട്ടയായി പഠിപ്പിച്ചു. പ്രശസ്ത തബലവാദകൻ ഉസ്താദ് അല്ലാ രഖാ ഖുറേഷിയുടെയും ബാവി ബീഗത്തിന്റെയും പുത്രനായി 1951 മാർച്ച് ഒൻപതിന് മുംബൈയിലെ പ്രാന്തപ്രദേശമായ മാഹിമിലാണു സാക്കിർ ഹുസൈൻ ജനിച്ചത്. സരോദ് വിദഗ്ധൻ ഉസ്താദ് അലി അക്ബർ ഖാനോടൊപ്പം ഏതാനും മണിക്കൂർ അച്ഛനു പകരക്കാരനായി തുടങ്ങി. പിന്നീട് പന്ത്രണ്ടാം വയസ്സിൽ ഉസ്താദ് അലി അക്ബർ ഖാനോടൊപ്പം സ്വതന്ത്രമായി തബല വായിച്ച് സംഗീതലോകത്ത് വരവറിയിച്ചു. പന്ത്രണ്ടാം വയസ്സിൽതന്നെ പട്നയിൽ ദസറ ഉത്സവത്തിൽ പതിനായിരത്തോളം വരുന്ന കാണികളുടെ മുൻപിൽ, മഹാനായ സിത്താർ വാദകൻ ഉസ്താദ് അബ്ദുൽ ഹലിം ജാഫർ ഖാൻ, ശഹനായി ചക്രവർത്തി ബിസ്മില്ലാ ഖാൻ എന്നിവരോടൊപ്പം രണ്ട് ദിവസത്തെ കച്ചേരികളിൽ തബല വായിച്ചു.

മുംബൈ സെന്റ് സേവ്യേഴ്സ് കോളജിലെ പഠനം പൂർത്തിയാക്കിയ സാക്കിർ ഹുസൈൻ 1970-ൽ യുഎസിൽ സിത്താർ മാന്ത്രികൻ രവി ശങ്കറിനൊപ്പം പതിനെട്ടാം വയസ്സിൽ കച്ചേരി അവതരിപ്പിച്ചു. വാഷിങ്ടൻ സർവകലാശാലയിൽ എത്തനോമ്യൂസിക്കോളജി വിഭാഗത്തിൽ അസി. പ്രഫസറാകുമ്പോൾ പ്രായം 19 മാത്രം. പിന്നെയങ്ങോട്ട് സംഗീതലോകത്തെ ജൈത്രയാത്ര. വർഷത്തിൽ നൂറ്റിഅൻപതിലധികം ദിവസങ്ങളിലും സാക്കിർ ഹുസൈൻ കച്ചേരികൾ നടത്തി. അദ്ദേഹം എത്രത്തോളം ആരാധകരുടെ മനസ്സിൽ ഇടം തേടിയിരുന്നു എന്നതിനു തെളിവാണിത്. ലോകോത്തര സംഗീതജ്ഞരുമായി ചേർന്നു നിരവധി സംഗീത സാക്ഷാത്കാരങ്ങൾ ഒരുക്കി. വയലിനിസ്റ്റ് എൽ. ശങ്കർ, ഗിറ്റാറിസ്റ്റ് ജോൺ മക്‌ലോലിൻ, മൃദംഗ വാദകൻ റാംനന്ദ് രാഘവ്, ഘടം വാദകൻ വിക്കു വിനായകറാം എന്നിവരുമായി ചേർന്ന് ഹിന്ദുസ്ഥാനി-കർണാടക സംഗീതത്തെ പാശ്ചാത്യ സംഗീതവുമായി സമന്വയിപ്പിച്ചു ജനശ്രദ്ധ പിടിച്ചുപറ്റിയ 'ശക്തി' എന്ന ഫ്യൂഷൻ സംഗീത ബാൻഡിന് 1974-ൽ രൂപം നൽകി.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള താളവാദ്യ വിദഗ്ധരെ സമന്വയിപ്പിച്ചു പ്ലാനറ്റ് ഡ്രം എന്ന പേരിൽ യുഎസ് താളവാദ്യ വിദഗ്ധൻ മിക്കി ഹാർട് തയാറാക്കിയ ആൽബത്തിൽ ഇന്ത്യയിൽനിന്നും ഘടം വിദഗ്ധൻ വിക്കു വിനായകറാമിനൊപ്പം സാക്കിർ ഹുസൈനുമുണ്ടായിരുന്നു. 1991-ൽ ലോകത്തിലെ മികച്ച സംഗീത ആൽബത്തിനുള്ള ഗ്രാമി പുരസ്കാരം ഈ ആൽബത്തിലൂടെ ആദ്യമായി സാക്കിർ ഹുസൈന്റെ കൈകളിലെത്തി. മിക്കി ഹാർട്, സാക്കിർ ഹുസൈൻ, നൈജീരിയൻ താളവാദ്യ വിദഗ്ധൻ സിക്കിരു അഡെപൊജു, ലാറ്റിൻ താള വിദഗ്ധൻ ഗിയോവനി ഹിഡാൽഗോ എന്നിവരുമായി ചേർന്ന ഗ്ലോബൽ ഡ്രം പ്രോജക്റ്റിന് കണ്ടംപെററി വേൾഡ് മ്യൂസിക് ആൽബത്തിനുള്ള ഗ്രാമി പുരസ്കാരം 2009-ൽ ഒരിക്കൽകൂടി തേടിയെത്തി. കേന്ദ്ര സംഗീത നാടക അക്കാദമി പുരസ്കാരങ്ങൾ നേടിയ സാക്കിർ ഹുസൈനെ പത്മശ്രീ (1988), പത്മഭൂഷൺ (2002) എന്നിവ നൽകി രാജ്യം ആദരിച്ചു.

ഇന്ത്യയ്ക്കു പുറത്തും നിരവധി അംഗീകാരങ്ങൾ ഈ തബല മാന്ത്രികനെ തേടിയെത്തി. യുഎസ് പ്രസിഡണ്ട് ബറാക്ക് ഒബാമ 2016-ൽ വൈറ്റ്ഹൗസിൽ സംഘടിപ്പിച്ച ഓൾ സ്റ്റാർ ഗ്ലോബൽ കൺസേർട്ടിൽ പങ്കെടുക്കാൻ സാക്കിർ ഹുസൈനെ ക്ഷണിച്ചു. ആദ്യമായാണ് ഇന്ത്യയിൽനിന്നുള്ള സംഗീതജ്ഞന് ഈ അംഗീകാരം കിട്ടിയത്. 1999-ൽ അന്നത്തെ യുഎസ് പ്രഥമ വനിത ഹിലരി ക്ലിന്റൺ യുഎസ് സെനറ്റിൽവെച്ച് സമ്മാനിച്ച നാഷണൽ ഹെറിറ്റേജ് ഫെല്ലാഷിപ് പുരസ്കാരം, സെന്റ് ഫ്രാൻസിസ്കോ ജാസ് സെന്റർ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം (2017), പ്രിൻസ്റ്റൻ സർവകലാശാലയുടെ ഓൾഡ് ഡോമിനോ ഫെലോ അംഗീകാരം (2005), ബെർക്‌ലീ കോളജ് ഓഫ് മ്യൂസിക്, ഇന്ദിര കലാ സംഗീത സർവകലാശാല, കൈരാഖർ എന്നിവിടങ്ങളിൽനിന്നുള്ള ഓണററി ഡോക്ടറേറ്റ് എന്നിവ ലോകം ഈ കലാകാരനെ എത്രയേറെ ആദരിക്കുന്നു എന്നതിനുള്ള ഉദാഹരണങ്ങളാണ്. നല്ലൊരു അഭിനേതാവു കൂടിയായ സാക്കിർ ഹുസൈൻ ഏതാനും ബോളിവുഡ് സിനിമകളിലും ബ്രിട്ടീഷ് സിനിമകളിലും പ്രധാനവേഷങ്ങളും കൈകാര്യം ചെയ്തു. 'വാ താജ്' എന്ന തൊണ്ണൂറുകളിലെ താജ്മഹൽ തേയിലയുടെ പ്രശസ്തമായ പരസ്യവാചകം അക്കാലത്ത് ശ്രദ്ധിക്കപ്പെട്ട പരസ്യമാണ്. ആ പരസ്യത്തിന്റെ സംഗീതവും അതിലെ അഭിനേതാവും സാക്കിർ ഹുസൈനാണ്. അറ്റ്ലാന്റ് ഒളിംപിക്സിന്റെ (1996) ഉദ്ഘാടന ചടങ്ങുകൾക്ക് സംഗീതം ചിട്ടപ്പെടുത്തി.



ഇന്ത്യൻ ശാസ്ത്രീയ സംഗീതത്തിന്റെ മാസ്മരിക ലോകത്ത്, ഉസ്താദ് സാക്കിർ ഹുസൈൻ എന്ന പേര് തബലയുടെ പര്യായമാണ്. ഏഴു പതിറ്റാണ്ടുകളായി തന്റെ കൈവിരലുകളിൽ നിന്നും പിറവിയെടുക്കുന്ന താളലയങ്ങൾ അദ്ദേഹത്തിന് വലിയ ആരാധനസമൂഹത്തെ സൃഷ്ടിച്ചു. എളിമയും സൗമ്യതയും നിറഞ്ഞ വ്യക്തിത്വത്തിന് ഉടമയായ അദ്ദേഹം പുതിയ തലമുറയിലെ സംഗീതജ്ഞർക്ക് പ്രചോദനമായി നിലകൊണ്ടു. ലോകമെമ്പാടും തബലയുടെ സാർവത്രിക ഭാഷയിലൂടെ സംഗീതപ്രേമികളെ ആവേശം കൊള്ളിച്ച, എക്കാലത്തെയും മഹാമാന്ത്രികരിൽ ഒരാൾ. ഇന്ത്യൻ ശാസ്ത്രീയ സംഗീതത്തിന്റെ അഭിമാനമായ ഉസ്താദ് സാക്കിർ ഹുസൈൻ, തബലയുടെ മാസ്മരിക ഭാഷയിലൂടെ ലോകമെമ്പാടും സംഗീതപ്രേമികളുടെ മനസ്സുകളിൽ എക്കാലവും ഓർമിക്കപ്പെടും.

കേരളത്തെ എന്നും ഹൃദയത്തോടു ചേർത്തു നിർത്തിയിരുന്നു ഉസ്താദ്. പാലക്കാട് മണി അയ്യരും പെരുവനം കുട്ടൻ മാരാരും പല്ലാവൂർ അപ്പു മാരാരും അടക്കമുള്ള, കേരളത്തിലെ താളവാദ്യ ഇതിഹാസങ്ങളെ ഉസ്താദ് ആദരവോടെയാണു കണ്ടിരുന്നത്.

കേരളത്തെപ്പറ്റി നോവു പടർന്ന ഒരു ഓർമയും ഉസ്താദിനുണ്ടായിരുന്നു. അദ്ദേഹം 2000-ൽ കോഴിക്കോട് മലബാർ മഹോത്സവത്തിൽ പങ്കെടുക്കുമ്പോഴായിരുന്നു പിതാവും തബലയിലെ ഇതിഹാസവുമായ ഉസ്താദ് അല്ലാ രഖാ അന്തരിച്ചത്. പിതാവിനെ ഗുരുവും ദൈവവുമായി കണ്ടിരുന്ന സാക്കിർ ഹുസൈന് അതു തീരാത്ത നോവായി.

മലയാളത്തിന്റെ വിഖ്യാത ചലച്ചിത്രകാരൻ ഷാജി എൻ. കരുൺ 'വാനപ്രസ്ഥം' എന്ന ചിത്രമൊരുക്കിയപ്പോൾ സംഗീതം നൽകാൻ സമീപിച്ചത് ഉസ്താദിനെയായിരുന്നു. കേളിയുടെ വാർഷികത്തിനു പെരുവനം ഗ്രാമം സന്ദർശിച്ച ഉസ്താദിനെ സ്വാഗതം ചെയ്തതു പെരുവനം കുട്ടൻ മാരാരുടെ നേതൃത്വത്തിൽ ഒരുക്കിയ പാണ്ടിമേളത്തോടെയാണ്. അന്ന് അവിടെ അവതരിപ്പിച്ച, നാലര മണിക്കൂറോളം നീണ്ട പരിപാടിയെപ്പറ്റി പിന്നീട് ഉസ്താദ് പറഞ്ഞത് ജീവിതത്തിലെ അമൂല്യമായ അനുഭവമെന്നാണ്.

## ഏറ്റവും കൂടുതൽ വേതനമുള്ള സംസ്ഥാനം കേരളമെന്ന് റിപ്പോർട്ട്

തിരുവനന്തപുരം: രാജ്യത്ത് ഏറ്റവും കൂടുതൽ തൊഴിലാളി വേതനമുള്ള സംസ്ഥാനം കേരളമെന്നു റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) യുടെ റിപ്പോർട്ട്. ദേശീയ ശരാശരിയുടെ രണ്ടിരട്ടിയാണ് കേരളത്തിലെ തൊഴിലാളികളുടെ വേതനം.

2023-24-ലെ സംസ്ഥാന സ്ഥിതിവിവര കണക്കുകളുടെ കൈപ്പുസ്തകത്തിലാണ് റിസർവ് ബാങ്ക് ഇക്കാര്യം ചൂണ്ടിക്കാട്ടിയിരിക്കുന്നത്. ദേശീയ ശരാശരിയായ 417 രൂപയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ നിർമാണത്തൊഴിലാളികൾക്ക് ശരാശരി 894 രൂപയാണ് പ്രതിദിന വേതനം. സാധാരണ കർഷകത്തൊഴിലാളികളുടെ കാര്യത്തിൽ പ്രതിദിന വേതനത്തിന്റെ ദേശീയ ശരാശരി 372 രൂപയാണ്.

കേരളത്തിൽ അത് 807 രൂപ വരും. സംസ്ഥാനത്തെ കർഷകേതര തൊഴിലാളികൾക്ക് പ്രതിദിനം 735 രൂപ ലഭിക്കും. ഇവരുടെ ദേശീയ ശരാശരിയാകട്ടെ 371 രൂപ മാത്രമാണ്. രാജ്യത്ത് പൊതുമേഖലയിൽ കൂടുതൽ നിയമനങ്ങൾ നടക്കുന്ന സംസ്ഥാനമാണ് കേരളം. 85 മേഖലകളിൽ മിനിമം വേതനം പ്രഖ്യാപിച്ച ഏക സംസ്ഥാനവും കേരളമാണ്.

# SEEKING BRIDEGROOM

*Knanaya Catholic parents seeking suitable alliance for their daughter. She is well educated, professionally established one. Born in Kerala and settled in U S A, (citizen). Age: 36 years, (August 19). Marital status: Divorce. (No children). Height. 5.4" Seeking alliance from Knanaya Catholic or Knanaya Jacobite boys from US. Phone: **1 630 788 2142.**

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested,
please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy,

# SEEKING BRIDE

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

*Pentecostal parents from Kerala, now settled in the US, are seeking marriage proposals for their 26-year-old son, who was born and raised in the US. He is baptized, has strong family values, and attends church regularly. He is 5.8", works as a computer engineer, and is currently pursuing graduate studies. Seeking God-fearing Pentecostal girls born or raised in the US, are professionals under 26 yrs., and 5.4" or taller. Please respond with a photo to **dm1235@gmail.com**

*Parents from US are inviting proposals for their born again son working as a doctor (MD, 33 years, fair and slim). If interested, please email at
**Questhdan@gmail.com**

*Syrian Christian Pentecostal family settled in the USA prayerfully seeking a proposal for their son (1995/182cm / 80kg), born again, baptized US citizen, working as an engineer. He has completed his BTech from India and MS from USA. Seeking suitable alliance from the parents of God fearing, baptized girls (non-ornamental) professionally qualified in engineering / BSN/ other healthcare fields. A minimum height of 160 cm is preferred. Contact WhatsApp **4704033704**

*Syrian Pentecostal parents in the US are prayerfully seeking proposals for their God-fearing son (32 year-old, 5'6" MD physician), from parents of God-fearing girls with a similar educational background from Texas. If interested, please respond with complete details via email at **tonyvince29@gmail.com."**

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to
**jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to
**hiswillforme01@gmail.com** with recent pictures and details.

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5'6") itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

# SEEKING BRIDEGROOM CONTD.....

with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to
**foreverulove2023@gmail.com** or **469-371-7023**.

**Visit Our Website:**
**www.keralaexpress.com**
**for Matrimonial Advt.**

# നിര്യാതരായി

## ടി.ടി. വർഗീസ്

**തോന്ന്യാമല:** വിദ്യാഭ്യാസ വകുപ്പ് റിട്ട. ജീവനക്കാരൻ മലയിൽ വാഹക്കുഴിയിൽ ടി.ടി. വർഗീസ് (89) അന്തരിച്ചു. ഭാര്യ മണ്ണാരക്കുളഞ്ഞി ഇളവുമഠം പരേതയായ മറിയാമ്മ വർഗീസ്. (റിട്ട. പ്രധാനാദ്ധ്യാപിക). മക്കൾ: ലിസി വർഗീസ്, ത്രേസ്യാമ്മ വർഗീസ് (റിട്ട. അദ്ധ്യാപിക), സാബു വർഗീസ് (എസ്.എച്ച്. എച്ച്എസ് മൈലപ്ര), ബിജു വർഗീസ് (മുംബൈ), ബൈജു വർഗീസ് (ഷാർജ), പരേതനായ സജി വർഗീസ് (യുഎസ്). മരുമക്കൾ: രാജൻ പെരുപായ്ക്കാട് മാത്തൂർ, ജോൺ (സെ. മേരീസ് പടനിലം), ഗ്രേസി സജി (യുഎസ്), രജനി വർഗീസ് (പ്രധാനാദ്ധ്യാപിക കടമ്മനിട്ട), ബ്ലെസി ബിജു (മുംബൈ), ഷീബ ബൈജു (ഷാർജ).

## സഖറിയ മാത്യു



**ഡാളസ്:** പത്തനംതിട്ട കുഴിക്കാല മുള്ളനാക്കുഴി വട്ടമുരുപ്പേൽ സഖറിയ മാത്യു (സണ്ണി -64) അന്തരിച്ചു. ഡാളസിലെ കേരള എക്യുമെനിക്കൽ ക്രിസ്ത്യൻ ഫെലോഷിപ് എക്സിക്യൂട്ടീവ് അംഗവും പ്ലാനോ സെഹിയോൻ മാർത്തോമ്മാ ഇടവ കാംഗവുമായ ഫിലിപ്പ് മാത്യുവിന്റെ സഹോദരനാണ് പരേതൻ. ഭാര്യ പത്തനംതിട്ട തോന്ന്യാമല കണികുളത്ത് ഓമന. മക്കൾ: പ്രീതി, പ്രിൻസി, പ്രിൻസ്. മരുമക്കൾ: പുനലൂർ പുതുവേൽ പുത്തൻവീട്ടിൽ ബിജോ, പല്ലാട് ചെറുകാട്ട് റിജോ.

**പിരളശേരി:** ചെങ്ങന്നൂർ അങ്ങാടിക്കൽ സൗത്ത് ഗവ. എച്ച്എസ് റിട്ട. അദ്ധ്യാപിക മണ്ണിൽ എ.ജി. ശോശാമ്മ (അമ്മിണി-90) അന്തരിച്ചു.

## സൂസി ജേക്കബ്

**പള്ളിക്കര:** ചിറ്റേത്ത് സൂസി ജേക്കബ് (76) അന്തരിച്ചു. കലയപുരം തറയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ജേക്കബ് മാത്യു തരകൻ. മക്കൾ: സുരേഷ് (പൂനെ), രശ്മി (യുഎസ്). മരുമക്കൾ: രൂപ ഇടത്തൊട്ടിയിൽ (പിറവം), ലിനു (യുഎസ്).

**ഭരണങ്ങാനം:** പറമുണ്ടയിൽ പരേതനായ ജോസഫിന്റെ ഭാര്യ ഏലിക്കുട്ടി (96) അന്തരിച്ചു.

**വയലാർ:** സാഹിത്യ, സാംസ്കാരിക പ്രവർത്തകനും വിദ്യാഭ്യാസ വകുപ്പ് റിട്ട. ഉദ്യോഗസ്ഥനുമായ വയലാർ ശിവശൈലത്തിൽ സി.കെ. സദാശിവൻ (ശിവസദ-65) അന്തരിച്ചു.

## ജേക്കബ് പി. ഏബ്രഹാം

**കൊച്ചി:** സൗദി അരാംകോ കമ്പനി റിട്ട. ചാർട്ടേഡ് അക്കൗണ്ടന്റ് ചെങ്ങന്നൂർ അങ്ങാടിക്കൽ മണ്ഡപത്തിൽ പുത്തൻവീട്ടിൽ ജേക്കബ് പി. ഏബ്രഹാം (രാജു-84) അന്തരിച്ചു. ഭാര്യ തിരുവല്ല പുളിമൂട്ടിൽ ലീല. മക്കൾ: അരുൺ ജെ. ഏബ്രഹാം (യുകെ), മീര ജെ. ഫിലിപ് (യുഎസ്). മരുമക്കൾ: കിരൺ കുര്യൻ (യുകെ), അജോയ് ഫിലിപ് (യുഎസ്).

## ശോശാമ്മ ജോൺ

**നെടിയശാല:** ഭിലായ് സ്റ്റീൽ പ്ലാന്റ് ആശുപത്രി റിട്ട. നേഴ്സിങ് സൂപ്പർവൈസർ തൈക്കുന്നേൽ (ആലയ്ക്കൽ) ശോശാമ്മ ജോൺ (89) അന്തരിച്ചു. അങ്കമാലി പാലമറ്റം കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ടി.എം. ജോൺ. മക്കൾ: ആനി മാത്യു (ഡൽഹി), സജി ജോൺ (യുഎസ്), മേരി സുരേഷ് (ബെംഗളൂരു). മരുമക്കൾ: കുമ്പനാട് പുത്തൻപറമ്പിൽ മാത്യു പി. വർഗീസ് (ഡൽഹി), തീക്കോയി പുതനപ്രകുന്നേൽ ഡെല്ല സജി (യുഎസ്), കടവന്ത്ര കരിമ്പുമാലിൽ സുമേഷ് ജോസ് (ബെംഗളൂരു).

**ഏറ്റുമാനൂർ:** ഇന്ത്യൻ എയർഫോഴ്സ് റിട്ട. ജൂണിയർ വാറന്റ് ഓഫീസർ നേതാജിനഗർ പുതുകുളങ്ങര പി.ജി. സജികുമാർ (54) അന്തരിച്ചു.

**കുറുമുള്ളൂർ:** പാടികുന്നേൽ പരേതനായ ജോസഫിന്റെ ഭാര്യ അന്നമ്മ ജോസഫ് (89) അന്തരിച്ചു.

## കുഞ്ഞമ്മ ബേബി

**ഇലന്തൂർ:** പരിയാരം തോമ്പിൽ വടക്കേതിൽ കുഞ്ഞമ്മ ബേബി (87) ഭിലായിയിൽ അന്തരിച്ചു. റാന്നി ചേത്തയ്ക്കൽ ചേക്കോട്ടു കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ വി. ബേബി തോമസ്. മക്കൾ: അജി ബി. ബേബി, ജൂഡി മോഹൻ (ഇരുവരും ഡാളസ്), സാമുവൽ ബി. തോമസ് (യുപി), ബേബി മാത്യു (ഹൂസ്റ്റൺ). മരുമക്കൾ: അനിത, മോഹൻ മുറ്റൂത്തറ, മേജർ മിനി സാമുവൽ തോമസ്, ജൂഡി.

**കുരിയച്ചിറ:** സൗത്ത് ഇന്ത്യൻ ബാങ്ക് റിട്ട. മാനേജർ ചിറയത്ത് ആഴ്ചങ്ങാടൻ പോൾ (74) അന്തരിച്ചു.

## പി.എം. തോമസ്

**മണ്ണാർകുളഞ്ഞി:** വ്യോമസേന റിട്ട. ഫ്ളൈറ്റ് ലഫ്റ്റനന്റ് പതാലി വീട്ടിൽ പി.എം. തോമസ് (91) ബെംഗളൂരുവിൽ അന്തരിച്ചു. ഭാര്യ പരേതയായ സൂസൻ തോമസ്. മക്കൾ: ഇന്ദു തോമസ് (യുഎസ്), കേണൽ മാത്യു തോമസ്. മരുമകൾ: ഭാരതി മാത്യു.

**വടുതല:** കെഎസ്ഇബി റിട്ട. ഉദ്യോഗസ്ഥൻ വള്ളനാട്ട് വി.എ. ജോസഫ് (71) അന്തരിച്ചു.

**കടുത്തുരുത്തി:** മണലേൽ ജയിംസ് (88) അന്തരിച്ചു.

## കുര്യൻ ജോർജ്

**പാലാ:** പന്തപ്ലാക്കൽ കുര്യൻ ജോർജ് (83) അന്തരിച്ചു. ഭാര്യ ഇളങ്ങുളം തലച്ചിറ ചിന്നമ്മ ജോർജ്. മക്കൾ: സോജി, സോഫിയ, സോണിയ, സൗമ്യ (മൂവരും യുഎസ്). മരുമക്കൾ: ബിനോയി പുതിയടത്തുകുന്നേൽ (രാമപുരം), ജസ്റ്റിൻ പുതുശേരിയിൽ ഏറ്റുമാനൂർ, ബിനോയി വെട്ടുവയലിൽ അമ്പാറനിരപ്പേൽ, ജോബിൻസ് തെന്നാന ആരക്കുഴ (മൂവരും യുഎസ്).

**പായിപ്പാട്:** തിരുവല്ല മെഡിക്കൽ മിഷൻ റിട്ട. നേഴ്സ് തുണ്ടിപറമ്പിൽ അമ്മിണി ഈശോ (82) അന്തരിച്ചു.

**പുനലൂർ:** റിട്ട. സുബേദാർ കാര്യറ പ്രിയ വിലാസത്തിൽ എം.ജെ. യേശുദാസൻ (80) അന്തരിച്ചു.

**ഇരവിപേരൂർ:** കല്ലിശേരി സെ. മേരീസ് സ്കൂൾ അദ്ധ്യാപിക ഊരാക്കമണ്ണിൽ ജിനി സജി (53) അന്തരിച്ചു.

## മോളികുട്ടി ഏബ്രഹാം

**മണർകാട്:** വെട്ടിക്കുന്നേലായ ചീനികുഴിയിൽ മോളിക്കുട്ടി ഏബ്രഹാം (72) അന്തരിച്ചു. തോട്ടക്കാട് കയ്യാലയ്ക്കകത്ത് പുളിമൂട്ടിൽ കുടുംബാംഗമാണ്. ഭർത്താവ് എ. ഏബ്രഹാം. മക്കൾ: പ്രമോദ് (യുഎസ്), പ്രദീപ്. മരുമക്കൾ: റൂബി (യുഎസ്), ജിഷ ഇലവുങ്കൽ (വെല്ലൂർ).

## മേരിക്കുട്ടി വർഗീസ്

**മണർകാട്:** കൃപാനഗർ വാക്കയിൽ വർഗീസ് തോമസിന്റെ ഭാര്യ മേരിക്കുട്ടി വർഗീസ് (70) അന്തരിച്ചു. അഞ്ചൽ കല്ലുങ്കൽ പുത്തൻപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: ജോബിൻസ് (യുഎസ്), റോബിൻ (കാനഡ). മരുമക്കൾ: ജലിൻ (യുഎസ്), റിമി (കാനഡ).

**ഏഴുകോൺ:** എസ്എൻഡിപിയോഗം മുൻ സംഘടനാ സെക്രട്ടറിയും എസ്എൻ കോളജ് മുൻ പ്രിൻസിപ്പലുമായിരുന്ന ഈലിയോട് ഗോവിന്ദവിലാസത്തിൽ പ്രഫ. ജി. സത്യൻ (83) അന്തരിച്ചു.

## ബ്രിജിത്താമ്മ

**ചങ്ങനാശേരി:** ചെത്തിപ്പുഴ കാനറ പേപ്പർ മില്ലിനു സമീപം വാര്യത്ത് ബ്രിജിത്താമ്മ (93) അന്തരിച്ചു. വായ്പൂര് കരിംകുറ്റിയിൽ കുടുംബാംഗമാണ്. മക്കൾ: അന്നമ്മ തോമസ്, മറിയാമ്മ തോമസ് (യുഎസ്), ഏലിക്കുട്ടി വർഗീസ്. മരുമക്കൾ: ജോർജ് തോമസ് കൈതപ്പറമ്പിൽ (കുമരങ്കരി), ഈപ്പൻ തോമസ് വാര്യത്ത് (യുഎസ്), പരേതനായ എം.എ വർഗീസ് മുള്ളൻകുഴിയിൽ (മല്ലപ്പള്ളി).

**വൈക്കം:** പള്ളിപ്പുറത്തുശേരി സഹകരണ ബാങ്ക് റിട്ട. സീനിയർ അക്കൗണ്ടന്റ് പുതുപ്പള്ളിൽ ജോണി പി. ജോൺ (56) അന്തരിച്ചു.

**കടമ്മനിട്ട:** വിമുക്തഭടൻ മാടപ്പള്ളിൽ എം.ഡി. സാമുവൽ (74) അന്തരിച്ചു.

## അലക്സാണ്ടർ കുരുവിള

**തിരുവനന്തപുരം:** കേശവദാസപുരം (എസ്എൻആർഎ 13) ഐരംപള്ളിയിൽ അലക്സാണ്ടർ കുരുവിള (86) അന്തരിച്ചു. ഭാര്യ അയിരൂർ കുന്നംകുളി തെങ്ങുംതോട്ടത്തിൽ അന്നമ്മ. മക്കൾ: ജെറി (ഓസ്ട്രേലിയ), ഷെറിൻ (യുഎസ്). മരുമക്കൾ: എലിസബത്ത് കൊടുനാട്ടുംകുന്നേൽ, (പാറോട്ടുകോണം), ബിജു (ആശാരിൻപറമ്പിൽ എടത്വ).

## എത്സമ്മ പോൾ



**ഡിട്രോയിറ്റ്:** ഇലഞ്ഞി കുഴിക്കമ്പിൽ പരേതനായ കെ.എം. പോളിന്റെ ഭാര്യ എത്സമ്മ പോൾ ഡിട്രോയിറ്റിൽ അന്തരിച്ചു. കരിങ്കുന്നം തോട്ടുങ്കൽ കുടുംബാംഗമാണ്. മക്കൾ: ദീപ്തി ചോരത്ത്, സിസ്റ്റർ ജോൺ കരോൾ എംസി. മരുമകൻ: ജോണി ചോരത്ത്.

**തിരുവനന്തപുരം:** വിവിധ ലോക കായികമേളകളിൽ ടെക്നിക്കൽ ഒഫീഷ്യലും ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജ് ഫിസിക്കൽ എജ്യൂക്കേഷൻ അദ്ധ്യാപകനുമായിരുന്ന കുറവൻകോണം 4എ റീജൻസ് കോർട്ടിൽ കവിയൂർ കൊറ്റിനിക്കൽ കെ.വി. വർഗീസ് (അച്ചൻകുഞ്ഞ്-94) അന്തരിച്ചു.

## സുജാത രാമചന്ദ്രൻ

**ചങ്ങനാശേരി:** പുഴവാത് ആരാധനയിൽ പരേതനായ രാമചന്ദ്രൻപിള്ളയുടെ ഭാര്യ സുജാത രാമചന്ദ്രൻ (73) യുഎസിൽ അന്തരിച്ചു. മിത്രക്കരി നാരായണംപാക്കൽ കുടുംബാംഗമാണ്. മക്കൾ: ഷീബ, സുധീർ, മഞ്ജു. രാജ്, ശ്രീജു (മൂവരും യുഎസ്).

**അടിമാലി:** റിട്ട. ഹെൽത്ത് സൂപ്പർവൈസർ ഇരുമ്പുപാലം മീരാവിഹാർ കെ.കെ. ശ്യാമള (66) അന്തരിച്ചു.

**ബുധനൂർ:** കേരള കാർഷിക ഗ്രാമവികസന ബാങ്ക് സ്റ്റാഫ് ട്രെയിനിങ് സെന്റർ റിട്ട. പ്രിൻസിപ്പൽ പടിഞ്ഞാറ് പുല്ലാണ കൃഷ്ണപ്രിയ വീട്ടിൽ കെ.പി. കരുണാകര കാരണവർ (89) അന്തരിച്ചു.

**കളത്തിപ്പടി:** പള്ളിക്കുന്ന് മാവിലശേരി (മാമ്പുഴ) ബാബുവിന്റെ ഭാര്യ ആൻസി പീറ്റർ (ഷൈനി-52) അന്തരിച്ചു.

**ആലുവ:** മണർകാട് പാടത്തുമാപ്പിള കുടുംബാംഗം കാഞ്ഞിരത്തുംമൂട്ടിൽ റിട്ട. ഡിവൈഎസ്പി കെ.വി. കുര്യൻ (83) അന്തരിച്ചു.

## ലീലാമ്മ ജോൺ

**തിരുവല്ല:** തിരുമൂലപുരം ഇടപ്പള്ളിൽ ലീലാമ്മ ജോൺ (75) അന്തരിച്ചു. മാമ്പുഴക്കരി വെങ്ങാത്ര കുടുംബാംഗമാണ്. ഭർത്താവ് ഇ.എ. ജോൺ. മക്കൾ: ദീപ, ഡെൻസി (ഇരുവരും യുഎസ്) ഡെന്നിസ് (മസ്കറ്റ്). മരുമക്കൾ: വെമ്പള്ളി ഊരാളിപറമ്പിൽ മഞ്ജു (മസ്കറ്റ്), പുളിങ്കുന്ന് പത്തിൽ നാല്പതിൽ ആന്റണി സെബാസ്റ്റ്യൻ, കുറവിലങ്ങാട് മണ്ണയ്ക്കനാട് തടത്തിപറമ്പിൽ മനോജ് (ഇരുവരും യുഎസ്).

**സൗത്ത് പാമ്പാടി:** ഇലക്കൊടിഞ്ഞി മടുക്കോലിൽ സാറാമ്മ സാമുവൽ (അമ്മിണി -82) അന്തരിച്ചു.

## ഏലിയാമ്മ ചെറിയാൻ

**തിരുവല്ല:** എംജിഎം എച്ച്എസ്എസ് റിട്ട. അദ്ധ്യാപിക മണിപ്പുഴ വേങ്ങൽ മഴുവഞ്ചേരിൽ ഏലിയാമ്മ ചെറിയാൻ (79) അന്തരിച്ചു. തെങ്ങേലി കോന്നോലിൽ കുടുംബാംഗമാണ്. ഭർത്താവ് ടി.സി. ചെറിയാൻ (റിട്ട. അക്കൗണ്ടന്റ്). മക്കൾ: ബിനു ചെറിയാൻ (യുഎസ്), ബിന്ദു ചെറിയാൻ (അദ്ധ്യാപിക, വാകത്താനം). മരുമക്കൾ: ലില്ലി ചെറിയാൻ (യുഎസ്), ബിജു ജോൺ.

## സുബൈദ സുലൈമാൻ

**ചേനപ്പാടി:** റാന്നി തൃക്കോമല മേപ്രത്ത് എം.എം. സുലൈമാന്റെ ഭാര്യ സുബൈദ സുലൈമാൻ (67) അന്തരിച്ചു. മക്കൾ: റോസിലിൻ സുലൈമാൻ (യുഎസ്), റസൽ സുലൈമാൻ (സൗദി), റോസില സുലൈമാൻ (ദുബായ്). മരുമക്കൾ: ഷെബീൻ ഷംസുദ്ദീൻ (യുഎസ്), അജീന റസൽ (സൗദി), അജീബ് റഷീദ് (ദുബായ്).

**കങ്ങഴ:** അമ്പലത്തിനാംകുഴി പാസ്റ്റർ കെ.ജെ. തോമസ് (74) അന്തരിച്ചു.

## എം.എം. ജോൺ

**പൊൻകുന്നം:** സെയിൽടാക്സ് റിട്ട. ഉദ്യോഗസ്ഥൻ മംഗലത്തുകരോട്ട് (ഏർത്തയിൽ) എം.എം. ജോൺ (90) അന്തരിച്ചു. ഭാര്യ നെടുങ്കുന്നം ചെറിശ്ശേരിൽ (തത്തംകാട്ട്) പരേതയായ ഏലിക്കുട്ടി ജോൺ (റിട്ട. ടീച്ചർ) മക്കൾ: പ്രഫ.ഡോ. ഡോളി സണ്ണി (മുംബൈ), നാൻസി റോയി, ഡ്യൂസി ജോൺ (ഇരുവരും ബെംഗളൂരു), നിസി ജോസ്, ബിൻസി ജോസ്, ഡോ.സാവിയോ ജോൺ, (മൂവരും യുഎസ്), സിസി സാബു (പൊൻകുന്നം), ബ്ലെയിസി സാബു (കാനഡ). മരുമക്കൾ: സണ്ണി തോമസ് കണ്ണാട്ടുകുന്നേൽ, റോയി ജോസഫ് കൊച്ചുകരിപ്പാപറമ്പിൽ, ഡോ. ജോസ് ഏബ്രഹാം കൊല്ലക്കൊമ്പിൽ, ജോസ് ഡി. മാടപ്പാട്ട്, സാബു ജോസ് മുണ്ടയ്ക്കൽ, സാബു ജോസ് പുത്തൻവീട്ടിൽ ജയിസ് ഏബ്രഹാം വടശ്ശേരി, ഡോ. മഞ്ജു പോൾ പൂവത്തുവീടൻ.

## വാസുദേവൻ അന്തിക്കാട്

**തൃശൂർ:** മുതിർന്ന മാധ്യമ പ്രവർത്തകൻ മുറ്റിച്ചൂർ വട്ടപറമ്പത്ത് വീട്ടിൽ വാസുദേവൻ അന്തിക്കാട് (73) അന്തരിച്ചു. ഭാര്യ ഉഷാദേവി (റിട്ട. പ്രധാനാദ്ധ്യാപിക). മക്കൾ: സന്ദീപ് (ഫ്ളോറിഡ), സോന (ദുബായ്). മരുമക്കൾ: ഇ.എം. രഞ്ജിത്ത് (ഫ്ളോറിഡ), വിമൽ ബാലചന്ദ്രൻ (ദുബായ്).

## ഏലിയാമ്മ ഫിലിപ്പ്

**പുറമറ്റം:** കവുങ്ങുംപ്രയാർ വെള്ളിക്കര പാലവശേരിൽ ഏലിയാമ്മ ഫിലിപ്പ് (കുഞ്ഞൂഞ്ഞമ്മ-73) ഫിലാഡൽഫിയായിൽ അന്തരിച്ചു. കീഴ്വായ്പൂർ കുറിച്ചിയിൽ കുടുംബാംഗം. ഭർത്താവ് പരേതനായ പി.ജെ. ഫിലിപ്പ്. മക്കൾ: ലത, സുധ. മരുമക്കൾ: റോയി, ഷെറിൻ (എല്ലാവരും യുഎസ്).

## പി.യു തോമസ്

**കല്ലാനോട്:** പള്ളിവാതുക്കൽ പി.യു. തോമസ് (ഷാജു-70) യുഎസിൽ അന്തരിച്ചു. ഭാര്യ ഡോളി തോമസ് പൂഞ്ഞാർ നടുത്തൊട്ടിയിൽ കുടുംബാംഗം. മക്കൾ: ദിവ്യ തോമസ്, ഫിലിപ്പ് തോമസ് (ഇരുവരും യുഎസ്).

**തിടനാട്:** വേലനാത്ത് അന്നക്കുട്ടി തോമസ് (80) അന്തരിച്ചു.

**കുറുപ്പന്തറ:** കരോട്ട് കോലാമാക്കൽ ജോസഫ് കരോട്ട് (89) അന്തരിച്ചു.

## റോയ് പി. തോമസ്

**അടൂർ:** പാലാഴി ടവറിലെ പി.ഒ. തോമസ് ആൻഡ് സൺസ് സ്ഥാപന ഉടമ കണ്ണങ്കോട് പുത്തൻപുരയ്ക്കൽ റോയ് പി. തോമസ് (72) അന്തരിച്ചു. ചിറ്റുണ്ടയിൽ തരകൻ കുടുംബാംഗമാണ്. ഭാര്യ: ബുധനൂർ നന്ദിയാട്ട് ലൂസി. മക്കൾ: രഞ്ജു റോയ്, റെനു റോയ് (ഇരുവരും യുഎസ്). മരുമക്കൾ: ആയൂർ അങ്ങേവിളയിൽ സൂസൻ, കൊച്ചി പരുവയ്ക്കൽ റീത്തി.

**അമലഗിരി:** ചമ്പക്കര മലയിൽ പുത്തൻവീട്ടിൽ കെ.എം. വർക്കി (85) അന്തരിച്ചു.

## എം. രവീന്ദ്രൻ നായർ

**മൂവാറ്റുപുഴ:** റിട്ട എഇഒ തെക്കൻകോട് രശ്മിഭവനിൽ (മംഗലത്ത് ത്രിവേണി) എം. രവീന്ദ്രൻ നായർ (85) അന്തരിച്ചു. ഭാര്യ അരിക്കുഴ മുരുക്കുംപിള്ളിൽ പത്മാവതി (റിട്ട. അദ്ധ്യാപിക). മക്കൾ: രശ്മി (സിംഗപ്പൂർ), അഡ്വ. രഞ്ജിത്ത്, രതീഷ് (യുഎസ്). മരുമക്കൾ: രാജീവ് (സിംഗപ്പൂർ), ഡോ. ബിന്ദു, പ്രജി (യുഎസ്).

**കടപ്ലാമറ്റം:** മംഗ്ലൂരു ഫാ. മുള്ളേഴ്സ് ഹോമിയോപ്പതി മെഡിക്കൽ കോളജ് റിട്ട. പ്രിൻസിപ്പൽ കീപ്പുറത്ത് കെ.എ ജോസഫ് (88) ന്യൂസിലൻഡിൽ അന്തരിച്ചു.

**അയ്മനം:** പതിനഞ്ചിൽപറമ്പിൽ ആനിയമ്മ (59) അന്തരിച്ചു.

## COMMERCIAL BUILDING FOR SALE AT KURAVILANGAD, KOTTAYAM

കുറവിലങ്ങാട് ജംഗ്ഷനിൽ M.C Road സൈഡിൽ 30 സെന്റ് സ്ഥലത്തോട് കൂടി 3 നിലയിലുള്ള commercial building (Aprx. 10,000 ചതുരശ്ര അടി) വില്പനയ്ക്ക്. NRI-കാർക്ക് മുൻഗണന. Owners retiring! Great investment opportunity! Mostly rented by banks!

**Serious buyers please contact**

**(USA) 1 (407) 312 9926 OR 1908 764 0342 OR**

**E-mail: medqis@gmail.com**

## LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** **USA- 630-209-5535,**
**KERALA- 9447572102**

## Favors Received



*Inserted by: Firm Believer, Boston*

## Favors Received



*Inserted by: Firm Believer, Boston*

## Favors Received



*Inserted by: Firm Believer, Bloomingdale*

## Favors Received



*Inserted by: Firm Believer, Bloomingdale*

**Visit Our Website: www.keralaexpress.com for Classified Advt.**

## LOOKING FOR LIVE-IN CAREGIVER IN DETROIT

Looking for a female caregiver for an 84 year old woman. (Preferably Malayalam speaking) in Detroit to assist with her daily activities. If you are interested,

**please contact**

**Joji Varughese 586-610-9932**

**for more information.**

## HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

## Favors Received



*Inserted by: Firm Believer, Atlanta*

## Favors Received



*Inserted by: Firm Believer, Atlanta*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

# വിദ്യാർത്ഥികളോട് വീണ്ടും രേഖകൾ ആവശ്യപ്പെട്ട് കാനഡ

ന്യൂഡൽഹി: ഉപരിപഠനത്തിനായി എത്തിയ ഇന്ത്യൻ വിദ്യാർത്ഥികളോട് സ്റ്റഡി പെർമിറ്റ്, വിസ, വിദ്യാഭ്യാസ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള രേഖകൾ വീണ്ടും സമർപ്പിക്കാൻ കാനഡ ആവശ്യപ്പെട്ടതായി വിവരം. ഈ രേഖകളെല്ലാം അവർ മുൻപ് നല്കിയിട്ടുള്ളതാണ്. രണ്ട് വർഷത്തിലേറെ വീസ കാലാവധിയുള്ള വിദ്യാർത്ഥികളും ഈ കൂട്ടത്തിലുണ്ടെന്നാണ് വിവരം.

വിദേശവിദ്യാർത്ഥികളുടെ നടപടികൾ കൈകാര്യം ചെയ്യുന്ന ഇമിഗ്രേഷൻ റഫ്യൂജീസ് ആൻഡ് സിറ്റിസൻഷിപ് കാനഡയാണ് (ഐസിആർസിസി) രേഖകൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടത്. ചിലരോട് നേരിട്ട് ഹാജരാകാനും ആവശ്യപ്പെട്ടിട്ടുണ്ട്.

വിദേശ വിദ്യാർത്ഥികളുടെ കുത്തൊഴുക്ക് തടയാനായി ഐസിആർസിസി സ്വീകരിക്കുന്ന നടപടികളുടെ ഭാഗമായാണ് രേഖകൾ വീണ്ടും സമർപ്പിക്കാൻ ആവശ്യപ്പെട്ടതെന്നാണ് വിവരം. വിദേശകാര്യ മന്ത്രാലയത്തിന്റെ കണക്കുകൾ അനുസരിച്ച് ഇന്ത്യയിൽ നിന്ന് 4.2 ലക്ഷം വിദ്യാർത്ഥികൾ കാനഡയിൽ പഠിക്കുന്നുണ്ട്. വിദ്യാർത്ഥികൾ രേഖകൾ വീണ്ടും സമർപ്പിക്കാൻ ഒരുങ്ങുകയാണ്.

രേഖകൾ ചോദിച്ച് ഇന്ത്യൻ വിദ്യാർത്ഥികളോട് മാത്രമല്ല മറ്റു സ്ഥലങ്ങളിൽ നിന്നുള്ളവർക്കും ഇ-മെയിൽ ലഭിക്കുന്നുണ്ട്. കാനഡയിലെ അനുകൂല സാഹചര്യം പരിഗണിച്ചാണ് വിദ്യാർത്ഥികൾ പഠനത്തിനെത്തിയത്. പഠനത്തിനല്ലാതെ അനധികൃത കുടിയേറ്റത്തിനെത്തിയവരെയാണ് ലക്ഷ്യമിടുന്നതെന്ന് ഐസിആർസിസി പറയുന്നു. ശരിയായ പഠനത്തിനെത്തിയവർക്ക് പ്രശ്നങ്ങളൊന്നുമില്ലെന്ന് ഉറപ്പു നല്കുന്നു. ഇ-മെയിലിലെ നിർദേശങ്ങൾ കൃത്യമായി പാലിച്ചാൽ പ്രശ്നമുണ്ടാകില്ലെന്നും പറയുന്നു.

ആവശ്യപ്പെട്ട രേഖകൾ നല്കിയില്ലെങ്കിൽ നടപടിയുണ്ടാകുമോ എന്ന് വിദ്യാർത്ഥികൾ ഭയപ്പെടുന്നു. വിസ റദ്ദാക്കുമോ ഭാവിയിൽ പ്രശ്നമുണ്ടാകുമോ എന്നും ഭീതിയുണ്ട്.

# മേരി കുര്യൻ അന്തരിച്ചു



ന്യൂയോർക്ക്: ഗ്ലെൻ ഓക്സിൽ മേരി കുര്യൻ (റാണി-66) അന്തരിച്ചു. അവിവാഹിതയായ റാണി ഇന്ത്യ കാത്തലിക് അസോസിയേഷൻ മുൻ പ്രസിഡണ്ട് വി.ജെ. കുര്യന്റെ മരുമകളാണ്. ഉത്തർപ്രദേശിലെ ജാൻസിയിൽ ജനിച്ച റാണി അമേരിക്കയിൽ കുടിയേറുന്നതിനു മുമ്പ് ബോംബെയിൽ അഭിഭാഷകയായിരുന്നു. ന്യൂയോർക്കിൽ ഒരു ചെറുകിട ബിസിനസ് നടത്തി ജീവിതം നയിച്ച അവർ ബന്ധുക്കളുടെയും വളരെയധികം സുഹൃത്തുക്കളുടെയും സാമൂഹികവലയത്തിൽ സജീവമായിരുന്നു. പാടുന്നതിലും നൃത്തം ചെയ്യുന്നതിലും അവധിക്കാല യാത്ര ചെയ്യുന്നതിലും മറ്റുള്ളവർക്ക് ജീവകാരുണ്യ സഹായം നല്കുന്നതിലും സന്തോഷം കണ്ടെത്തിയിരുന്ന ആളായിരുന്നു റാണി.

ഡിസംബർ 20-ന് വെള്ളിയാഴ്ച ന്യൂ ഹൈഡ് പാർക്കിലെ പാർക്ക് ഫ്യൂണറൽ ചാപ്പലിൽ (2175 ജെറീക്കോ ടേൺപൈക്ക്, ന്യൂഹൈഡ് പാർക്ക്, ന്യൂയോർക്ക് 11040) വൈകിട്ട് ആറു മുതൽ ഒൻപതു വരെ വേക്കും ശനിയാഴ്ച ഔവർ ലേഡി ഓഫ് ദി സ്നോസ് റോമൻ കാത്തലിക് പള്ളിയിൽ സംസ്കാരവും നടക്കും.

# സഹൃദയ എൻജിനീയറിങ് കോളജിന് രാജ്യാന്തര ബഹുമതി

തൃശൂർ: ലോകത്തിലെ ഏറ്റവും വലിയ സാങ്കേതിക സംഘടനയായ ഐട്രിപ്പിൾ ഇ-യുടെ സഹൃദയ എൻജിനീയറിങ് കോളജിലെ വിദ്യാർത്ഥി ശാഖയ്ക്ക് രാജ്യാന്തര തലത്തിലും സംസ്ഥാന തലത്തിലും അംഗീകാരം. ഐട്രിപ്പിൾ ഇ-യുടെ ആഗോളതലത്തിലുള്ള ഏറ്റവും വലിയ മേഖലയായ ഏഷ്യാ പസഫിക് മേഖലയിൽ മികച്ച വിദ്യാർത്ഥി ശാഖയ്ക്കുള്ള രാജ്യാന്തര പുരസ്കാരമാണ് സഹൃദയ എൻജിനീയറിങ് കോളജ് കരസ്ഥമാക്കിയത്.

2023-ലെ ഏറ്റവും മികച്ച പരിപാടിക്കുള്ള 'ചാരൽ ഡോംഗ് വിദ്യാർത്ഥി പ്രവർത്തന പുരസ്കാരം', വെങ്കല മെഡൽ, സഹൃദയ എസ്ബിയുടെ ചെയർമാൻ റോബിൻ ഫ്രാൻസിസിന് 'ഔട്ട്സ്റ്റാൻഡിംഗ് വോളന്റിയർ അവാർഡ് 2024' എന്നിവ ലഭിച്ചു. കൊച്ചിയിലെ ഐ ട്രുപ്പിൾ ഇ കേരള സെഷൻ സംഘടിപ്പിച്ച ചടങ്ങിൽ സഹൃദയ കോളജിൽ നടത്തിയ ടെഡ് എക്സ് ഇൻഫിനിയയ്ക്ക് 2024-ലെ ഏറ്റവും മികച്ച പരിപാടിക്കുള്ള പുരസ്കാരവും കൊച്ചി ഹബ്ബിന് ഏറ്റവും മികച്ച വിദ്യാർത്ഥി ശാഖയ്ക്കുള്ള അവാർഡും സംസ്ഥാനതലത്തിൽ ലഭിച്ചു.

സഹൃദയ എസ്ബിയുടെ ഗുണമേന്മയുള്ള പ്രവർത്തനങ്ങൾക്കും ശാഖയുടെ ചെയർമാന്റെ സവിശേഷമായ സംഭാവനകൾക്കുമുള്ള അംഗീകാരമാണ് ഈ പുരസ്കാരങ്ങൾ. ഐ ട്രിപ്പിൾ ഇഎസ്ബി കൗൺസിലർ അനിൽ ആന്റണി, കംപ്യൂട്ടർ സൊസൈറ്റി ഫാക്കൽറ്റി ചെയർ ഡോ. മണിശങ്കർ എസ്, കംപ്യൂട്ടർ സൊസൈറ്റി ചെയർമാൻ ഡെറിക് ഡേവിസ് എന്നിവർ പുരസ്കാരങ്ങൾ ഏറ്റുവാങ്ങി.

# ക്രിസ്മസ് പരീക്ഷാ ചോദ്യച്ചോർച്ച: ക്രൈംബ്രാഞ്ച് അന്വേഷിക്കും

തിരുവനന്തപുരം: ക്രിസ്മസ് പരീക്ഷയുടെ ചോദ്യക്കടലാസ് ചോർന്ന സംഭവത്തിൽ അന്വേഷണം ക്രൈംബ്രാഞ്ചിനു കൈമാറും. പത്താം ക്ലാസ് ഇംഗ്ലീഷ്, പ്ലസ് വൺ കണക്ക് പരീക്ഷകളുടെ ചോദ്യക്കടലാസാണ് പരീക്ഷാത്തലേന്ന് ഒരു യൂട്യൂബ് ചാനലിലൂടെ പുറത്തുവന്നത്. സംഭവത്തിൽ വിട്ടുവീഴ്ചയില്ലാത്ത നടപടി വേണമെന്ന നിലപാടിലാണ് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി.

വിദ്യാഭ്യാസ വകുപ്പും അന്വേഷണം നടത്തുന്നുണ്ടെങ്കിലും പോലീസ് അന്വേഷണത്തിലൂടെ മാത്രമേ സത്യം പുറത്തുവരൂവെന്ന നിലപാടിലാണു മന്ത്രി ശിവൻകുട്ടി. ഡിജിപിക്കും സൈബർ സെല്ലിനും പൊതുവിദ്യാഭ്യാസ വകുപ്പ് പരാതി നൽകിയിരുന്നു. എം.എസ്. സൊല്യൂഷൻ എന്ന യൂട്യൂബ് ചാനലിലൂടെയാണു ചോദ്യങ്ങൾ പുറത്തായത്. ചോദ്യം തയാറാക്കുന്ന അധ്യാപകർക്കോ ചുമതലയുള്ള ഉദ്യോഗസ്ഥർക്കോ യൂട്യൂബ് ചാനലുമായി ബന്ധമുണ്ടോയെന്നു പരിശോധിക്കും.

പത്താം ക്ലാസിലെയും പ്ലസ് വണ്ണിലെയും ചോദ്യങ്ങൾ തയാറാക്കുന്നതു വ്യത്യസ്തമായ രീതിയിലാണ്. ഏറെപ്പേർ ഇടപെടുന്ന ഈ പ്രക്രിയയിൽ അട്ടിമറി സാധ്യതകൾ കൂടുതലാണ്. പത്താംക്ലാസ് ചോദ്യപേപ്പർ ഡയറ്റുകളാണ് തയാറാക്കുന്നത്. ഇത് എസ്.എസ്.കെ അച്ചടിച്ചു നൽകും. ചോദ്യപേപ്പർ തയാറാക്കുന്നതിലും അച്ചടിക്കുന്നതിലും സൂക്ഷിക്കുന്നതിലും കർശന സുരക്ഷാമാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടില്ലെന്നു പരാതിയുണ്ട്. അധ്യാപകരും അനധ്യാപകരുമായി ഏറെപ്പേർ ഈ പ്രക്രിയയിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഹയർ സെക്കൻഡറി ചോദ്യം തയാറാക്കുന്നത് എസ്സിഇആർടി സംഘടിപ്പിക്കുന്ന ശിൽപ്പശാലയിലാണ്. ഓരോ ഗ്രൂപ്പിലും എട്ട് വരെ അധ്യാപകരുണ്ടാകും. തയാറാക്കുന്ന രണ്ടു സെറ്റ് ചോദ്യപേപ്പറിൽനിന്ന് ഒരെണ്ണം കേരളത്തിനു പുറത്തെ പ്രസിൽ അച്ചടിക്കും. അവർ തന്നെ 14 ജില്ലാ കേന്ദ്രങ്ങളിലും എത്തിക്കും.

ഡിസംബർ 12-നായിരുന്നു പ്ലസ്വൺ കണക്ക് പരീക്ഷ. പരീക്ഷയ്ക്കു വന്ന 23 മാർക്കിന്റെ ചോദ്യങ്ങൾ 11-ന് രാത്രി ഓൺലൈൻ ട്യൂഷൻ പ്ലാറ്റ്ഫോമിലെത്തി. ചോദ്യത്തിന്റെ ക്രമം പോലും തെറ്റാതെ ചർച്ചചെയ്യുന്ന വീഡിയോ ഒരു ലക്ഷത്തിലധികം പേരാണ് കണ്ടതെന്ന് അധ്യാപകർ പറയുന്നു.

ഫോണിലൂടെയും സ്കൂളിലെ വാട്സ്ആപ്പ് ഗ്രൂപ്പിലൂടെയും കുട്ടികൾ ഈ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ചോദിച്ചതാണ് സംശയത്തിനിടയാക്കിയത്. 11-ന് നടന്ന എസ് എസ്എൽസി ഇംഗ്ലീഷ് പരീക്ഷയിൽ ആകെയുള്ള 80 മാർക്കിന്റെ ചോദ്യങ്ങളിൽ 70 ശതമാനവും ഓൺലൈൻ ചാനലിൽ വന്നു.

# ഇന്ത്യ– ബഹ്റൈൻ വ്യാപാരം 170 കോടി ഡോളറിന്റേത്

മനാമ: ഇന്ത്യയും ബഹ്റൈനുമായുള്ള ദീർഘകാലത്തെ ബന്ധം അനുസ്മരിച്ച് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. നിലവിൽ 170 കോടി ഡോളറിന്റെ വ്യാപാരമാണ് ഇരു രാജ്യങ്ങൾക്കുമിടയിൽ നടക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

മനാമ ക്രൗൺപ്ലാസ ഹോട്ടലിൽവെച്ച് ബഹ്റൈനിലെ ഇന്ത്യൻ സമൂഹവുമായി നടത്തിയ കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മനാമ ഡയലോഗിൽ പങ്കെടുക്കാനായി എത്തിയ വിദേശകാര്യ മന്ത്രി രണ്ടാം തവണയാണ് ബഹ്റൈൻ സന്ദർശിക്കുന്നത്.

ഇന്ത്യൻ സമൂഹത്തിന് ബഹ്റൈൻ ഭരണാധികാരികളും പൗരരും നൽകുന്ന ആദരവിന് നന്ദിയുണ്ടെന്നു പറഞ്ഞ വിദേശകാര്യ മന്ത്രി സമുദ്രസംരക്ഷണം, ഡേറ്റ കൈമാറ്റം, ഭീകരപ്രവർത്തനങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങൾ തുടങ്ങി നിരവധി മേഖലകളിൽ ഇരു രാജ്യങ്ങളും സഹകരിക്കുന്നുണ്ടെന്നും അറിയിച്ചു. ഇന്ത്യൻ സ്ഥാനപതി വിനോദ് കെ. ജേക്കബ്, പ്രവാസി ഭാരതീയ സമ്മാൻ വിജയികൾ തുടങ്ങിയവരും പങ്കെടുത്തു.

# ആദിവാസി യുവാവിനെ വലിച്ചിഴച്ച സഞ്ചാരികളുടെ കാർ കസ്റ്റഡിയിൽ

മാനന്തവാടി: ആദിവാസി യുവാവിനെ കാറിൽ റോഡിലൂടെ അര കിലോമീറ്ററോളം വലിച്ചിഴച്ച് വിനോദസഞ്ചാരികളുടെ ക്രൂരവിനോദം. കൂടൽകടവ് ചെമ്മാട് ഉന്നതിയിലെ മാതൻ എന്നയാൾക്കു നേരെയാണ് ക്രൂരത. മാതന് സാരമായ പരുക്കേറ്റു. പയ്യംമ്പള്ളി കൂടൽകടവിൽ തടയണ കാണാനെത്തിയ രണ്ട് സംഘങ്ങൾ തമ്മിൽ തർക്കമുണ്ടായതു കണ്ട് തടയാനെത്തിയതിനാണ് മാതനെ വിനോദസഞ്ചാരികൾ ആക്രമിക്കാൻ കാരണമെന്ന് പോലീസ് പറഞ്ഞു. കല്ലുമായി ആക്രമിക്കാനൊരുങ്ങിയ യുവാവിനെ തടയാനെത്തിയ മാതനെ കാറിൽ വലിച്ചിഴയ്ക്കുകയായിരുന്നു. മലപ്പുറത്ത് രജിസ്റ്റർ ചെയ്ത കെഎൽ 52 എച്ച് 8733 എന്ന നമ്പറിലുള്ള കാറിൽ എത്തിയ സംഘമാണ് ആദിവാസി യുവാവിനോട് ക്രൂരത കാട്ടിയത്. കാർ പോലീസ് കസ്റ്റഡിയിലെടുത്തു.

# ഇവികെഎസ് ഇളങ്കോവൻ അന്തരിച്ചു

ചെന്നൈ: കോൺഗ്രസിന്റെ മുതിർന്ന നേതാവും മുൻകേന്ദ്രമന്ത്രിയുമായ ഇവികെഎസ് ഇളങ്കോവൻ (75) അന്തരിച്ചു. ശ്വാസകോശസംബന്ധമായ അസുഖത്തെത്തുടർന്ന് രണ്ടാഴ്ചയിലേറെയായി ചികിത്സയിലായിരുന്നു. ഡിസംബർ 14-ന് രാവിലെ 10.15-ഓടെയാണ് മരണം. ഈറോഡ് ഈസ്റ്റിൽനിന്നുള്ള എംഎൽഎയായ അദ്ദേഹം രണ്ടുതവണ ടിഎൻസിസി പ്രസിഡണ്ടായി പ്രവർത്തിച്ചിട്ടുണ്ട്.

സാമൂഹിക പരിഷ്കർത്താവ് പെരിയാറിന്റെ മൂത്തസഹോദരൻ കൃഷ്ണസാമിയുടെ മകനും ഡിഎംകെ സ്ഥാപകനേതാക്കളിൽ ഒരാളുമായ ഇവികെ സമ്പത്തിന്റെ മൂത്തമകനാണ്. അമ്മ സുലോചന സമ്പത്ത് ദീർഘകാലം അണ്ണാ ഡിഎംകെ സംഘടനാസെക്രട്ടറിയായിരുന്നു.

യൂത്ത് കോൺഗ്രസിലൂടെ രാഷ്ട്രീയത്തിൽ സജീവമായ ഇളങ്കോവൻ നടൻ ശിവാജി ഗണേശന്റെ അടുത്ത അനുയായിയായിരുന്നു. 1984-ൽ സത്യമംഗലത്തിൽനിന്ന് ആദ്യമായി നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1989-ൽ കോൺഗ്രസ് വിട്ട് ശിവാജി ഗണേശൻ രൂപവത്കരിച്ച തമിഴക മുന്നേറ്റ മുന്നണിയിൽ ചേർന്നു. ശിവാജി പാർട്ടി പിരിച്ചുവിട്ടപ്പോൾ കോൺഗ്രസിൽ തിരിച്ചെത്തി. 2000-ത്തിൽ പാർട്ടി സംസ്ഥാന അധ്യക്ഷനായി. 2004-ൽ ലോക്സഭ അംഗമായ അദ്ദേഹം യുപിഎ സർക്കാരിൽ സഹമന്ത്രിയായി.

2014-ൽ വീണ്ടും പാർട്ടി സംസ്ഥാന അധ്യക്ഷനായി. 2016-ൽ ഡിഎംകെ-കോൺഗ്രസ് സഖ്യം പുനഃസ്ഥാപിക്കുന്നതിന് നിർണായക പങ്കുവഹിച്ചു. മകൻ തിരുമകൻ ഇവേരയുടെ അകാലമരണത്തെത്തുടർന്ന് കഴിഞ്ഞവർഷം ഈറോഡ് ഈസ്റ്റ് നിയമസഭാമണ്ഡലത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ വൻഭൂരിപക്ഷത്തിൽ വിജയിക്കുകയായിരുന്നു. സഞ്ജയ് സമ്പത്താണ് മറ്റൊരു മകൻ. ഭാര്യ: വരലക്ഷ്മി.

# നാല് മരണം

(3-ാം പേജിൽനിന്നും)

കാറിന്റെ വാതിലുകൾ തുറക്കാൻ പറ്റാത്ത സ്ഥിതിയിലായിരുന്നു. പിന്നീട് കോന്നിയിൽനിന്നു പോലീസും ഫയർഫോഴ്സും എത്തിയാണ് രക്ഷാപ്രവർത്തനം നടത്തിയത്.

മൃതദേഹങ്ങൾ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിനുശേഷം സ്വകാര്യ ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി. സംസ്കാരം പിന്നീട് നടക്കും. സാലിയാണ് നിഖിലിന്റെ മാതാവ്. സഹോദരി: നിത. നിഷയാണ് അനുവിന്റെ മാതാവ്. സഹോദരൻ: ആരോൺ.

# പാർലമെന്റിനു മുന്നിൽ പ്രതിഷേധം

(3-ാം പേജിൽനിന്നും)

സർക്കാരിന്റെ നടപടിയിൽ കേരള എംപിമാർ നിരാശയിലാണെന്നും സർക്കാർ രാഷ്ട്രീയത്തിന് അതീതമായി പ്രവർത്തിക്കണമെന്നും പ്രിയങ്ക ആവശ്യപ്പെട്ടു. വയനാട് ദുരന്തത്തിലെ രക്ഷാപ്രവർത്തനത്തിനുള്ള പണം ചോദിക്കുന്നത് മലയാളികളെ അപമാനിക്കുന്നതിനു തുല്യമാണെന്ന് കെ. രാധാകൃഷ്ണൻ എംപി പറഞ്ഞു.കേരളത്തെ ഒറ്റപ്പെടുത്താനും കുറ്റപ്പെടുത്താനുമുള്ള ശ്രമമാണിതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

# ആൻജിയോപ്ലാസ്റ്റിയിൽ സ്റ്റെന്റിതര വസ്തുക്കളുടെ പ്രത്യേക ബില്ല് നിർബന്ധമാക്കി

തൃശൂർ: ആൻജിയോപ്ലാസ്റ്റി ചികിത്സയിൽ സ്റ്റെന്റുകൾക്ക് പുറമേ ഉപയോഗിക്കുന്ന വസ്തുക്കളുടെ തുകകൾ ബില്ലിൽ പ്രത്യേകം കാണിക്കണമെന്നത് നിർബന്ധമാക്കി. ദേശീയ ഔഷധ വിലനിയന്ത്രണ സമിതി ആശുപത്രികൾക്ക് നിർദേശം നൽകിയെന്ന് കേന്ദ്ര ഔഷധവകുപ്പ് സഹമന്ത്രി അനുപ്രിയ പട്ടേൽ പാർലമെന്റിലാണ് വ്യക്തമാക്കിയത്.

ബൈപാസ് സ്റ്റെന്റുകൾക്ക് വില നിയന്ത്രിച്ചശേഷം ഹൃദയചികിത്സയുടെ ചെലവിൽ ആനുപാതികമായ കുറവ് വന്നിരുന്നു. എന്നാൽ താമസിയാതെ ചെലവ് പഴയ നിലയിലേക്ക് തിരികെപ്പോയി. മിക്ക സ്ഥലങ്ങളിലും സ്റ്റെന്റ് ഒഴികെയുള്ള വസ്തുക്കൾക്കും അനുബന്ധ സേവനങ്ങൾക്കും അമിത നിരക്ക് ഈടാക്കുന്നു എന്ന പരാതിയും വ്യാപകമായി. ഇതിനെത്തുടർന്ന് വിലനിയന്ത്രണ സമിതി വിഷയം പഠിക്കുകയും ചില ആശുപത്രികൾ ഇക്കാര്യത്തിൽ സുതാര്യമല്ലാത്ത ബിൽ നൽകുന്നതായും കണ്ടെത്തി. എന്നാൽ സ്റ്റെന്റ് വില നിയന്ത്രിച്ചത് ഹൃദയചികിത്സയിൽ വലിയ ആശ്വാസമായെന്ന വസ്തുതയും പഠനം വെളിവാക്കിയിട്ടുണ്ട്. ചികിത്സയിൽ ഉപയോഗിക്കുന്ന കത്തീറ്ററുകൾ, ഗൈഡ് വയറുകൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ വിലയും നിർമാതാക്കളുടെ വിവരവും ബില്ലുകളിൽ പ്രത്യേകം ചേർക്കണമെന്ന നിർദേശം നിലവിലുള്ളതാണ്.

# ലോക്സഭയിലെ കന്നിപ്രസംഗത്തിൽ മോദി സർക്കാരിനെ ആഞ്ഞടിച്ച് പ്രിയങ്ക

ന്യൂഡൽഹി: ഇന്ത്യയുടെ ഭരണഘടന (സംവിധാൻ) സംഘപരിവാറിന്റെ ഭരണഘടനയല്ലെന്ന് (സംഘ് കാ വിധാൻ) ലോക്സഭയിലെ കന്നിപ്രസംഗത്തിൽ കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി പ്രധാനമന്ത്രിയെ ഓർമിപ്പിച്ചു. ഭരണഘടനയെന്ന 'സുരക്ഷാകവച'ത്തെ ബിജെപി ഏതൊക്കെ തരത്തിൽ തകർക്കുന്നുവെന്ന് അരമണിക്കൂറിലേറെ നീണ്ട പ്രസംഗത്തിൽ എണ്ണിപ്പറഞ്ഞു. ബാലറ്റ് പേപ്പറിൽ തെരഞ്ഞെടുപ്പ് നടത്തി സത്യം തെളിയിക്കാൻ സർക്കാരിനെ പ്രിയങ്ക വെല്ലുവിളിച്ചു.

ബിജെപി തന്നെ കൊണ്ടുവന്ന വനിതാ സംവരണ നിയമം നടപ്പാക്കാൻ 10 വർഷം കാത്തിരിക്കണോ? ലോക്സഭാ തെരഞ്ഞെടുപ്പിൽ സീറ്റ് കുറഞ്ഞില്ലെങ്കിൽ ബിജെപി ഭരണഘടന തന്നെ മാറ്റുമായിരുന്നു. 1975-ലെ അടിയന്തരാവസ്ഥയെക്കുറിച്ചു പറയുന്ന ബിജെപി അതിൽനിന്നു പാഠം ഉൾക്കൊള്ളാനാണു തയാറാകേണ്ടത്. നിങ്ങളുടെ തെറ്റുകൾക്ക് നിങ്ങളും മാപ്പു പറയുക.

ന്റെ കഥ നമ്മൾ കേട്ടിട്ടുണ്ട്. ഇന്നത്തെ രാജാവ് പല വേഷങ്ങൾ കെട്ടാറുണ്ടെങ്കിലും ജനങ്ങളുടെ ഇടയിലേക്കു പോകാൻ ധൈര്യമില്ല.

ജാതി സെൻസസിലൂടെ ഓരോ വിഭാഗത്തിന്റെയും സ്ഥിതി മനസ്സിലാക്കി നയങ്ങളുണ്ടാക്കണം. ബിജെപി ഭരണകാലത്തിനു മുൻപ് ആർക്കും സർക്കാരിനെ വിമർശിക്കാൻ അധികാരമുണ്ടായിരുന്നു; ഇന്ന് സിബിഐ, ഇഡി അടക്കമുള്ള ഏജൻസികളെ ദുരുപയോഗിച്ച് പ്രതിപക്ഷ നേതാക്കളെവരെ ജയിലിലടച്ചു.



ലോക്സഭയിൽ കന്നിപ്രസംഗം നടത്തുന്ന വയനാട് എംപി പ്രിയങ്ക ഗാന്ധി.

അദാനിക്കുവേണ്ടി മാത്രമാണു സർക്കാർ നിലകൊള്ളുന്നതെന്ന് പ്രിയങ്ക ആരോപിച്ചു. അദാനിയെന്ന വാക്ക് മൂന്ന് തവണയാണു പ്രസംഗത്തിൽ ഉപയോഗിച്ചത്. ഇതു സഭാരേഖകളിൽനിന്നു നീക്കംചെയ്തു.

വയനാട്ടിലെ ഉരുൾപൊട്ടലിൽ ചെളിയിൽ കഴുത്തറ്റം മുങ്ങിയ വല്യുമ്മയെ ആറ് മണിക്കൂറോളം പിടിച്ചുനിർത്താൻ ശ്രമിച്ച പതിനേഴുകാരൻ മുഹമ്മദ് ഹാനിയെക്കുറിച്ചും പ്രിയങ്ക പരാമർശിച്ചു. ഇവർക്കെല്ലാം ധൈര്യം പകരുന്നതാണു ഭരണഘടന. വയനാട് മുതൽ ലളിത്പുർ വരെ കർഷകരുടെ കണ്ണീരാണു കാണുന്നത്.

ഞാൻ സഭയിലെത്തിയിട്ട് 15 ദിവസമായിട്ടേയുള്ളൂ. വലിയ വിഷയങ്ങൾ ചർച്ചയ്ക്കു വന്നിട്ടുപോലും 10 മിനിറ്റ് മാത്രമാണു പ്രധാനമന്ത്രിയെ ഇവിടെ കണ്ടത്. ജനങ്ങൾ തന്നെക്കുറിച്ച് എന്തു പറയുന്നുവെന്ന് അറിയാനായി വേഷം മാറി നാട്ടിലൂടെ നടന്ന രാജാവി

മറ്റു പാർട്ടികളിൽനിന്നുള്ളവരെ സ്വന്തം പാളയത്തിലെത്തിക്കുന്ന ബിജെപിയുടെ 'വാഷിങ് മെഷീൻ' രാഷ്ട്രീയവും പരാമർശിച്ച പ്രിയങ്ക, ഈ രാജ്യം ഉണർന്നെഴുന്നേൽക്കും, പൊരുതും എന്നു പറഞ്ഞാണു പ്രസംഗം അവസാനിപ്പിച്ചത്.

പ്രതിപക്ഷാംഗങ്ങളുടെ കയ്യടികൾക്കിടെ പ്രിയങ്കയെ കെട്ടിപ്പിടിച്ചു രാഹുൽ ഗാന്ധി നെറുകയിൽ മുത്തമിട്ടു. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, സോണിയ ഗാന്ധി, പ്രിയങ്കയുടെ ഭർത്താവ് റോബർട് വാധ്ര, മകൻ റെയ്ഹാൻ എന്നിവർ സന്ദർശക ഗാലറിയിലുണ്ടായിരുന്നു.

# പാലക്കാട്ട് ലോറി പാഞ്ഞു കയറി നാല് വിദ്യാർത്ഥിനികൾക്ക് ദാരുണാന്ത്യം

കല്ലടിക്കോട്: സ്കൂൾവിട്ട് വീട്ടിലേക്കു നടന്നുപോകുകയായിരുന്ന വിദ്യാർത്ഥികളുടെ ഇടയിലേക്ക് സിമന്റ് ലോറി ഇടിച്ചുകയറി നാല് പെൺകുട്ടികൾക്ക് ദാരുണാന്ത്യം. പാലക്കാട്-കോഴിക്കോട് ദേശീയപാതയിൽ കരിമ്പ പനയമ്പാടം വളവിലായിരുന്നു അപകടം. കരിമ്പ ചെറുള്ളി പള്ളിപ്പുറം അബ്ദുൾ സലാമിന്റെ മകൾ ഇർഫാന ഷെ



അപകടത്തിൽ മരിച്ച റിദ ഫാത്തിമ, നിത ഫാത്തിമ, ആയിഷ, ഇർഫാന ഷെറിൻ എന്നിവർ

റിൻ (13), പെട്ടേതൊടി അബ്ദുൾ റഫീഖിന്റെ മകൾ റിദ ഫാത്തിമ (13), കവുളെങ്ങിൽ സലീമിന്റെ മകൾ നിത ഫാത്തിമ (13), അത്തിക്കൽ ഷറഫുദീന്റെ മകൾ ആയിഷ (13) എന്നിവരാണു മരിച്ചത്. മറ്റൊരു വിദ്യാർത്ഥിനിക്കു പരുക്കേറ്റു.

ഡിസംബർ 12-ന് വൈകുന്നേരം നാലോടെ ക്രിസ്മസ് പരീക്ഷ കഴിഞ്ഞ് റോഡിന്റെ വലതുവശത്തുകൂടി നടന്നുപോകുകയായിരുന്നു കുട്ടികൾ. മരിച്ച നാലു പേരും കരിമ്പ സർക്കാർ സ്കൂളിലെ എട്ടാംക്ലാസ് വിദ്യാർത്ഥിനികളാണ്. മണ്ണാർക്കാട് ഭാഗത്തേക്കു പോയ സിമന്റ് ലോറിയാണു കുട്ടികളുടെ ദേഹത്തേയ്ക്കു മറിഞ്ഞത്. മറ്റൊരു ലോറി തട്ടിയതിനെത്തുടർന്ന് നിയന്ത്രണംവിട്ടു മറിയുകയായിരുന്നു. അപകടസ്ഥലത്ത് ചാറ്റൽമഴയുണ്ടായിരുന്നു. മുന്നിൽ പോയിരുന്ന കാറിൽ ഇടിക്കാതിരിക്കാൻ പെട്ടെന്നു ബ്രേക്ക് ചെയ്ത ലോറിയാണു തെന്നി സിമന്റ് ലോറിയിൽ ഇടിച്ചത്. സിമന്റ് ലോറി നിയന്ത്രണംവിട്ടു പാഞ്ഞുവരുന്നതുകണ്ട് ഒരുകുട്ടി ഓടിമാറി. മറ്റുള്ളവർക്ക് ഓടിമാറാൻ സാധിച്ചില്ല. അവരുടെ മുകളിലേക്കു ലോറി മറിയുകയായിരുന്നു. ഓടിയെത്തിയ നാട്ടുകാരാണു രക്ഷാപ്രവർത്തനം നടത്തിയത്. തുടർന്ന് അഗ്നിശമനസേനയും പോലീസും സ്ഥലത്തെത്തി മേൽനടപടികൾ സ്വീകരിച്ചു.

ലോറിക്കടിയിൽ അകപ്പെട്ട കുട്ടികളെ തച്ചമ്പാറയിലെയും മണ്ണാർക്കാട്ടെയും സ്വകാര്യ ആശുപത്രികളിൽ എത്തിച്ചെങ്കിലും മരിച്ചു. മൂന്നു കുട്ടികൾ സംഭവസ്ഥലത്തും ഒരു കുട്ടി ആശുപത്രിയിലേക്കു കൊണ്ടുപോകുന്നതിനിടെയുമാണു മരിച്ചത്.

വിദ്യാർത്ഥിനികളുടെ മൃതദേഹങ്ങൾ 13-ന് രാവിലെ 7.30 മുതൽ ഒരു മണിക്കൂർ കരിമ്പ സർക്കാർ സ്കൂളിൽ പൊതുദർശനത്തിനു വെച്ചു. തുടർന്നു സംസ്കാരത്തിനായി ബന്ധുക്കൾക്കു വിട്ടുകൊടുത്തു.

അപകടസ്ഥലത്ത് മൂന്നു മണിക്കൂറോളം ഗതാഗതം തടസ്സപ്പെട്ടു. നാട്ടുകാരുടെ പ്രതിഷേധത്തെത്തുടർന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി, കെ. ശാന്തകുമാരി എംഎൽഎ, രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ, ജില്ലാ കളക്ടർ ഡോ. എസ്. ചിത്ര, ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ സ്ഥലത്തെത്തി. അപകടത്തിൽപ്പെട്ട ലോറിയുടെ ഡ്രൈവർ മഹേന്ദ്ര പ്രസാദ്, ക്ലീനർ വർഗീസ് എന്നിവരെ പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

## വയനാട് ഉരുൾപൊട്ടൽ

# കേരളത്തോട് രക്ഷാപ്രവർത്തനത്തിന്റെ തുക ആവശ്യപ്പെട്ട് കേന്ദ്രം

തിരുവനന്തപുരം: വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് ഹെലികോപ്റ്റർ ഉൾപ്പെടെയുള്ളവ ഉപയോഗിച്ചുള്ള രക്ഷാപ്രവർത്തനത്തിനും ദുരിതാശ്വാസ പ്രവർത്തനത്തിനുമായി 13.65 കോടി രൂപ വേണമെന്നു കേരളത്തോടു കേന്ദ്രസർക്കാർ. വയനാട് ഉരുൾപൊട്ടൽ ദുരന്തമുണ്ടായ ജൂലൈ 30 മുതൽ ഓഗസ്റ്റ് പകുതി വരെ വിവിധ സേനാ വിഭാഗങ്ങളെ ഉപയോഗിച്ചുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും എയർ ലിഫ്റ്റിംഗ് വഴിയുള്ള രക്ഷാപ്രവർത്തനത്തിനുമായി 13.65 കോടി രൂപ നൽകണമെന്നാവശ്യപ്പെട്ടു കേന്ദ്ര പ്രതിരോധ മന്ത്രാലയം, സംസ്ഥാന ചീഫ് സെക്രട്ടറിക്കു കത്തു നൽകി.

2018-ലെ പ്രളയം മുതൽ വ്യോമസേന വിവിധ ഘട്ടങ്ങളിൽ കേരളത്തിനു നൽകിയ രക്ഷാപ്രവർത്തനത്തിന് 132.6 കോടി രൂപ കേരള സർക്കാർ, കേന്ദ്രത്തിനു നൽകാനുണ്ടെന്നും കത്തിൽ പറയുന്നു.

വയനാട് പുനർനിർമാണ പ്രവർത്തനങ്ങൾക്കു കേന്ദ്രസഹായം തേടി കേരളം തുടർച്ചയായി കത്തു നൽകുന്ന സാഹചര്യത്തിലാണ് രക്ഷാപ്രവർത്തനങ്ങളുടെ ഭാഗമായുള്ള എയർ ലിഫ്റ്റിംഗ് അടക്കമുള്ളവയ്ക്കു ചെലവായ തുക മടക്കി നൽകണമെന്ന് ആവശ്യപ്പെട്ടു കേന്ദ്രം, കേരളത്തിനു കത്തു നൽകിയത്.

ദുരന്തത്തിനു ശേഷമുള്ള പുനർനിർമാണത്തിനും പുനരധിവാസ പ്രവർത്തനങ്ങൾക്കുമായുള്ള പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്മെന്റ് റിപ്പോർട്ട് (പിഡിഎൻഎ) കേരളം സമർപ്പിക്കാത്ത സാഹചര്യത്തിലാണ് കേന്ദ്രത്തിന്റെ പ്രത്യേക സാമ്പത്തികസഹായ പാക്കേജ് പ്രഖ്യാപിക്കാത്തതെന്നാണ് ആഭ്യന്തരമന്ത്രി അമിത്ഷാ ഈയിടെ പാർലമെന്റിൽ അറിയിച്ചത്.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 1200 കോടിയുടെ പ്രാഥമിക സഹായം ആവശ്യപ്പെട്ട് ഓഗസ്റ്റ് 17-ന് കേരള സർക്കാർ ആദ്യനിവേദനം നൽകിയിരുന്നു.

പിന്നീട് നവംബർ 13-നാണ് പിഡിഎൻഎ റിപ്പോർട്ട് കേന്ദ്രത്തിനു സമർപ്പിക്കാനായത്. റിക്കവറി ആൻഡ് റീകൺസ്ട്രക്ഷൻ എസ്റ്റിമേറ്റായി മേപ്പാടിക്ക് 2,221 കോടി രൂപയും വിലങ്ങാടിന് 98.1 കോടി രൂപയും വേണമെന്നായിരുന്നു പിഡിഎൻഎ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നത്.

# മോസ്റ്റ് ഫേവേർഡ് നേഷൻ: ഇന്ത്യയെ ഒഴിവാക്കി സ്വിറ്റ്സർലൻഡ്

ന്യൂഡൽഹി: ഇരട്ട നികുതി ഒഴിവാക്കാൻ വ്യവസ്ഥ ചെയ്യുന്ന അധിക സൗഹൃദ പദവിയിൽ (മോസ്റ്റ് ഫേവേർഡ് നേഷൻ) സ്വിറ്റ്സർലൻഡ് ഇന്ത്യയെ ഒഴിവാക്കി. അധിക സൗഹൃദ പദവിയിൽനിന്ന് ഒഴിവാക്കിയതു സ്വിറ്റ്സർലൻഡിന്റെ ഇന്ത്യയിലേക്കുള്ള നിക്ഷേപത്തെ ബാധിക്കും. യൂറോപ്യൻ യൂണിയനിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ കമ്പനികൾക്ക് അധിക നികുതി വരുകയും ചെയ്യും. ഏതെങ്കിലും രാജ്യവുമായി ഇന്ത്യ വാണിജ്യക്കരാർ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ സാമ്പത്തിക സഹകരണ സംഘടനയിൽ ചേർന്നതുകൊണ്ടു മാത്രം അധിക സൗഹൃദരാജ്യ പദവി ലഭിക്കില്ലെന്നു സുപ്രീംകോടതി ഈയിടെ വിധിച്ചിരുന്നു. ഈ വിധിയുടെ അടിസ്ഥാനത്തിലാണു തീരുമാനമെടുത്തതെന്നു സ്വിസ് ധനകാര്യ വകുപ്പ് കഴിഞ്ഞ 11-ന് വ്യക്തമാക്കി.

# ഗുരുതര ആരോപണങ്ങളുള്ള ലൈംഗികാതിക്രമക്കേസുകൾ റദ്ദാക്കാനാവില്ലെന്ന് ഹൈക്കോടതി

കൊച്ചി: ഗുരുതര ആരോപണങ്ങളുള്ള ലൈംഗികാതിക്രമക്കേസുകളിൽ ഇര പരാതി പിൻവലിച്ചാലും കേസ് റദ്ദാക്കാനാവില്ലെന്ന് ഹൈക്കോടതി. മകളുടെ പരാതിയിൽ പിതാവിനെതിരെയെടുത്ത കേസ് റദ്ദാക്കണമെന്ന ഹർജിയിലാണ് ജസ്റ്റിസ് എ. ബദറുദ്ദീന്റെ നിർദേശം. ആറാംക്ലാസിൽ പഠിക്കുമ്പോഴാണ് സ്കൂളിലെ കൗൺസിലിംഗിനിടെ പെൺകുട്ടി പിതാവ് പീഡിപ്പിച്ചത് വെളിപ്പെടുത്തിയത്. പോക്സോ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടക്കവേ മകൾ പരാതി പിൻവലിക്കാൻ തയാറായി. തുടർന്ന് മകളുടെയും അമ്മയുടെയും മൊഴി കളവാണെന്ന് ചൂണ്ടിക്കാട്ടി പ്രതി ഹൈക്കോടതിയെ സമീപിച്ചെങ്കിലും ആരോപണം ഗുരുതരമായതിനാൽ വിചാരണ നേരിടണമെന്ന് കോടതി വ്യക്തമാക്കി.

ഇര സംഭവത്തിന്റെ ആഘാതത്തിൽ നിന്നും അതിജീവിച്ചാൽ പോലും കേസ് റദ്ദാക്കാനാകില്ലെന്നും റാംജി ലാൽ ബൈർവ ആൻഡ് സ്റ്റേറ്റ് ഓഫ് രാജസ്ഥാൻ കേസിൽ സുപ്രീംകോടതിയുടെ സമീപകാല വിധിയെ അടിസ്ഥാനമാക്കിയാണ് ജസ്റ്റിസ് എ. ബദറുദ്ദീന്റെ നിരീക്ഷണം. 15 വയസുള്ള വിദ്യാർത്ഥിനിയെ ലൈംഗികമായി പീഡിപ്പിച്ചെന്ന് ആരോപിച്ച് അദ്ധ്യാപകനെതിരായ നടപടികൾ റദ്ദാക്കിയ രാജസ്ഥാൻ ഹൈക്കോടതി വിധി സുപ്രീംകോടതി റദ്ദാക്കിയിരുന്നു. ലൈംഗികാതിക്രമവും മറ്റു നിരവധി കുറ്റകൃത്യങ്ങളും ആരോപിക്കപ്പെടുന്ന ഈ കേസിലും സുപ്രീംകോടതി വിധി ബാധകമാണെന്ന് കേരള ഹൈക്കോടതി വ്യക്തമാക്കി. പ്രായപൂർത്തിയാകാത്ത മകളെ മൂന്നു വർഷത്തിനിടെ നിരവധി തവണ ലൈംഗികമായി പീഡിപ്പിച്ചുവെന്നാണ് കേസ്. കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങളിൽനിന്നുള്ള സംരക്ഷണ നിയമത്തിലെ (പോക്സോ ആക്ട്) വിവിധ വകുപ്പുകൾ പ്രകാരമാണ് പ്രതിക്കെതിരെ കേസെടുത്തത്. വിചാരണയ്ക്കിടെ പെൺകുട്ടിയും അമ്മയും പിതാവിനെതിരെ തെളിവ് നല്കിയിരുന്നു. എന്നാൽ, പിന്നീടാണ് പിതാവിനെതിരെ പരാതിയില്ലെന്ന് പെൺകുട്ടി അറിയിച്ചത്. എന്നാൽ, ഗുരുതരമായ കേസുകൾ റദ്ദാക്കാനാകില്ലെന്നും പ്രതി വിചാരണ നേരിടണമെന്നും കോടതി വ്യക്തമാക്കി.

# സംവിധായകൻ ബാലചന്ദ്രകുമാർ അന്തരിച്ചു



ആലപ്പുഴ: കൊച്ചിയിൽ യുവനടി ആക്രമിക്കപ്പെട്ട സംഭവത്തിൽ നിർണായക വെളിപ്പെടുത്തലുകൾ നടത്തിയ പ്രധാന സാക്ഷിയും സംവിധായകനുമായ പി. ബാലചന്ദ്രകുമാർ (52) അന്തരിച്ചു. വൃക്കരോഗത്തെ തുടർന്ന് ചെങ്ങന്നൂരിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് അന്ത്യം. തിരുവനന്തപുരത്തെ വസതിയിലെത്തിച്ച മൃതദേഹം തൈക്കാട് ശാന്തികവാടത്തിൽ സംസ്കരിച്ചു.

നാലു വർഷമായി വൃക്കരോഗ ബാധിതനായിരുന്നു. ഒരു മാസമായി ഹൃദയസംബന്ധമായ അസുഖത്തെ തുടർന്ന് ചെങ്ങന്നൂരിലെ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഹൃദയശസ്ത്രക്രിയയ്ക്കു പിന്നാലെയുണ്ടായ അണുബാധയെത്തുടർന്നായിരുന്നു അന്ത്യം.

തിരുവനന്തപുരം തിരുപുറം മാങ്കൂട്ടം മാങ്കാല പടിപ്പുര വീട്ടിൽ പരേതരായ പുഷ്കരൻ നാടാർ– പങ്കജാക്ഷി ദമ്പതികളുടെ മകനാണ്. ഭാര്യ: ഷീബ. മക്കൾ: പങ്കജ് കൃഷ്ണ, ആക്ഷി കൃഷ്ണ.

# ഭരണപരിഷ്കാര കമ്മീഷൻ ശിപാർശകൾ നടപ്പാക്കുന്നു

തിരുവനന്തപുരം: വി.എസ്. അച്യുതാനന്ദൻ അദ്ധ്യക്ഷനായ ഭരണ പരിഷ്കാര കമ്മീഷന്റെ ശിപാർശകളിൽ നിന്നു സാദ്ധ്യമായവയെ തെരഞ്ഞെടുത്ത് നടപ്പാക്കാൻ സർക്കാർ തീരുമാനം. 111 ശിപാർശകളിൽ മുക്കാൽപങ്കും നടപ്പാക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. ഇതിനായി വിവിധ വകുപ്പുകളെ ചുമതലപ്പെടുത്തുകയും ചെയ്തു.

**നടപ്പാക്കാൻ തീരുമാനിച്ച കാര്യങ്ങൾ ഇവയാണ്:** ജോലി ചെയ്യുന്ന ഓഫീസിന് 15 കിലോമീറ്റർ ചുറ്റളവിനുള്ളിൽ ജീവനക്കാർ താമസിക്കണമെന്ന നിബന്ധന ഇളവുചെയ്തു 20 കിലോമീറ്ററായി വർദ്ധിപ്പിച്ചു. മെഡിക്കൽ ഓഫീസർമാരുടേത് 8 കിലോമീറ്ററിൽ നിന്ന് 10 കിലോമീറ്ററാക്കി. റവന്യൂ, പോലീസ്, ആരോഗ്യ, തദ്ദേശ, അഗ്നിരക്ഷാ വകുപ്പുകളിൽ ജോലി ചെയ്യുന്നവർക്ക് ഓഫീസ് വളപ്പിനുള്ളിലോ പരിസരങ്ങളിലോ താമസ സൗകര്യം ഒരുക്കും. ഇതിനായി പൊതുമരാമത്ത്, സാമൂഹിക നീതി, ധന വകുപ്പുകളെ ചുമതലപ്പെടുത്തി. ക്വാർട്ടേഴ്സുകളിൽ കുട്ടികൾക്കായി ഡേകെയർ സൗകര്യം ഒരുക്കും. ഫീൽഡിൽ പോയി ജോലി ചെയ്യേണ്ടിവരുന്ന എല്ലാ ഉദ്യോഗസ്ഥർക്കും ഇരുചക്രവാഹനം ലഭ്യമാക്കും.

സർക്കാർ ജീവനക്കാർക്കെതിരെ വകുപ്പുതല അന്വേഷണം ആരംഭിച്ചാൽ, ചെറിയ ശിക്ഷയുള്ള കേസുകളിൽ 6 മാസത്തിനുള്ളിലും വലിയ ശിക്ഷയ്ക്കു സാദ്ധ്യതയുള്ളവയിൽ ഒരു വർഷത്തിനകവും അന്വേഷണം പൂർത്തിയാക്കണം. ഉന്നത ഉദ്യോഗസ്ഥർക്ക് മാത്രമേ അന്വേഷണ കാലാവധി നീട്ടി നല്കാനാകൂ.

നടപടിയെടുക്കുന്ന ഉദ്യോഗസ്ഥന് തന്നെ നടപടിക്കു വിധേയനായ ആൾ അപ്പീൽ നല്കുന്നത് അവസാനിപ്പിക്കും. പകരം അപ്‌ലേറ്റ് അതോറിറ്റിക്ക് നേരിട്ട് അപ്പീൽ നല്കാം. വകുപ്പുതല അന്വേഷണത്തിന് ഒരാളെ നിയോഗിച്ചാൽ അയാൾ വിരമിച്ചാലല്ലാതെ ചുമതലയിൽ നിന്നു മാറ്റരുത്.

വിരമിക്കാനിരിക്കുന്നവരുടെ മാനസിക സംഘർഷം ലഘൂകരിക്കാനും വിരമിച്ച ശേഷമുള്ള ജീവിതം ആനന്ദകരമാക്കാനും ആവശ്യമായ കൗൺസിലിങ് നല്കും. വിരമിക്കുന്നതിന് പത്ത് മാസം മുൻപ് ഒഴിവുകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യാൻ സ്പാർക്സാഫ്റ്റ് വേർ ഉപയോഗിക്കും. അർപ്പണബോധത്തോടെ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് പാരിതോഷികം നല്കും.

ആരോഗ്യ പരിശോധന സർക്കാർ നേരിട്ടു നടത്തണോ അലവൻസ് കൈമാറിയാൽ മതിയോ എന്നതടക്കമുള്ള കാര്യങ്ങൾ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പരിശോധിക്കും.

# നാണിച്ചും നാണംകെട്ടും ഒരു സമൂഹം

(20–ാം പേജിൽനിന്നും)

അത് വെറും വിഡ്ഢിത്തമാണ്. ഇറച്ചിവെട്ടുകാരനെ തോല്പിക്കുന്ന ഡോക്ടേഴ്സും, കള്ളവാറ്റുകാരനേക്കാൾ 'തറ'യായ ഐ.എ.എസ്സുകാരനും, പെൺവാണിഭം നേരിട്ടു നടത്തുന്ന അഡ്വക്കേറ്റ്സും ഉണ്ട് എന്നത് ഒരു ദുഃഖസത്യമാണ്. അതൊക്കെയങ്ങു ക്ഷമിക്കാം. പക്ഷേ, കൈക്കൂലിയായി അര കിലോ ഉണക്കമീൻ കിട്ടിയാലും സസന്തോഷം സ്വീകരിക്കുന്ന ഉന്നതപോലീസ് ഓഫീസറും, സ്വന്തം വിദ്യാർത്ഥിയുടെ കവിത മോഷ്ടിച്ച പ്രൊഫസറും മറ്റും അവതരിപ്പിക്കുന്ന മോട്ടിവേഷൻ ക്ലാസ്സുകൾ കാണുമ്പോൾ ലജ്ജിക്കുക മാത്രമല്ല, ഈ ഭൂമി ഒന്നു പിളർന്ന് അന്തർധാനം ചെയ്യാൻ കഴിഞ്ഞെങ്കിൽ എന്നുവരെ ആശിച്ചു പോകും.

സാംസ്കാരിക രംഗത്തെ ഈ അപചയങ്ങളുടെയൊക്കെ യഥാർത്ഥ കാരണക്കാർ രാഷ്ട്രീയ നേതൃത്വം മാത്രമാണെന്നതിനു സംശയമില്ല. ഒടുങ്ങാത്ത ആർത്തിയും അടങ്ങാത്ത അധികാരമോഹവുമായി മുന്നേറുന്ന ഇവർക്ക് പ്രായഭേദങ്ങളൊന്നും ബാധകമല്ല. രണ്ടു കയ്യിലും അരക്കെട്ടിലും താങ്ങിപ്പിടിച്ചാണ് പല ഉന്നതനേതാക്കളെയും പാർട്ടി മീറ്റിംഗുകളിലേക്ക് കൊണ്ടുവരുന്നത്. കൈകാലുകൾ വിറച്ച്, തൊണ്ടയിൽ കഫം തടഞ്ഞ് വാക്കുകൾ കുരുങ്ങി, ആശയങ്ങൾ വ്യക്തമാക്കാൻ പോലും പാടുപെടുന്നവർ ആ കൂട്ടത്തിലുണ്ട്. തുപ്പൽ കോളാമ്പിയും സാനിട്ടറി ടവ്വലുകളുമായി അനുചരന്മാർ ചുറ്റും നിന്നു കഷ്ടപ്പെടുന്നതു കാണുമ്പോൾ സഹതാപമല്ല, ലജ്ജയാണു തോന്നുന്നത്. "എനിക്കു വയ്യാതായി മക്കളെ, ഇനി നിങ്ങളൊക്കെയാണു പ്രവർത്തിക്കേണ്ടത്. എനിക്കിനി അല്പം വിശ്രമമാണാവശ്യം" എന്നുപറഞ്ഞു പുതിയ തലമുറയ്ക്കു വഴി മാറിക്കൊടുക്കുവാൻ ആർജ്ജവത്വമുള്ള ഒരാറ്റ രാഷ്ട്രീയക്കാരനും ഇന്നില്ല. രണ്ടും മൂന്നും നേരം ഡയാലസിസ്സുമായി കഴിയുന്ന അർദ്ധപ്രാണരായ നേതാക്കൾ പോലും സ്വന്തം പാർട്ടി അവസാനമായി ഒന്നുകൂടി പിളർത്തി മക്കൾക്കും മരുമക്കൾക്കുമായി വീതിച്ചു നൽകുന്ന ജുഗുപ്സാവഹമായ കാഴ്ചകളാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.

ഒരായുഷ്കാലം മുഴുവൻ ജനവഞ്ചനയും ധനസമ്പാദനവുമായി കഴിഞ്ഞ ഇവരിൽ പലരും മരണശേഷം പോലും പൊതുജനങ്ങൾക്കു സ്വൈര്യം തരുന്നില്ല എന്നതാണ് ഏറ്റവും ശോചനീയം. അതിന്റെ ഏറ്റവും വലിയ നേർക്കാഴ്ചയാണ് വഴിനീളെ നെഞ്ചും വിരിച്ചു നിൽക്കുന്ന 'രാഷ്ട്രീയ പുണ്യവാള'ന്മാരുടെ പ്രതിമകൾ. കാലുമാറ്റത്തിൽ ഡോക്ടറേറ്റ് നേടിയവൻ മുതൽ സ്വന്തം കുഞ്ഞിനെ അമ്മത്തൊട്ടിലിൽ ഉപേക്ഷിച്ചവൻ വരെ അക്കൂട്ടത്തിലുണ്ടാകും. നമ്മെ നാമാക്കിയ നവോത്ഥാന നായകരുടെയും രക്തസാക്ഷികളായ വീരകേസരികളുടെയും ഒപ്പത്തിനൊപ്പം തലയുയർത്തി നിൽക്കാമെന്നുള്ളതാണ് ഈ പ്രതിമ നിർമ്മാണങ്ങളുടെ പിന്നിലുള്ള പ്രേരകശക്തി. കാരിരുമ്പായും സിറാമിക്കായും വെങ്കലമായും കോൺക്രീറ്റായും കവലകൾ തോറും നിരന്നു നിൽക്കുന്ന ഇവർക്ക് ജീവനുള്ള മനുഷ്യരേക്കാൾ നിയമപരിരക്ഷ ലഭിക്കുന്നു എന്നത് മറ്റൊരു നേട്ടം. ഒരുകാര്യം തീർച്ചയാണ്. നേരെ ചൊവ്വേ ഒരു എഫ്.ഐ.ആർ ഇട്ട് അന്വേഷണം നടത്തിയിരുന്നെങ്കിൽ ഈ ഞെളിഞ്ഞു നിൽക്കുന്നവരിൽ ചിലരെങ്കിലും ചുരുങ്ങിയ പക്ഷം ഒന്നോ രണ്ടോ ജീവപര്യന്തങ്ങൾ ഒരുമിച്ചനുഭവിക്കുവാൻ അർഹരാകുമായിരുന്നു. എന്തുചെയ്യാം. ഇവയൊക്കെ നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ തിരുശേഷിപ്പുകളായി വിലസി നിൽക്കുകയാണ്. ഇവയ്ക്കു മുമ്പിൽ നാണിച്ചു തലകുനിച്ചു നിൽക്കുവാൻ വേണ്ടി മാത്രം മലയാളികളായ നമ്മുടെ ജീവിതം ഇനിയും ബാക്കി.

# സൈബർ കുറ്റകൃത്യം

(23–ാം പേജിൽനിന്നും)

കേന്ദ്രങ്ങളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തും. ഇത്തരം പിഒഎസ് കേന്ദ്രങ്ങൾ വഴി കണക്ഷൻ എടുത്തവർ വീണ്ടും പരിശോധിച്ച് കൃത്യത ഉറപ്പിക്കലിന് വിധേയമാകേണ്ടിയും വരും. 2025 ജനുവരി 31–നു ശേഷം കൃത്യമായ വിവരങ്ങൾ ഇല്ലാതെ ഉപഭോക്താക്കളെ എൻറോൾ ചെയ്യുന്നത് പരിശോധനയിൽ പിടികൂടിയാൽ അവയ്ക്ക് ഓരോന്നിനും ബന്ധപ്പെട്ടവരിൽനിന്ന് 10 ലക്ഷം രൂപ വീതം പിഴ ചുമത്തും. ബൾക്ക് കണക്ഷൻ, സ്ഥാപനങ്ങളിലെ കോർപറേറ്റ് ബിസിനസ് കണക്ഷൻ എന്നിവ വഴി മൊബൈൽ ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്കും ഇനി മുതൽ വ്യക്തിഗത കെവൈസി സ്ഥിരീകരണം നിർബന്ധമാണ്.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

- ❑ Enclosing $ 200.00 for five years.
- ❑ Enclosing my subscription of $ 54.00 for one year.
- ❑ Enclosing my subscription of $99.00 for two years.
- ❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable

VISA MasterCard DISCOVER


Grace CONVENTION CENTER
Punnamoodu, Mavelikara
DESTINATION Wedding Package in KERALA
Rate : $ 25,000 /- (Dollars Only)
(This package Includes 500 pax - guest)
SERVICES
PHOTOGRAPHY
STAGE DECORATION
CATERING SERVICE:
(Kerala sadhya, Christian Meals, Dum Biriyani, North Indian Food)
FUSION, TALLMAN SECURITY,
PREMIUM CARS, ENTERTAINMENT
CHURCH CHOIR, ANCHORING
LED WALL, LIVE STREAMING
EVENTS
WEDDING PLANNING,
ENGAGEMENT
FUNERAL SERVICE,
BETROTHAL, BAPTISM,
BIRTHDAY PARTIES,
HOUSE WARMING
BUSINESS CONFERENCE
GET TOGETHER Etc;
Celebrate your Dreams With Us...
IMPERIAL BALLROOM
MAJESTIC BALLROOM
TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000
+91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR
GRACE
CONVENTION CENTER
Celebrate your Dreams with Us




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**